# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കണ്ണൂർ ജില്ലാ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി17/686/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 29/12/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണ്ണൂർ ജില്ലാ പഞ്ചായത്ത്

സർ,

വിഷയം : കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി17/686/2021 തീയ്യതി: 29/12/2021

## കണ്ണൂർ ജില്ലയിലെ കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-10-2019 മുതൽ 30-06-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 76 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 45 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രതീഷ് കുമാർ പി.എം. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 01-07-2020 | 07-12-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-07-2020 | 07-12-2020 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി രമണി കിഴക്കീൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി സിന്ധു ടി.പി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി റീന പിട്ടൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ഉഷ എ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.വിജോഷ് പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി നിഷ കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സുമതി ടി.ഒ., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. മനോഹരൻ സി.വി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. പ്രമോദ് കെ., ഓഡിറ്റർ
ശ്രീമതി രമ്യ ടി,. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീ.കെ.വി. സുമേഷ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ചന്ദ്രൻ വി. | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീ;ബിജോയ് കെ.എൻ. | എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 01-04-2019 | 31-03-2020 |
| ശ്രീമതി ഷെമി കെ. | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 01-04-2019 | 07-04-2019 |
| ശ്രീമതി രശ്മി എസ്. | അസി.എക്സി.എഞ്ചിനീയർ, എടക്കാട് ബ്ലോക്ക്, ഇൻചാർജ് | 08-04-2019 | 30-04-2019 |
| ശ്രീ.ബാലകൃഷ്ണൻ കെ.എം. | അസി.എക്സി.എഞ്ചിനീയർ, കണ്ണൂർ ബ്ലോക്ക്, ഇൻചാർജ് | 01-05-2019 | 31-05-2019 |
| ശ്രീമതി ഷെമി കെ. | അസി.എക്സി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 01-06-2019 | 28-07-2019 |
| ശ്രീമതി ജാൻസി | അസി.എക്സി.എഞ്ചിനീയർ | 29-07-2019 | 31-03-2020 |
| ശ്രീ.മോഹനൻ സി.കെ. | എക്സി.എഞ്ചിനീയർ, കൃഷി | 01-04-2019 | 31-03-2020 |
| ഡോ.കെ.നാരായണൻ നായിക് | ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2019 | 31-03-2020 |
| ഡോ.കെ.ആർ.ബിന്ദു | ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം.) | 01-04-2019 | 31-03-2020 |
| ഡോ.രാജീവൻ വി.കെ. | സൂപ്രണ്ട്, ജില്ലാ ആശുപത്രി (അലോപ്പതി) | 01-04-2019 | 31-03-2020 |
| ഡോ.കുമാരി ലൈല | സൂപ്രണ്ട് ജില്ലാ | 01-04-2019 | 23-06-2019 |

| | | | |
|---|---|---|---|
| | അയൂർവ്വേദ അശുപത്രി | | |
| ഡോ.മാത്യൂ കുരുവിള | സൂപ്രണ്ട് ജില്ലാ അയൂർവ്വേദ അശുപത്രി | 24-06-2019 | 25-06-2019 |
| ഡോ.കുമാരി ലൈല | സൂപ്രണ്ട് ജില്ലാ അയൂർവ്വേദ അശുപത്രി | 26-06-2019 | 30-07-2019 |
| ഡോ.മാത്യൂ കുരുവിള | സൂപ്രണ്ട് ജില്ലാ അയൂർവ്വേദ അശുപത്രി | 01-08-2019 | 16-08-2019 |
| ഡോ.കുമാരി ലൈല | സൂപ്രണ്ട് ജില്ലാ അയൂർവ്വേദ അശുപത്രി | 17-08-2019 | 04-09-2019 |
| ഡോ.പ്രീത | സൂപ്രണ്ട് ജില്ലാ അയൂർവ്വേദ അശുപത്രി | 05-09-2019 | 22-09-2019 |
| ഡോ.കുമാരി ലൈല | സൂപ്രണ്ട് ജില്ലാ അയൂർവ്വേദ അശുപത്രി | 23-09-2019 | 02-10-2019 |
| ഡോ.പ്രീത | സൂപ്രണ്ട് ജില്ലാ അയൂർവ്വേദ അശുപത്രി | 03-10-2019 | 30-10-2019 |
| ഡോ.ശ്രീലത പി.കെ. | സൂപ്രണ്ട് ജില്ലാ അയൂർവ്വേദ അശുപത്രി | 31-10-2019 | 05-11-2019 |
| ഡോ.സുധ ടി. | സൂപ്രണ്ട് ജില്ലാ അയൂർവ്വേദ അശുപത്രി | 06-11-2019 | 31-03-2020 |
| ഡോ.എ.ടി.സുരേഷ് | സൂപ്രണ്ട് ജില്ലാ ആശുപത്രി (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.സി.പി.പ്രസാദ് | ഡെപ്യൂട്ടി ഡയറക്ടർ (മൃഗസംരംക്ഷണം) | 01-04-2019 | 09-07-2019 |
| ഡോ.എം.പി.ഗിരീഷ് | ഡെപ്യൂട്ടി ഡയറക്ടർ (മൃഗസംരംക്ഷണം) | 10-07-2019 | 31-03-2020 |
| ഡോ.ജോൺസൺ പി.ജോൺ | സീനിയർ വെറ്റിനറി സർജൻ (ഗോട്ട് ഫാം) | 01-04-2019 | 02-09-2019 |
| ഡോ.ബീറ്റു ജോസഫ് | സീനിയർ വെറ്റിനറി സർജൻ (ഗോട്ട് ഫാം) | 03-09-2019 | 31-03-2020 |
| ശ്രീമതി ഷബീന എച്ച് | അസി.ഡയറക്ടർ, സ്റ്റേറ്റ് കോക്കനറ്റ് സീഡ് ഫാം, പാലയാട് | 01-04-2019 | 22-07-2019 |
| ശ്രീമതി അഷിത ആർ | അസി.ഡയറക്ടർ, സ്റ്റേറ്റ് | 23-07-2019 | 02-10-2019 |

| | | | |
|---|---|---|---|
| | കോക്കനറ്റ് സീഡ് ഫാം, പാലയാട് | | |
| ശ്രീമതി റാണി ടി.ജി. | അസി.ഡയറക്ടർ, സ്റ്റേറ്റ് കോക്കനറ്റ് സീഡ് ഫാം, പാലയാട് | 03-10-2019 | 30-11-2019 |
| ശ്രീ.വിഷ്ണു എസ്.നായർ | അസി.ഡയറക്ടർ, സ്റ്റേറ്റ് കോക്കനറ്റ് സീഡ് ഫാം, പാലയാട് | 01-12-2019 | 06-01-2020 |
| ശ്രീ.ബിജു ജോസഫ് | അസി.ഡയറക്ടർ, സ്റ്റേറ്റ് കോക്കനറ്റ് സീഡ് ഫാം, പാലയാട് | 07-01-2020 | 31-03-2020 |
| ശ്രീ.എം.ശ്രീകാന്തൻ | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | 01-04-2019 | 17-09-2019 |
| ശ്രീ.രമേഷ് കെ.കെ.ബി. | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | 18-09-2019 | 31-12-2019 |
| ശ്രീമതി ഷൈനി സി.കെ. | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | 01-01-2020 | 31-03-2020 |
| ശ്രീ.വിജയൻ എ | ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (ഡബ്ല്യു.എം.) | 01-04-2019 | 11-03-2020 |
| ശ്രീ.സുരേഷ് ആർ. | ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (ഡബ്ല്യു.എം.) | 12-03-2020 | 31-03-2020 |
| ശ്രീ.പീതാംബര ബാബു | ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (വൈ.പി.) | 01-04-2019 | 20-04-2019 |
| ശ്രീ.വിജയൻ എ.കെ. | ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (വൈ.പി.), ഇൻചാർജ് | 21-04-2019 | 16-05-2019 |
| ശ്രീ.പീതാംബര ബാബു | ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (വൈ.പി.) | 17-05-2019 | 31-07-2019 |
| ശ്രീ.വിജയൻ എ.കെ. | ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (വൈ.പി.) അധിക ച്ചുമതല | 01-08-2019 | 21-10-2019 |
| ശ്രീ.സുരേഷ് ആർ. | ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (വൈ.പി.) | 22-10-2019 | 19-12-2019 |
| ശ്രീ.സുരേഷ് ആർ | ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (വൈ.പി.) | 20-12-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി ജാകിലിൻ ഷൈനി ഫർണ്ണാണ്ടസ് | പ്രോജക്ട് ഓഫീസർ, ഐ.ടി.ഡി.പി. | 01-04-2019 | 31-03-2020 |
| ശ്രീമതി നിർമ്മലാ ദേവി ടി.പി. | ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം | 01-04-2019 | 29-02-2020 |
| ശ്രീ.സനകൻ പി.വി. | ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം | 01-03-2020 | 31-03-2020 |
| ശ്രീമതി രാജശ്രീ മേനോൻ | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | 01-04-2019 | 31-03-2020 |
| ശ്രീ.സാഹിൽ മുഹമ്മദ് | മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | 01-04-2019 | 22-08-2019 |
| ശ്രീ.ബലരാജൻ | മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | 23-08-2019 | 27-11-2019 |
| ശ്രീ.സാഹിൽ മുഹമ്മദ് | മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | 28-11-2019 | 24-02-2020 |
| ശ്രീ.സജിത് കുമാർ കെ. | മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | 25-02-2020 | 31-03-2020 |
| ശ്രീ.വിജയൻ കെ. | ഹെഡ് മാസ്റ്റർ, ഫിഷറീസ് സ്കൂൾ | 01-04-2019 | 31-05-2019 |
| ശ്രീ.രൂപേഷ് കെ.ബി. | ഹെഡ് മാസ്റ്റർ, ഫിഷറീസ് സ്കൂൾ | 01-06-2019 | 31-03-2020 |
| ശ്രീ.മുരളീധരൻ പി.ഒ. | പ്രിൻസിപ്പാൾ, എച്ച്.എസ്.എസ്. ചെറുകുന്ന് | 01-04-2019 | 31-03-2020 |
| ശ്രീ.പുരുഷോത്തമൻ വി. | സൂപ്രണ്ട്, ടെയിലറിംഗ് ആന്റ് ഗാർമെന്റ് മേക്കിംഗ്, തോട്ടട | 01-04-2019 | 31-03-2020 |
| ശ്രീ.പ്രതീഷ് കെ. | സൂപ്രണ്ട്, ടെയിലറിംഗ് ആന്റ് ഗാർമെന്റ് മേക്കിംഗ്, നെരുവമ്പ്രം | 01-04-2019 | 31-03-2020 |
| ഡോ.എം.സുർജിത്ത് | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കുടുംബശ്രീ | 01-04-2019 | 31-03-2020 |
| ശ്രീ.കെ.കെ.ഷാജു | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ.നാരായണൻ പി.പി. | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 01-04-2019 | 19-11-2019 |
| ശ്രീ.പവിത്രൻ തൈക്കണ്ടി | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 20-11-2019 | 31-03-2020 |
| ശ്രീമതി ഇന്ദിര എ.ജി. | അസി. പ്രോജക്ട് ഓഫീസർ, പി.&എം. | 01-04-2019 | 31-03-2020 |
| ശ്രീമതി ബിന്ദു സി.എ. | ജില്ലാ ഓഫീസർ, വനിതാ ശിശുക്ഷേമം | 01-04-2019 | 23-09-2019 |
| ശ്രീമതി സുലജ പി. | ജില്ലാ ഓഫീസർ, വനിതാ ശിശുക്ഷേമം | 24-09-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: Remani Kizhakkeel (Audit Officer, On 16-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-2 |
| 3 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: Harish Kumar M.V (Computer Assistant, On 29-12-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം(റസീറ്റ് & പേമെന്റ് പത്രിക പ്രകാരം)<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-5 |
| 7 | ക്യാഷ് പരിശോധന<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-6 |
| 8 | ആഭ്യന്തരനിയന്ത്രണം<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-7 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-8 |
| 10 | രസീത് ബുക്ക് പരിശോധന-അപാകങ്ങൾ<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-9 |
| 11 | ജില്ലാ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ചട്ടുകപ്പാറ വനിതാ വ്യവസായ എസ്റ്റേറ്റിലെ കെട്ടിട മുറികളുടെ വാടക ഈടാക്കിയിട്ടില്ല<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-10 |
| 12 | ഡെപ്പോസിറ്റ് രജിസ്റ്റർ/ അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-11 |
| 13 | പലിശ സൂക്ഷിക്കുന്നതിനു മാത്രമായി ബാങ്ക് അക്കൗണ്ട്<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-12 |
| 14 | ഷീ ഷെൽട്ടർ തുടർ നടത്തിപ്പ് - രേഖകൾ ഹാജരാക്കാത്തതിനാൽ 55835/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-13 |
| 15 | ജലം സുലഭം പദ്ധതി - രേഖകൾ ഹാജരാക്കിയില്ല - 4,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-14 |
| 16 | നെരിപ്പോട്ടക്കരി പച്ചക്കറി ക്ലസ്റ്ററിന് ജലസേചനം- കീഴല്ലൂർ | 1-15 |

| | | |
|---|---|---|
| | ഗ്രാമപഞ്ചായത്തിന് ധനസഹായം- രേഖകൾ ഹാജരാക്കിയില്ല. -ചെലവ് തുകയായ 4,50,000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | |
| 17 | കാട്ടാമ്പള്ളി ചിറ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചില്ല. ചെലവ് തുകയായ 150357/- തടസ്സപ്പെടുത്തുന്നു.<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-16 |
| 18 | കുടിവെള്ള പദ്ധതികൾക്ക് ഗ്രാമ പഞ്ചായത്തുകൾക്ക് ധനസഹായം -പദ്ധതി നിർവ്വഹണ രേഖകൾ ഹാജരാക്കിയില്ല-12,50,000/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-17 |
| 19 | ആധുനിക ശ്മശാനങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനും ഗ്രാമ പഞ്ചായത്തുകൾക്ക് ധനസഹായം.25,00,000/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-18 |
| 20 | സയൻസ് പാർക്കിലേക്ക് ജനറേറ്റർ വാങ്ങൽ-പദ്ധതി പൂർത്തീകരിച്ചില്ല. ചെലവ് തുക 4,58,500/- തടസ്സപ്പെടുത്തുന്നു.<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-19 |
| 21 | നെല്ലിയോട്ട് കുടിവെള്ള പദ്ധതി - പൂർത്തീകരിച്ചില്ല. രേഖകൾ ഹാജരാക്കിയില്ല.ചെലവ് തുകയായ 43,309/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-20 |
| 22 | ജില്ലാ പഞ്ചായത്ത് ഓഫീസിലെയും എഞ്ചിനീയറിംഗ് വിംഗിലെയും കമ്പ്യൂട്ടറുകൾക്കും യുപിഎസിനും വാർഷിക അറ്റകുറ്റ പണി. - സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-21 |
| 23 | വിത്ത് വിൽപന യന്ത്രങ്ങൾ സ്ഥാപിക്കൽ - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-22 |
| 24 | കോക്കനട്ട് നഴ്സറി പാലയാട് - രേഖകൾ/കണക്ക് സൂക്ഷിപ്പിലെ അപാകങ്ങൾ 306243 രൂ.തടസ്സപ്പെടുത്തുന്നു.<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-23 |
| 25 | പുഷ്പ കൃഷി - സർക്കാർ നിർദ്ദേശം പാലിക്കാത്തതും ഗുണഭോക്തൃ വിഹിതം അടവാക്കാത്തതും<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-24 |
| 26 | നെൽകൃഷിക്ക് കൂലി ചെലവ് -വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് ധനസഹായം അനുവദിച്ചത് - വിനിയോഗ വിവരം ലഭ്യമാക്കാത്തതും , മറ്റ് അപാകങ്ങളും .<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-25 |
| 27 | പച്ചക്കറി കൃഷിക്ക് കൂലി ചെലവ് - ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകിയത് - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല .<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-26 |

| | | |
|---|---|---|
| 28 | ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ തുകകളുടെ വിനിയോഗസാക്ഷ്യപത്രം ,മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-27 |
| 29 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് , ബഡ്സ് സ്കൂളുകളുകൾക്ക്ധനസഹായം എന്നീ പദ്ധതികളുടെ ചെലവ് രേഖകൾ മുഴുവനായി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടല്ല- ചെലവ് തുക 2,16,81,291/-രൂപ തടസ്സത്തിൽ വെക്കുന്നു.<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-28 |
| 30 | അംഗ പരിമിതരുടെ കലാകായിക അഭിരുചി പ്രോത്സാഹനം - 1000/-രൂപയിൽ കൂടുതലുള്ള ചെലവ് തുകകൾ പണമായി നൽകുന്നത് ഒഴിവാക്കേണ്ടതാണ്<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: Harish Kumar M.V (Computer Assistant, On 29-12-2021) | 1-29 |
| 31 | ജില്ലാ പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിൽ ക്ലീനിംഗ് കിറ്റ് വിതരണം- വിതരണ രേഖകൾ പൂർണ്ണമായി ഹാജരാക്കിയിട്ടില്ല-ചെലവ് തുക 2,96,637/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-30 |
| 32 | വിദ്യാലയങ്ങളിൽ കംപ്യൂട്ടർ വിതരണം - ചട്ടപ്രകാരമുള്ള വാങ്ങൽ നടപടിക്രമം പാലിച്ചിട്ടില്ല, കംപ്യൂട്ടർ മുഴുവനായി വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല - ചെലവ് തുക ₹29,95,020/- തടസ്സപ്പെടുത്തുന്നു.<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-31 |
| 33 | എക്സറേ ഡിജിറ്റലൈസർ വാങ്ങൽ- അപാകങ്ങൾ.<br>Written By: Remani Kizhakkeel (Audit Officer)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-32 |
| 34 | വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയമായ രോഗികൾക്ക് മരുന്ന് വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: Sindhu T P (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-33 |
| 35 | അഗതി രഹിത കേരളം - വിവിധ ഗ്രാമ പഞ്ചായത്തുകൾ ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല<br>Written By: Sindhu T P (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-34 |
| 36 | ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി &എം) - വിവിധ പദ്ധതികളുടെ വിനിയോഗ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല<br>Written By: Sindhu T P (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-35 |
| 37 | ജി.ഐ.എഫ്.ഡി തോട്ടട -കംപ്യൂട്ടറും ,അനുബന്ധ ഉപകരണങ്ങളും ലഭ്യമായിട്ടില്ല.<br>Written By: Sindhu T P (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-36 |
| 38 | ന്യുമാഹി പാർക്ക് നിർമ്മാണം,ആറളം പൈതൃകഗ്രാമം പദ്ധതി ഒന്നാം നില കെട്ടിടനിർമ്മാണം എന്നിവയുടെ വർക്ക് ബിൽ, എം ബുക്ക് എന്നിവ ഹാജരാക്കിയിട്ടില്ല -ചെലവ് തുക 1,20,00,000/- രൂപ തടസ്സത്തിൽ | 1-37 |

| | | |
|---|---|---|
| | വെക്കുന്നു.<br>Written By: Sindhu T P (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | |
| 39 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആർച്ചറി പരിശീലനം - അപാകങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-38 |
| 40 | ആധുനിക അറവുശാല നിർമ്മാണം- സാക്ഷ്യപത്രങ്ങൾ ലഭ്യമായില്ല. 4,43,184/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Sindhu T P (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-39 |
| 41 | സി.എസ്.ആർ ഫണ്ട് ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Remani Kizhakkeel (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-40 |
| 42 | ജില്ലാ കൃഷിത്തോട്ടം പ്രവേശന കവാടം-മരാമത്ത് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ചില്ല<br>Written By: Remani Kizhakkeel (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-41 |
| 43 | അങ്ങാടിക്കടവ് ബാലൻകരി റോഡ് പുനരുദ്ധാരണം -അയ്യൻകുന്ന് ഗ്രാമ പഞ്ചായത്ത് -വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവ് തുക 1389596/- തടസ്സപ്പെടുത്തുന്നു.<br>Written By: Remani Kizhakkeel (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-42 |
| 44 | പായം കരിയാൽ കോടംബ്രം റോഡ് പുനരുദ്ധാരണം -പായം ഗ്രാമപഞ്ചായത്ത്-ഒരേ റോഡ് രണ്ട് പദ്ധതിയിലും ഉൾപ്പെടുത്തി നടപ്പിലാക്കി - രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ 3511179/- തടസ്സപ്പെടുത്തുന്നു.<br>Written By: Remani Kizhakkeel (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-43 |
| 45 | അരിമ്പ്ര കണ്ടക്കൈ മുക്കാടം റോഡ്- ചെങ്ങളായി ഗ്രാമപഞ്ചായത്ത്- പദ്ധതിയിൽ ഉൾപ്പെടുത്താതെ തുക ചെലവഴിച്ചതും മറ്റ് അപാകങ്ങളും<br>Written By: Remani Kizhakkeel (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-44 |
| 46 | പ്ലസ് ടു സ്കൂൾ കോംപ്ലക്സ് കെട്ടിട നിർമ്മാണം- പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ - 4,00,00,000/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Remani Kizhakkeel (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-45 |
| 47 | ജില്ലാ പഞ്ചായത്ത് ഓഫീസ് മൂന്നാം നില നിർമ്മാണം- പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ.<br>Written By: Remani Kizhakkeel (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-46 |
| 48 | പൂർത്തീകരിക്കാത്ത കുടിവെള്ള പദ്ധതികൾ<br>Written By: Remani Kizhakkeel (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-47 |
| 49 | കെട്ടിടം പൊളിച്ചു മാറ്റിയത്- രേഖകൾ ഹാജരാക്കേണ്ടതാണ്.<br>Written By: Remani Kizhakkeel (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-48 |
| 50 | കേരള പൊതു മരാമത്ത് വകുപ്പ് മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്.<br>Written By: Remani Kizhakkeel (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-49 |

| | | |
|---|---|---|
| 51 | കണിച്ചാർ കുന്നേൽ കവല നെല്ലിക്കുന്ന് അമ്പലം റോഡ്-കൃത്യമായ പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കി<br>Written By: Sindhu T P (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-50 |
| 52 | കയ്യങ്കോട് വള്ളുവൻ കടവ് റോഡ് റീടാറിംഗ്-കൊളച്ചേരി ഗ്രാമപഞ്ചായത്ത്-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ -309173/-രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു<br>Written By: Sindhu T P (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-51 |
| 53 | ക്വാളിറ്റി കൺട്രോൾ ലാബ്- പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കേണ്ടതാണ്.<br>Written By: Sindhu T P (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-52 |
| 54 | റോഡുകളുടെ സ്ഥിതി വിവരക്കണക്കുകൾ നിരീക്ഷിക്കുന്നതിനുള്ള ഫലപ്രദമായ സംവിധാനം നിലവിലില്ല-ഓവർലാപ്പിംഗിന് സാധ്യത<br>Written By: Sindhu T P (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-53 |
| 55 | റോഡ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തിയിട്ടില്ല<br>Written By: Sindhu T P (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-54 |
| 56 | ഇ ടെണ്ടർ - ടെണ്ടർ ഫീസ് , ജി എസ് ടി - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല<br>Written By: Sindhu T P (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-55 |
| 57 | ജി വി എച്ച് എസ് എസ് ഇടയന്നൂർ - ആർ എം എസ് എ സഹായത്തോടെ സ്കൂൾ കെട്ടിട നിർമ്മാണം - അപാകങ്ങൾ<br>Written By: Sindhu T P (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-56 |
| 58 | പൂവം കല്യാട് റോഡ് - പദ്ധതി നിർവ്വണത്തിലെ അപാകങ്ങൾ-859087/-രൂപ തടസത്തിൽ വെക്കുന്നു, 12138/- രൂപ തിരിച്ച് പിടിക്കേണ്ടതാണ്.<br>Written By: Sindhu T P (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 1-57 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 09-04-2021)<br>Last Updated By: P.S.Sabu (Deputy Director, On 29-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Remani Kizhakkeel (Audit Officer, On 09-04-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 09-04-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Remani Kizhakkeel (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Remani Kizhakkeel (Audit Officer, On 09-04-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 29-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Remani Kizhakkeel (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 09-04-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 09-04-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Remani Kizhakkeel (Audit Officer, On 09-04-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 28-12-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

11-02-19 ലെ തീയതിയിലെ 11/2019(1)നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 23.03-2020 തീയതിയിലെ 30/20 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| വർഷം | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 9,80,46,000 | 9,80,46,000 |
| വരവ് | 118,28,21,000 | 125,33,26,700 |
| ആകെ | 128,08,67,000 | 135,13,72,700 |
| ചെലവ് | 120,36,26,000 | 124,88,46,700 |
| നീക്കിയിരിപ്പ് | 7,72,41,000 | 10,25,26,000 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-07-2020 | 22-06-2020 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക കണക്കിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. രജിസ്റ്റർ പ്രകാരം Rent Receivable From Buildings (Current) എന്ന ഇനത്തിൽ വരവ് 42,27,027/- രൂപയാണ്. എന്നാൽ R P -43 പ്രകാരം വരവായി കാണിച്ചിരിക്കുന്നത് 42,50,547/- രൂപയാണ്.

2.ജോയിൻറ് വെഞ്ച്വർ പ്രോജക്ടിനു വേണ്ടി തൻവർഷം വരവ് വന്ന തുക 2,05,000/- രൂപയാണ്. എന്നാൽ ലഡ്ജർ അക്കൗണ്ട് പ്രകാരമുള്ള വരവ് /ചെലവ് 2,85,000 /- രൂപയാണ്.

3. എ ബി സി പ്രോജക്ടിനു വേണ്ടി തൻവർഷം ലഭിച്ച തുക 100000/- രൂപ, മുന്നിരിപ്പ് 72,34,000/- രൂപ, ആകെ 7334000/- രൂപ (ചെലവില്ല)-രൂപ എന്നാൽ B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ്-74,34,000/- രൂപ.

4. RP-4, RP-5, RP-6 എന്നിവ പ്രകാരമുള്ള വരവ് തുകകൾ പരിശോധിക്കുവാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.
5.ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക ബി.4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല

6.അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കാത്തതിനാൽ B-7, B-18 എന്നിവ പ്രകാരമുള്ള തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

7.B-4 ഷെഡ്യൂൾ പ്രകാരമുള്ള ആകെ ബാലൻസ് തുകയും B-17 പ്രകാരമുള്ള ആകെ ബാലൻസ് തുകയും പൊരുത്തപ്പെടുന്നില്ല.

8.RP-47 Loans/Advance/Deposits ഷെഡ്യൂളിൽ തനത് ഫണ്ടിൽ നിന്നും അനുവദിച്ച തുകകൾ മാത്രമാണ് ഉൾപെടുത്തിയിരിക്കുന്നത്.
9.പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം ബാലൻസ് ഷീറ്റിൽ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല.
10. പ്രധാനപ്പെട്ട അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പ് എന്നിവ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം(റസീറ്റ് & പേമെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 18,85,95,260.60 |
| വരവ് | 63,00,61,983.00 |
| ആകെ | 81,86,57,243.60 |
| ചെലവ് | 69,19,54,603.00 |
| നീക്കിയിരിപ്പ് | 12,67,02,640.60 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം, ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13,744.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9,40,99,411 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 477458000 | 477458000 | 217631115 | 259826885 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 33479400 | 33479400 | 12960440 | 20518960 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 30557000 | 30557000 | 6416281 | 24140719 |
| മെയിന്റനൻസ്, റോഡ് | 0 | 473460000 | 473460000 | 192627184 | 280832816 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 90827000 | 90827000 | 57316678 | 33510322 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് * | 3859778 | 1338777 | 5198555 | 500000 | 4698555 |
| തനത് ഫണ്ട് (ടി എസ് ബി) | 110594115 | 36848833 | 147442948 | 126956228 | 20486720 |
| മറ്റിനം (ഗുണഭോക്തൃ വിഹിതം) | 2454021 | 850009 | 3304030 | 291906 | 3012124 |
| എസ്.ബി.ഐ | 66984530 | 51696960 | 118681489.60 | 53320763 | 65360726.60 |

*പ്രത്യേകമായി എ സി ആർ സൂക്ഷിക്കാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. (ഖണ്ഡിക 1-9 കാണുക). ലഭ്യമാക്കിയ വിവരമാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | അടങ്കൽ തുക | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 897 | 389 | 1913285600 | 572832548 | 463 | 45 | 43.36 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 33 | 22 | 322577434 | 47142732 | 14.6 |
| 2 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 30 | 15 | 39902418 | 9236670 | 23.15 |
| 3 | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 677 | 226 | 992467984 | 313001969 | 31.53 |
| 4 | കൃഷി അസി.ഡയറക്ടർ സ്റ്റേറ്റ് സീഡ് ഫാം | 2 | 2 | 2000000 | 1315622 | 65.78 |
| 5 | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ(കൃഷി) | 18 | 8 | 28080269 | 5734062 | 20.42 |
| 6 | ഫാം സൂപ്രണ്ട് ജില്ലാ കൃഷിത്തോട്ടം | 5 | 3 | 19000000 | 6468945 | 34.05 |
| 7 | കൃഷി അസി.ഡയറക്ടർ തെങ്ങിൻ തൈ ഉൽപ്പാദന കേന്ദ്രം | 1 | 1 | 4000000 | 2868166 | 71.70 |
| 8 | ഡെ.ഡയറക്ടർ കൃഷി | 11 | 8 | 70385295 | 14831821 | 21.07 |
| 9 | ഡെ.ഡയറക്ടർ മൃഗ സംരക്ഷണം | 7 | 5 | 13491485 | 2720916 | 20.16 |
| 10 | സീനി.വെറ്റിനറി സർജൻ ഗോട്ട് ഫാം | 1 | 1 | 1200000 | 933142 | 77.76 |
| 11 | സൂപ്രണ്ട് ജില്ലാ ആശുപത്രി (ആയുർവ്വേദം) | 6 | 3 | 12030000 | 5956697 | 49.51 |

| | | | | | | |
|---|---|---|---|---|---|---|
| 12 | സൂപ്രണ്ട് ജില്ലാ ആശുപത്രി | 9 | 6 | 38662829 | 27945037 | 72.27 |
| 13 | ചീഫ് മെഡിക്കൽ ഓഫിസർ ജില്ലാ ആശുപത്രി (ഹോമിയോ) | 4 | 3 | 3300000 | 2007255 | 60.82 |
| 14 | ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി) | 4 | 3 | 11406520 | 10408906 | 91.25 |
| 15 | ജില്ലാ മെഡിക്കൽ ഓഫീസർ ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ | 1 | 1 | 2000000 | 1700000 | 85 |
| 16 | പ്രിൻസിപ്പാൾ ഹയർ സെക്കന്ററി സ്കൂൾ | 2 | 2 | 1450000 | 1447974 | 99.8 |
| 17 | പ്രോജക്ട് ഓഫീസർ ഐ ടി ഡി പി | 7 | 2 | 14900000 | 1164122 | 7.8 |
| 18 | കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർ | 6 | 3 | 12880000 | 5399006 | 41.92 |
| 19 | ജില്ലാ പട്ടിക ജാതി വികസന ഓഫീസർ | 10 | 3 | 39030000 | 4745000 | 12.15 |
| 20 | ഡെ.ഡയറക്ടർ ഫിഷറീസ് | 2 | 1 | 4500000 | 800000 | 17.7 |
| 21 | ഡെ. ഡയറക്ടർ ഡയറീസ് | 3 | 2 | 31926997 | 7210257 | 22.58 |
| 22 | മാനേജർ ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ | 1 | 1 | 5000000 | 3216933 | 64.33 |
| 23 | ജില്ലാ ശിശു വികസന ഓഫീസർ | 7 | 1 | 8225210 | 45810 | 0.5 |
| 24 | ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ | 9 | 6 | 60250000 | 34009772 | 56.45 |
| 25 | ഡെ.ഡയറക്ടർ പൊതു വിദ്യാഭ്യാസം | 8 | 16 | 42387635 | 12718013 | 30 |
| 26 | സൂപ്രണ്ട്, ടെയിലറിംഗ് & ഗാർമെന്റ് മേക്കിംഗ് സെന്റർ | 3 | 3 | 876760 | 793511 | 90.50 |
| 27 | അസി.പ്രോജക്ട് ഓഫീസർ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് | 7 | 7 | 108663488 | 32609072 | 30 |
| 28 | ജില്ലാ സോയിൽ കൺസർവ്വേഷൻ ഓഫീസർ | 2 | 2 | 3420000 | 714913 | 20.90 |
| 29 | വനിതാ വികസന ഓഫീസർ | 5 | 2 | 11350000 | 311259 | 2.74 |
| 30 | ഹെഡ് മാസ്റ്റർ, ഫിഷറീസ് സ്കൂൾ | 2 | 2 | 283676 | 174966 | 61.67 |
| | | 897 | 389 | 1913285600 | 572832548 | 29.93 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ -

ഇല്ല

നടപ്പ് വർഷത്തിൽ അഗീകാരം ലഭിച്ച 897 പ്രോജക്ടുകളിൽ 389 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. 463 പ്രോജക്ടുകൾ ഭാഗികമായി നടപ്പിലാക്കി. 45 പ്രോജക്ടുകൾ നടപ്പിലാക്കിയില്ല. പദ്ധതി ചെലവ് കേവലം 43% മാത്രമാണ്. പദ്ധതി

വിഹിതം ഇനത്തിൽ അനുവദിച്ച 110.57 കോടി തുകയിൽ 55.35 കോടി രൂപ ചെലവഴിക്കാതെ പാഴായി. നടപ്പിലാക്കിയ 389 പ്രോജക്ടുകളിൽ 112 എണ്ണം മാത്രമാണ്പുതിയ പ്രോജക്ടുകൾ.

വർക്കിംഗ് ഗ്രൂപ്പുകൾ

വിവിധ വിഷയങ്ങളിലായി 14 വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. നടപ്പു വർഷത്തെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ യോഗങ്ങൾ ചേർന്നിട്ടുണ്ടെങ്കിലും പല വർക്കിംഗ് ഗ്രൂപ്പ് യോഗ മിനുട്സുകളിലും അദ്ധ്യക്ഷൻ തീരുമാനങ്ങൾക്ക് ചുവടെ ഒപ്പ് വെച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇത്തരം അപാകങ്ങൾ പരിഹരിക്കപ്പെടേണ്ടതാണ്.

മോണിറ്ററിംഗ് കാര്യക്ഷമമല്ല

പദ്ധതി മാർഗ്ഗരേഖ പ്രകാരം പദ്ധതി മോണിറ്ററിങ്ങ് അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. എന്നാൽ ജില്ലാ പഞ്ചായത്ത് തൻ വർഷം നടപ്പിലാക്കിയ പദ്ധതികളൊന്നും തന്നെ മോണിറ്ററിംഗിനു വിധേയമായിട്ടില്ല. ആയതിനാൽ നടപ്പിലാക്കിയ പദ്ധതികൾ എത്രത്തോളം ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടുണ്ട് എന്ന് വിലയിരുത്തുവാൻ സാധിച്ചിട്ടില്ല.

പദ്ധതി ഫണ്ട് വിനിയോഗം -55 കോടി രൂപ പാഴായി

തൻവർഷം പദ്ധതി ചെലവുകൾക്കായിഅനുവദിച്ച തുകയിൽ 49.93% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 61.8 കോടി രൂപ ചെലവഴിക്കാതെ പാഴായി. ഇതിൽ 6.52 കോടി രൂപയുടെ (65262659/-) ക്യൂ ബില്ലുകളും ഉൾപ്പെടുന്നു. പദ്ധതി ആസൂത്രണം, നിർവ്വഹണം എന്നീ ഘട്ടങ്ങളിൽ വേണ്ടത്ര കാര്യക്ഷമതയോടെ പ്രവർത്തിക്കാത്തതാണ് ഇത്തരത്തിൽ ഫണ്ട് നഷ്ടമാകുവാൻ കാരണമായതെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 477458000 | 217631115 | 259826885 |
| വികസന ഫണ്ട്-എസ്.സി.പി | 33479400 | 12960440 | 20518960 |
| വികസന ഫണ്ട്-ടി.എസ്.പി | 30557000 | 6416281 | 24140719 |
| മെയിന്റനൻസ്, റോഡ് | 473460000 | 192627184 | 280832816 |
| മെയിന്റനൻസ്, നോൺ-റോഡ് | 90827000 | 57316678 | 33510322 |
| ആകെ | 1105781400 | 486951698 | 618829702 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-10-20 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23,139/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

2019-20 സാമ്പത്തിക വർഷം ജീവനക്കാരുടെ പ്രതിമാസ മീറ്റിംഗ് 8 തവണ വിളിച്ച് ചേർക്കുകയും ഓഫീസ് പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തിട്ടുണ്ട്. എല്ലാ മാസങ്ങളിലും മീറ്റിംഗ് വിളിച്ച് ചേർക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. തൻവർഷവും ഭരണസമിതി മിനുട്സ് സകർമ്മ സോഫ്റ്റ് വെയറിലൂടെ തയ്യാറാക്കിയിട്ടില്ല. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കുറ്റമറ്റതല്ല.

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കാത്തത് പ്രധാന പോരായ്മയാണ്. ജില്ലാ പഞ്ചായത്തിന്റെ വിവിധ മരാമത്ത് പ്രവൃത്തികൾ നിർവ്വഹണ ഏജൻസിയായ നിർമ്മിതി കേന്ദ്ര, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിഎന്നിവ മുഖാന്തിരം നടത്തി വരുന്നുണ്ട്. കോടിക്കണക്കിനു രൂപ മൊബിലൈസേഷൻ അഡ്വാൻസായി നൽകി വരുന്നു. എന്നാൽ അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഇതു സംബന്ധിച്ച യഥാർത്ഥ ചിത്രം മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല. വരവിനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന ഇൻകം രജിസ്റ്റർ ഉത്തരവാദപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19-06-18 | 2015-16<br>2017-18 | 06-05-2019 |
| പെർഫോമൻസ് ഓഡിറ്റ് | 06-03-20 | 2019-20 | - |

## 1-9 രസീത് ബുക്ക് പരിശോധന-അപാകങ്ങൾ

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം അധ്യായം 3- ലെ ചട്ടം 23 പാലിക്കാതെയാണ് സയൻസ് പാർക്ക് കണ്ണൂർ, സ്റ്റേറ്റ് സീഡ് ഫാം കാങ്കോൽ എന്നീ സ്ഥാപനങ്ങളുടെ ദൈനംദിന കളക്ഷനുകൾ ജില്ലാ പഞ്ചായത്തിൽ ഒടുക്കുന്നത്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

1.സയൻസ് പാർക്ക്

(എ)

| രസീത് ബുക്ക് നമ്പർ | രസീത് നമ്പർ /തീയ്യതി | ഒടുക്കിയ തീയ്യതി/ ഉൾപ്പെട്ട തുക/ രസീത് നമ്പർ |
|---|---|---|
| 21 | രസീത് നമ്പർ 2002 മുതൽ 2015 വരെയുള്ള 8.8.19 മുതൽ 13.9.19 -വരെയുള്ള കളക്ഷൻ തുകയായ 5960/- രൂപ | 31.10.2019./₹5960/ 119150100463. |
| 21 | രസീത് നമ്പർ 2016 മുതൽ 2048 വരെയുള്ള 20.9.19 മുതൽ 23.10.19 – വരെയുള്ള കളക്ഷൻ തുകയായ 8870/- രൂപ | 7.11.2019/₹8870/ 119150100487. |

| | | |
|---|---|---|
| 21 | രസീത് നമ്പർ 2049 മുതൽ 2079 വരെയുള്ള 26.10.19 മുതൽ 16.11.19 -വരെയുള്ള കളക്ഷൻ തുകയായ 8220/- രൂപ | 25.11.2019/₹8220/ 119150100538. |
| 21,22 | രസീത് നമ്പർ 21-ൽ 2080 മുതൽ 2100 വരെയുള്ള 20.11.19 മുതൽ 24.11.19 -വരെയുള്ള കളക്ഷൻ തുകയായ 8560/- രൂപയും<br>രസീത് നമ്പർ 22-ൽ 2101 മുതൽ 2103 വരെയുള്ള 26.11.19-ന്റെ കളക്ഷൻ തുകയായ 1800/-രൂപയും അടക്കം 10360/-രൂപ. | 3.12.2019/₹10360/ 119150100558. |
| 22 | രസീത് നമ്പർ 2104 മുതൽ 2123 വരെയുള്ള 27.11.19 മുതൽ 5.12.19 – വരെയുള്ള കളക്ഷൻ തുകയായ 7740/- രൂപ | 13.12.2019/₹7740/ 119150100584. |
| 22 | രസീത് നമ്പർ 2124 മുതൽ 2143 വരെയുള്ള 7.12.19 മുതൽ 20.12.19 – വരെയുള്ള കളക്ഷൻ തുകയായ 11630/- രൂപ | 7.1.2020/₹11630/ 119150100648. |
| 22 | രസീത് നമ്പർ 2144 മുതൽ 2200 വരെയുള്ള 21.12.19 മുതൽ 9.1.2020 -വരെയുള്ള കളക്ഷൻ തുകയായ 20960/- രൂപ | 27.1.2020/₹20960/ 119150100706. |
| 23 | രസീത് നമ്പർ 2201 മുതൽ 2231 വരെയുള്ള 10.1.2020 മുതൽ 20.1.2020 -വരെയുള്ള കളക്ഷൻ തുകയായ 25590/-രൂപ | 3.2.2020/₹25590/ 119150100733. |
| 23 | രസീത് നമ്പർ 2232 മുതൽ 2253 വരെയുള്ള 21.1.2020 മുതൽ 27.1.2020 -വരെയുള്ള കളക്ഷൻ തുകയായ 21470/-രൂപ | 4.2.2020/₹21470/ 119150100736. |
| 23 | രസീത് നമ്പർ 2254 മുതൽ 2273 വരെയുള്ള 28.1.2020 മുതൽ 31.1.2020 -വരെയുള്ള കളക്ഷൻ തുകയായ 20860/- രൂപ | 6.3.2020/₹20860/ 119150100827. |
| 23,24 | രസീത് നമ്പർ 23-ൽ 2274 മുതൽ 2300 വരെയുള്ള 1.2.2020 മുതൽ 14.2.20 -വരെയുള്ള കളക്ഷൻ തുകയായ 12530/- രൂപയും<br>രസീത് നമ്പർ 24-ൽ 2301 മുതൽ 2314 വരെയുള്ള 15.2.2020 മുതൽ29.2.2020- വരെയുള്ള കളക്ഷൻ തുകയായ 7640/- രൂപയും<br>അടക്കമുള്ള 20170/- രൂപ അടക്കുന്നതിന് പകരം 80/- രൂപ കുറച്ച് അടച്ച 20090/- രൂപ | 17.3.2020/₹20090/ 119150100848 |

(ബി) രസീത് ബുക്ക് നമ്പർ 24-ലെ രസീത് നമ്പർ 2315 മുതൽ 2329 വരെയുള്ള 1.3.2020 മുതൽ 25.6.2020 വരെയുള്ള കളക്ഷൻ തുകയായ 9920/- രൂപ ഓഡിറ്റ് തീയ്യതി വരെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല.

മുകളിൽ പരാമർശിച്ചിട്ടുള്ള രസീത് ബുക്കുകളിലെ കളക്ഷൻ തുക പഞ്ചായത്ത് ഫണ്ടിൽ യഥാസമയം ഒടുക്കാത്തതിന് കാരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/19-20 തീയ്യതി-17.7.2020) നൽകിയ മറുപടിയിൽ സ്ഥാപനത്തിന്റെ ദൈനംദിന ചെലവുകൾക്ക് മുൻകൂർ തുക അനുവദിക്കാത്തതിനാലാണ് കളക്ഷൻ തുക യഥാസമയം ഒടുക്കുവാൻ സാധിക്കാതെ വന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. പ്രസ്തുത മറുപടി തൃപ്തികരമല്ല. സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനുള്ള മുൻകൂർ തുക അനുവദിച്ച്, കളക്ഷൻ തുക പഞ്ചായത്ത് ഫണ്ടിൽ യഥാസമയം ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2.സ്റ്റേറ്റ് സീഡ് ഫാം ,കാങ്കോൽ

(എ)

| രസീത് ബുക്ക് | രസീത് നമ്പർ /തീയ്യതി | ഒടുക്കിയ തീയ്യതി/ഉൾപ്പെട്ട തുക/ |
|---|---|---|

| നമ്പർ | | രസീത് നമ്പർ |
|---|---|---|
| 1633 | രസീത് നമ്പർ 1 മുതൽ 21 വരെയുള്ളത് 30.10.19 മുതൽ 21.11.19 -വരെയുള്ള കളക്ഷൻ തുകയായ 21073/- രൂപ | 23.11.2019./₹65226/ 119150100536. |
| 1633 | രസീത് നമ്പർ 23 മുതൽ 47 വരെയുള്ള 22.11.19 മുതൽ 20.12.19 -വരെയുള്ള കളക്ഷൻ തുകയായ 43860/- രൂപ | 23.12.2019/₹87068/ 119150100610. |
| 1633 | രസീത് നമ്പർ 48 മുതൽ 73 വരെയുള്ള 21.12.19 മുതൽ 23.1.20 -വരെയുള്ള കളക്ഷൻ തുകയായ 55137/- രൂപ | 25.1.2020/₹107951/ 119150100701. |
| 1633.1634 | രസീത് ബുക്ക് നമ്പർ 1633-ലെ രസീത് നമ്പർ 87 മുതൽ 100 വരെയുള്ള 5.2.2020 മുതൽ 18.2.2020 -വരെയുള്ള കളക്ഷൻ തുകയും, രസീത് ബുക്ക് നമ്പർ 1634-ലെ രസീത് നമ്പർ 1 മുതൽ 25 വരെയുള്ള 19.2.2020 മുതൽ 12.3.2020 -വരെയുള്ള കളക്ഷൻ തുകയും, അടക്കം 57674/- രൂപ. | 13.3.2020/₹108289/ 119150100839. |
| 1634 | രസീത് നമ്പർ 76 മുതൽ 95 വരെയുള്ള 11.6.2020 മുതൽ 29.6.2020 -വരെയുള്ള കളക്ഷൻ തുകയായ 156868/- രൂപ | 30.6.2020./₹156868/ 120150100075. |
| 1634,1635 | രസീത് ബുക്ക് നമ്പർ 1634-ലെ രസീത് നമ്പർ 96 മുതൽ 100 വരെയുള്ള 29.6.2020 മുതൽ 3.7.2020 – വരെയുള്ള കളക്ഷൻ തുകയും, രസീത് ബുക്ക് നമ്പർ 1635-ലെ രസീത് നമ്പർ 1 മുതൽ 19 വരെയുള്ള 3.7.2020 മുതൽ 24.7.2020 -വരെയുള്ള കളക്ഷൻ തുകയും, അടക്കം 75250/- രൂപ. | 28.7.2020/₹161991/ 120150100106. |
| 1635 | രസീത് നമ്പർ 21 മുതൽ 54 വരെയുള്ള 27.7.2020 മുതൽ 11.9.2020 -വരെയുള്ള കളക്ഷൻ തുകയായ 37482/- രൂപ | 15.11.2020/₹110279/ 120150400019. |

(ബി) രസീത് ബുക്ക് നമ്പർ 1635-ലെ രസീത് നമ്പർ 76 മുതൽ 85 വരെയുള്ള 13.10.2020-മുതൽ 21.10.2020 വരെയുള്ള കളക്ഷൻ തുകയായ 63206/- രൂപ ഓഡിറ്റ് തീയ്യതി വരെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല.

മുകളിൽ പരാമർശിച്ചിട്ടുള്ള രസീത് ബുക്കുകളിലെ കളക്ഷൻ തുക ജില്ലാ പഞ്ചായത്ത് ഫണ്ടിൽ യഥാസമയം ഒടുക്കാത്തതിന് കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (47/19-20 തീയ്യതി-28.10.2020) നൽകിയ മറുപടി തൃപ്തികരമല്ല. പരാമർശം (ബി)യിലെ രസീത് ബുക്ക് നമ്പർ 1635-ലെ 13.10.2020 മുതൽ 21.10.2020 വരെയുള്ള കളക്ഷൻ തുകയായ 63206/- രൂപ.1.11.2020 വരെയുള്ള കളക്ഷൻ തുക ഉൾപ്പെടുന്ന 84923/- രൂപയിൽ ഉൾപ്പെടുത്തി 5.11.2020-ലെ രസീത് നം.120150100226 പ്രകാരമാണ് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുള്ളത്. ദൈനംദിന കളക്ഷനുകൾ പഞ്ചായത്ത് ഫണ്ടിൽ യഥാസമയം ഒടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ആയതിന് ഓൺലൈൻ ക്രമീകരണങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പ്രസ്തുത അപാകങ്ങൾ ഒഴിവാക്കുവാൻ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 ജില്ലാ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ചട്ടുകപ്പാറ വനിതാ വ്യവസായ എസ്റ്റേറ്റിലെ കെട്ടിട മുറികളുടെ വാടക ഈടാക്കിയിട്ടില്ല

2019-20 വർഷത്തെ വാടകഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ജില്ലാ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ചട്ടുകപ്പാറ വനിതാ വ്യവസായ എസ്റ്റേറ്റിലെ താഴെ പറയുന്ന കെട്ടിട മുറികളുടെ വാടക ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | മാസവാടക | വാടക ഈടാക്കേണ്ട കാലയളവ് |
|---|---|---|---|
| 1 | ചട്ടുകപ്പാറ വനിത എസ്റ്റേറ്റ് മുറി നമ്പർ -MP XI 137 H,C | 11760 | നവംബർ 2019 മുതൽ മാർച്ച് 2020 വരെ |
| 2 | ചട്ടുകപ്പാറ വനിത എസ്റ്റേറ്റ് മുറി നമ്പർ -MP XI 138 A,I | 11760 | നവംബർ 2019 മുതൽ മാർച്ച് 2020 വരെ |
| 3 | ചട്ടുകപ്പാറ വനിത എസ്റ്റേറ്റ് മുറി നമ്പർ -MP XI 137 G,D | 11760 | ഫെബ്രുവരി 2020 മുതൽ മാർച്ച് 2020 വരെ |
| 4 | ചട്ടുകപ്പാറ വനിത എസ്റ്റേറ്റ് മുറി നമ്പർ -MP XI 137 B | 11760 | ഫെബ്രുവരി 2020 മുതൽ മാർച്ച് 2020 വരെ |
| 5 | ചട്ടുകപ്പാറ വനിത എസ്റ്റേറ്റ് മുറി നമ്പർ -MP XI 138 1,4 | 11760 | സെപ്തംബർ 2019 മുതൽ മാർച്ച് 2020 വരെ |

വാടക കടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-11 ഡെപ്പോസിറ്റ് രജിസ്റ്റർ/ അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല

ജില്ലാ പഞ്ചായത്ത് വിവിധ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി നിർമ്മാണ ഏജൻസികളായ നിർമ്മിതി കേന്ദ്ര , ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി എന്നീ നിർവ്വഹണ ഏജൻസികൾക്ക് കോടിക്കണക്കിന് രൂപ അഡ്വാൻസായി അനുവദിച്ച് വരുന്നുണ്ട്. അഡ്വാൻസ് റജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ഓരോ വർഷവും അനുവദിച്ച അഡ്വാൻസ് തുക, തുക ക്രമീകരിച്ചതിന്റെ വിവരങ്ങൾ എന്നിവയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. മാത്രമല്ല പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കുന്ന അഡ്വാൻസ് തുക വാർഷിക കണക്കിൽ ലോൺസ് & അഡ്വാൻസ് എന്ന ഹെഡ്ഡിൽ കാണിക്കാതെ പദ്ധതി ചെലവായാണ് കാണിച്ചിരിക്കുന്നത്.

ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ അഭാവത്തിൽ വാർഷിക കണക്കിൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കുവാനോ കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുവാനുണ്ടോ എന്ന വിവരവും പരിശോധിക്കുവാനോ സാധിച്ചിട്ടില്ല.

## 1-12 പലിശ സൂക്ഷിക്കുന്നതിനു മാത്രമായി ബാങ്ക് അക്കൗണ്ട്

സിണ്ടിക്കേറ്റ് ബാങ്ക് സിവിൽ സ്റ്റേഷൻ ബ്രാഞ്ച് അക്കൗണ്ട് നം. 135 ൽ നിലവിൽ എസ് എസ് എ ഫണ്ടിൽ നിന്നും മുൻ വർഷങ്ങളിൽ ലഭ്യമായിട്ടുള്ള പലിശ മാത്രമാണ് ബാലൻസായി ഉള്ളത്. (2019-20 സാമ്പത്തിക വർഷാവസാനം നീക്കിയിരിപ്പ് തുക 32,58,983/- രൂപ). നിലവിൽ ട്രാൻസാക്ഷൻ നടത്താത്ത അക്കൗണ്ടായതിനാൽ പ്രസ്തുത അക്കൗണ്ടിലെ തുക സംബന്ധിച്ച് ഫണ്ടിംഗ് ഏജൻസിയുടെ നിർദ്ദേശമനുസരിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ഷീ ഷെൽട്ടർ തുടർ നടത്തിപ്പ് - രേഖകൾ ഹാജരാക്കാത്തതിനാൽ 55835/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – ജില്ലാ വനിതാ വികസന ഓഫീസർ

| | |
|---|---|
| അടങ്കൽ | 3,00,000 /- തനത് ഫണ്ട് |
| ചെലവ് | 2,56,889/- തനത് ഫണ്ട് |
| വൗച്ചർ നമ്പർ/തീയതി | 21900763/6.11.2019 |

ഷീ ഷെൽട്ടർ തുടർ നടത്തിപ്പ് (613/19-20) എന്ന പ്രോജക്ട് പ്രകാരം ഓഡിറ്റ് വർഷം 2,56,889/- രൂപ ചെലവുള്ളതായി

സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2,01,054/- രൂപയുടെ ചെലവ് രേഖകൾ മാത്രമേ പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളൂ. അവശേഷിക്കുന്ന 55,835/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നടത്തിപ്പിലെ മറ്റ് അപാകതകൾ

1.കണ്ണങ്കണ്ടി സെയ്ൽസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ താഴെ പറയുന്ന സാധനങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

സാംസങ്ങ് എൽ.ഇ.ഡി.യു.എ 32N4010ARXXL

നോൾട്ട റീചാർജബിൾ എമർജൻസി ലൈറ്റ് - അസർ

വി ഗാർഡ് ഇൻഡക്ഷൻ കുക്ക് ടോപ്പ് വി.ഐ.സി 10 വി3

2.രേഖകൾ ക്രമപ്രകാരം ഫയൽ ചെയ്യാത്തത് അപാകതയാണ്.

മേൽ പറഞ്ഞ അപാകതകൾക്ക് കാരണം അറിയിക്കേണ്ടതും രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.41/19-20/27-10-2020) മറുപടി നൽകിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 55835/- രൂപ തടസ്സപ്പെടുത്തുന്നു. മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-14 ജലം സുലഭം പദ്ധതി - രേഖകൾ ഹാജരാക്കിയില്ല - 4,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 71/20 ജലം സുലഭം പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 10,00,000/-<br>(വികസന ഫണ്ട് ജനറൽ) |
| ചെലവ് | 4,00,000/- |
| ട്രഷറി റഫറൻസ് നമ്പർ | 191905000000044479/25.2.2020 |

ജില്ലയിലെ ജലസംരക്ഷണ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കിയ മേൽ പരാമർശിച്ച പ്രൊജക്ട് പ്രകാരം 4,00,000/- രൂപ വിവിധ പഞ്ചായത്തുകൾക്ക് നൽകുന്നതിനായി 2019-20 വർഷം ചെലവാക്കിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ ഹാജരാക്കിയില്ല.

1. തുക ഏതെല്ലാം ഗ്രാമ പഞ്ചായത്തുകൾക്കാണ് നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുന്ന ട്രഷറി ബിൽ

2.തുക കൈപ്പറ്റിയ സ്ഥാപനങ്ങൾ ഹാജരാക്കിയ കൈപ്പറ്റ് രശീത്.

4.തുക കൈപ്പറ്റിയ സ്ഥാപനം തുക ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ

5. തുക കൈപ്പറ്റിയ സ്ഥാപനം ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രം

ഇതുമായി ബന്ധപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വറി 16/19-20/16.10.2020-ന് മേൽ പരാമർശിച്ച രേഖകൾ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി പണം ലക്ഷ്യമിട്ട പദ്ധതി പ്രവർത്തനത്തിനായി ഫലപ്രദമായി വിനിയോഗിച്ചുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകളൊന്നും തന്നെ ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവ് തുകയായ 4,00,000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കോണ്ടതാണ്.

## 1-15 നെരിപ്പോട്ടക്കരി പച്ചക്കറി ക്ലസ്റ്ററിന് ജലസേചനം- കീഴല്ലൂർ ഗ്രാമപഞ്ചായത്തിന് ധനസഹായം- രേഖകൾ ഹാജരാക്കിയില്ല. -ചെലവ് തുകയായ 4,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ/പേര് | 923/20 നെരിപ്പോട്ടക്കരി പച്ചക്കറി ക്ലസ്റ്ററിന് ജലസേചനം- കീഴല്ലൂർ ഗ്രാമപഞ്ചായത്തിന് ധനസഹായം- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 450000/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 450000/- |

| | |
|---|---|
| ട്രഷറി റഫറൻസ് നമ്പർ | 191901000000022303/01.10.2019 |

2019-20 വർഷം കീഴല്ലൂർ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന നെരിപ്പോട്ടക്കരി പച്ചക്കറി ക്ലസ്റ്ററിന് ജലസേചനം എന്ന പദ്ധതി നടപ്പിലാക്കുന്നതിലേക്കായി മേൽ പ്രൊജക്ട് പ്രകാരം 450000/- രൂപ കീഴല്ലൂർ ഗ്രാമ പഞ്ചായത്തിന് നല്കുന്നതിനായി പിൻവലിച്ചിട്ടുണ്ട്. തുക ഗ്രാമപഞ്ചായത്തിന് കൈമാറിയതിന്റെയും തുക സ്ഥാപനം കൈപ്പറ്റിയതിന്റെയും വിനിയോഗിച്ചതിന്റെയും രേഖകൾ ഹാജരാക്കിയില്ല. തുക വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്കായി ഹാജരാക്കുകയുണ്ടായില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 17/19-20/16.10.2020-ന് പരാമർശിച്ച രേഖകൾ ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. ലക്ഷ്യമിട്ട പ്രവർത്തനങ്ങൾക്കായി തുക വിനിയോഗിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനാവശ്യമായ രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 4,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-16 കാട്ടാമ്പള്ളി ചിറ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചില്ല. ചെലവ് തുകയായ 150357/- തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ/പേര് | 815/20 കാട്ടാമ്പള്ളി ചിറ കുടിവെള്ള പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 477563/- (വികസന ഫണ്ട്, ജനറൽ)<br>92000/- (മറ്റുള്ളവ) |
| ചെലവ് | 150357/- |
| ബിൽ /വൗച്ചർ നമ്പർ | 479/19/3.09.19 |

2011-12 വർഷം കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിലെ 107 കുടുംബങ്ങൾക്ക് ജലവിതരണം നടത്തുന്നതിന് ലക്ഷ്യമിട്ടു കൊണ്ട് നടപ്പിലാക്കിയ പദ്ധതിയാണ്. കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് 9,20,000/- എസ്റ്റിമേറ്റ് തുകയ്ക്ക് SEUF (Socio Economic Unit Foundation) മായി 1.12.11 ന് കരാർ ഉണ്ടാക്കിയിട്ടുണ്ട് (തീരുമാനം നം. 124/11(8)/ 27.10.11). എന്നാൽ പ്രവൃത്തി ആരംഭിച്ച് എസ്റ്റിമേറ്റ് തുകയുടെ 4 ഗഡുക്കൾ കൈപ്പറ്റിയ ശേഷം (165600x4=662400/-) നിർമ്മിക്കുന്ന വാട്ടർ ടാങ്കിലൂടെ 33 കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള ജലലഭ്യത മാത്രമാണ് ഉള്ളത് എന്നും മറ്റൊരു ടാങ്ക് നിർമ്മിക്കേണ്ടി വരുമെന്നും ആയതിന് രണ്ടാമത്തെ ടാങ്ക് നിർമ്മാണം കൂടി ഉൾപ്പെടുത്തി 12,31,963/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് SEUF 30.04.13 ന് സമർപ്പിക്കുകയും ആയത് 2013-14 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാനും തീരുമാനിച്ചു (ജില്ലാ പഞ്ചായത്തിന്റെ തീരുമാനം നം. 69/13(1)31.05.2013).

2011-12 കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് SEUF മായി ഉണ്ടാക്കിയ 1.12.11 ലെ കരാർ ഖ. 6 പ്രകാരം ഗഡു നൽകിയതിന് ശേഷം പിന്നീടുള്ള ഗഡുക്കൾ നൽകണണമെങ്കിൽ മുൻ ഗഡുക്കളിലൂടെ നൽകിയ തുകയ്ക്കുള്ള വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. എന്നാൽ ഇവിടെ എസ്റ്റിമേറ്റ് തുകയുടെ 80 % തുകയും കൈപ്പറ്റിയതിന് ശേഷമാണ് നിർമ്മിക്കുന്ന ടാങ്കിലൂടെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മുഴവൻ കുടുംബങ്ങൾക്കും വിതരണം ചെയ്യുന്നതിനുള്ള ജലലഭ്യതയില്ലെന്ന പ്രശ്നം ജില്ലാപഞ്ചായത്തിനെ അറിയിക്കുന്നതും പുതുക്കിയ എസ്റ്റിമേറ്റ് അംഗീകാരത്തിനായി സമർപ്പിക്കുന്നതും. കുടിവെള്ള പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ തന്നെ വിതരണം ചെയ്യുന്നതിനുള്ള ജലലഭ്യത ഉറപ്പു വരുത്തിയതിന് ശേഷമാണ് പദ്ധതി നടപ്പിലാക്കേണ്ടത്. ഇവിടെ പദ്ധതിയുടെ 80% തുകയും 2011-12 വർഷം തന്നെ SEUF ന് അനുവദിച്ചതിന് ശേഷമാണ് പദ്ധതി നടപ്പിലാക്കുന്നതിലുള്ള പ്രശ്നങ്ങൾ ജില്ലാപഞ്ചായത്തിനെ അറിയിക്കുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ/ വിവരങ്ങൾ എന്നിവ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (40/19-20/21.10.2020) നൽകിയെങ്കിലും മറുപടി ഹാജരാക്കുകയുണ്ടായില്ല.

1) കരാർ വ്യവസ്ഥകൾ പ്രകാരം ഓരോ ഗഡു കൈപ്പറ്റിയതിന് ശേഷവും പദ്ധതിയുടെ പുരോഗതി ഉത്തരവാദപ്പെട്ടവർ മോണിറ്റർ ചെയ്തതിന്റെ രേഖകൾ

2)ജലലഭ്യത ഉറപ്പു വരുത്താതെ കുടിവെള്ള പദ്ധതിക്ക് ഫണ്ട് ചെലവഴിക്കാനുണ്ടായ സാഹചര്യം.

3) SEUF മായി ഉണ്ടാക്കിയ 1.12.11 ലെ കരാറിൽ പൂർത്തീകരണ കാലാവധി എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണ കാലാവധി എത്രയാണെന്ന് വ്യക്തമാക്കുന്ന രേഖകൾ .

4) ജില്ലാ പഞ്ചായത്തിന്റെ തീരുമാനം നം 69/13(1)31.05.2013 പ്രകാരം അംഗീകാരം നൽകിയ 12,31,963/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റും, ആയതിന് സാങ്കേതികാനുമതി നൽകിയതിന്റെ രേഖകളും

5) 1.12.11 തിയ്യതിയിലെ കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി പൂർത്തീയായതിന് ശേഷം ഓരോ തവണയും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 24.03.18 വരെ സമയം ദീർഘിപ്പിച്ച് നല്കിയതിന്റെ ഭരണസമിതി

തീരുമാനങ്ങൾ ആയതു പ്രകാരം ഉണ്ടാക്കിയ സപ്ലിമെന്ററി എഗ്രിമെന്റുകൾ എന്നിവ.

6) SEUF ന്റെ 9.02.2017 തിയ്യതിയിലെ കത്തിൽ ഇരിണാവ് കുടുംബക്ഷേമ കേന്ദ്രത്തിൽ തുടങ്ങിവച്ച ടാങ്കിന്റെ നിർമ്മാണത്തിനായി 7 മീറ്റർ നീളവും 7 മീറ്റർ വീതിയുള്ള സ്ഥലം അനുവദിച്ചു തരുവാൻ സെക്രട്ടറിയോട് ആവശ്യപ്പെടുകയും ആയത് പ്രകാരം 10X10 മീറ്റർ സ്ഥലം ടാങ്കിന്റെ നിർമ്മാണത്തിനായി സർക്കാരിൽ നിന്നുള്ള സ.ഉ.(സാധാ)നം. 640/17/ആകവ/13.03.17 നമ്പർ ഉത്തരവിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. 13.07.17 ലെ SEUF ന്റെ അപേക്ഷ പ്രകാരം പദ്ധതി പൂർത്തീകരണത്തിനുള്ള കാലാവധി 31.12.2017 വരെ ദീർഘിപ്പിച്ച് വീണ്ടും 01.01.18 ലെ കത്തിലൂടെ SEUF കാലാവധി 31.3.18 വരെ ദീർഘിപ്പിച്ച് നൽകുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ട്. എന്നാൽ ആയതിനുള്ള കാരണം വ്യക്തമല്ല. 20.03.18ലെ SEUF/KNR/DP/45/18 നമ്പർ കത്തിലൂടെ പദ്ധതി പൂർത്തിയായിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

അപേക്ഷ പ്രകാരം പ്രവൃത്തിയുടെ കാലാവധി 31.12.2017 ന് ശേഷം ദീർഘിപ്പിച്ച് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയില്ല

7) പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം ഹാജരാക്കിയ ഫൈനൽ ബിൽ പ്രകാരം തൻവർഷം അനുവദിച്ച 150357 /- രൂപയുടെ വിതരണ വിവരം വ്യക്തമാക്കുന്ന രേഖകൾ

8) കാട്ടാമ്പള്ളി ചിറ കുടിവെള്ള പദ്ധതിപൂർത്തീകരിച്ച് ജലവിതരണം ആരംഭിച്ചതിന്റെ രേഖകൾ.

9) ഏത് രീതിയിലുള്ള ജലവിതരണമാണ് ലക്ഷ്യമിട്ടിരുന്നത് എന്നും എത്ര ഗുണഭോക്താക്കളാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

10) ജലവിതരണം ആരംഭിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുന്ന രേഖകൾ.

11) പ്രവൃത്തി പൂർത്തീകരണത്തിന് SUEF ഏതെല്ലാം സമയങ്ങളിൽ സമയം ദീർഘിപ്പിച്ച് നല്കിയിട്ടുണ്ടെന്നും ഓരോ തവണയും ദീർഘിപ്പിച്ച് നൽകിയതിന്റെ വിശദാംശങ്ങൾ എന്നിവ വ്യക്തമാക്കുന്ന രേഖകൾ.

12) പ്രവൃത്തി സമയം ദീർഘിപ്പിച്ചതിന് നിയമാനുസൃത പിഴ ഈടാക്കാത്തതിന്റെ കാരണം .

മേൽ പരാമർശിച്ച രേഖകൾ/വിവരങ്ങൾ ഹാജരാക്കാത്തതിനാലും കുടിവെള്ള പദ്ധതിക്കായുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടും കുടിവെള്ള വിതരണം ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഹാജരാക്കാത്തതിനാലും ചെലവ് തുകയായ 150357/- രൂപ തടസ്സപ്പെടുത്തുന്നു.

കുടിവെള്ള പദ്ധതിക്കായി ചെലവഴിച്ച തുക പാഴായിപ്പോകാൻ അനുവദിക്കാതെ കുടിവെള്ള പദ്ധതി അടിയന്തിരമായി പ്രാവർത്തികമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്ന വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 കുടിവെള്ള പദ്ധതികൾക്ക് ഗ്രാമ പഞ്ചായത്തുകൾക്ക് ധനസഹായം -പദ്ധതി നിർവ്വഹണ രേഖകൾ ഹാജരാക്കിയില്ല-12,50,000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നമ്പർ/പേര് | 69/20 കുടിവെള്ള പദ്ധതികൾക്ക് ഗ്രാമ പഞ്ചായത്തുകൾക്ക് ധനസഹായം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 70,00,000/- (വികസന ഫണ്ട് ,ജനറൽ) |
| ചെലവ് | 10,50,000/-( Bill. No. 42/556/01.10.19)<br>2,00,000/- (ബിൽ നമ്പർ ലഭ്യമല്ല)<br>ആകെ 12,50,000/- |

കുടിവെള്ള പദ്ധതികൾക്ക് ഗ്രാമ പഞ്ചായത്തുകൾക്ക് ധനസഹായം എന്ന പദ്ധതിയുടെ ഭാഗമായി 2019-20 വർഷം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതിനായി 2019-20 വർഷത്തെ സുലേഖ ചെലവ് പത്രിക പ്രകാരം 12,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി (54/19-20 തീ.11-11-2020) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 12,50,000/- രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 ആധുനിക ശ്മശാനങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനും ഗ്രാമ പഞ്ചായത്തുകൾക്ക് ധനസഹായം.25,00,000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്ട് | 73/20 ആധുനിക ശ്മശാനങ്ങളുടെ നിർമ്മാണത്തിനും |

| | |
|---|---|
| നമ്പർ/പേര് | നവീകരണത്തിനും ഗ്രാമ പഞ്ചായത്തുകൾക്ക് ധനസഹായം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 72,81,000/- (വികസന ഫണ്ട് ,ജനറൽ) |
| ചെലവ് | 25,00,000/-(ബിൽ നം. 555/18-19/01.10.19) |

ആധുനിക ശ്മശാനങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനും ഗ്രാമ പഞ്ചായത്തുകൾക്ക് ധനസഹായം എന്ന പദ്ധതിയുടെ ഭാഗമായി ധർമ്മടം ഗ്രാമപഞ്ചായത്തിന് 25,00,000/- രൂപ നല്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 58 /19-20. തീ.11-11-20) നൽകിയെങ്കിലും രേഖകൾ ഹാജരാക്കുകയുണ്ടായില്ല.

1. ട്രഷറി ബില്ലുകൾ .

2. ഗ്രാമപഞ്ചായത്തിൽ നിന്നുള്ള കൈപ്പറ്റ് രശീത്

3. ധനവിനിയോഗ സാക്ഷ്യ പത്രം

4. പ്രവൃത്തി പുരോഗതി പത്രിക.

മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിൽ 25,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 സയൻസ് പാർക്കിലേക്ക് ജനറേറ്റർ വാങ്ങൽ-പദ്ധതി പൂർത്തീകരിച്ചില്ല. ചെലവ് തുക 4,58,500/- തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ/പേര് | 575/20 സയൻസ് പാർക്കിലേക്ക് ജനറേറ്റർ വാങ്ങൽ (സ്പിൽ ഓവർ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 10,00,000/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 4,58,500/- |
| ബിൽ/വൗച്ചർ നമ്പർ | 114/19-20/13.05.19 |

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള സയൻസ് പാർക്കിൽ ജനറേറ്റർ സ്ഥാപിക്കുന്നതിനായി ഇ1-1672/2018/ 01.03.2019 പ്രകാരം BHEL, Electrical MachinesLtd, Kasaargodന് സപ്ലൈ ഓർഡർ നൽകുകയും 05.03.2019ന് സ്ഥാപനവുമായി ജനറേറ്റർ സ്ഥാപിക്കുന്നതിന് കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. 13.05.19ന് ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള മുൻകൂർ തുക നൽകുന്നതിനായി 4,58,500/- രൂപ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. സപ്ലൈ ഓർഡറിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം എഗ്രിമെന്റിൽ ഏർപ്പെട്ട് 10 ദിവസത്തിനകം ജനറേറ്റർ സ്ഥാപിക്കേണ്ടതായിരുന്നു. എന്നാൽ നാളിതുവരെയും ജനറേറ്റർ സ്ഥാപിച്ചിട്ടില്ല. സ്പെസിഫിക്കേഷൻ പ്രകാരം 35KVA/28KW ജനറേറ്റർ വാങ്ങുന്നതിനാണ് നിർദ്ദേശം നൽകിയതെങ്കിലും 40KVA ജനറേറ്റർ വാങ്ങുന്നതിനായി BHELന് സപ്ലൈ ഓർഡർ നല്കാനുണ്ടായ കാരണവും ജനറേറ്റർ സ്ഥാപിച്ചിട്ടില്ല എങ്കിൽ നാളിതുവരെയും പ്രവൃത്തി പൂർത്തീകരിക്കാതിരിക്കാനുള്ള കാരണവും വ്യക്തമാക്കാൻ ഓഡിറ്റ് എൻക്വയറി (18/16.10.2020) നൽകിയെങ്കിലും മറുപടി ഹാജരാക്കുകയുണ്ടായില്ല. ഖണ്ഡികയിൽ പരാമർശിച്ച കാരണങ്ങളാൽ ചെലവ് തുകയായ 4,58,500/- രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതി ഫലപ്രാപ്തിയിലെത്തിക്കുവാനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-20 നെല്ലിയോട്ട് കുടിവെള്ള പദ്ധതി - പൂർത്തീകരിച്ചില്ല. രേഖകൾ ഹാജരാക്കിയില്ല.ചെലവ് തുകയായ 43,309/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്ട് നമ്പർ/പേര് | 607/20 നെല്ലിയോട്ട് കുടിവെള്ള പദ്ധതി |
| അടങ്കൽ | 144320 (എസ് സി പി) |
| ചെലവ് | 43309 |
| ബിൽ /വൗച്ചർ നമ്പർ/തിയ്യതി | 8/117/19-20/14.05.19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

2011-12 വർഷം 28.02.2012 ന് SEUF മായി ഉണ്ടാക്കിയ കരാർ പ്രകാരം 9,00,000/- രൂപയുടെ എസ്റ്റിമേറ്റ് തുകയിൽ പ്രവൃത്തി ആരംഭിച്ച കാങ്കോൽ ആലപ്പടമ്പ ഗ്രാമ പഞ്ചായത്തിലെ നെല്ലിയോട്ട് കുടിവെള്ള പദ്ധതിക്ക് മൂന്ന് ഗഡുക്കളായി

2011-12, 2012-13 വർഷങ്ങളിൽ 5,40,000/- രൂപ നൽകിയതിന് ശേഷം 9,77,600/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുകയും പ്രവൃത്തി തുടരുകയും 2013-14, 2014-15 വർഷങ്ങളിൽ കുടിവെള്ള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി യഥാക്രമം 1,95,520/-, 97,760/- രൂപയും ചെലവഴിച്ചിട്ടുണ്ടെങ്കിലും എം ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച് ചെക്ക് മെഷർ ചെയ്തിരിക്കുന്നത് 19.03.18 തിയ്യതിക്കാണ്. പ്രവൃത്തി പൂർത്തിയാക്കി എം ബുക്കുകൾ ചെക്ക് മെഷർ ചെയ്യുന്നതിന് സമർപ്പിച്ചത് SEUF/KNR/DP/79/18/10.08.18 നമ്പർ കത്ത് പ്രകാരമാണ്. പ്രവൃത്തിയുമായി ബന്ധപ്പെട്ട താഴെ കൊടുത്തിരിക്കുന്ന രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി (39/21.10.2020) നൽകിയെങ്കിലും മറുപടി നൽകുകയുണ്ടായില്ല.

1)2011-12 വർഷം SEUF മായി ഉണ്ടാക്കിയ കരാറിൽ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ എഗ്രിമെന്റ് പ്രകാരം പദ്ധതി പൂർത്തീകരിക്കേണ്ട കാലാവധി വ്യക്തമാക്കുന്ന രേഖകൾ

2)പദ്ധതിയുടെ നടത്തിപ്പിലേക്കായി ഉണ്ടാക്കിയ ഒറിജിനൽ എസ്റ്റിമേറ്റിലെ പൂർത്തീകരണ കാലാവധിക്കു ശേഷം പൂർത്തീകരണ സമയം ദീർഘിപ്പിച്ച് കിട്ടുന്നതിന് SEUF അപേക്ഷിച്ചതിന്റെയും ആയതിനുള്ള കാരണങ്ങൾ വ്യക്തമാക്കിയതിന്റെയും രേഖകൾ.

3)പദ്ധതിയുമായി ബന്ധപ്പെട്ട് SEUF മായി സപ്ലിമെന്ററി എഗ്രമെന്റ് ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ.

4)പദ്ധതിക്കായി റിവൈസ്ഡ് എസ്റ്റിമേറ്റ് അനുവദിക്കാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്.

തൻവർഷം പദ്ധതി നടത്തിപ്പിലേക്കായി ചെലവഴിച്ച 43309/- വിതരണ വിവരം വ്യക്തമാക്കുന്ന ബിൽ ഹാജരാക്കേണ്ടതാണ്.

5) നെല്ലിയോട്ട് കുടിവെള്ള പദ്ധതി പൂർത്തീകരിച്ച് ജലവിതരണം ആരംഭിച്ചതിന്റെ രേഖകൾ

6) ഏത് രീതിയിലുള്ള ജലവിതരണമാണ് ലക്ഷ്യമിട്ടിരുന്നത് എന്നും എത്ര ഗുണഭോക്താക്കളാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കുന്ന രേഖകൾ

7) പ്രവൃത്തി പൂർത്തീകരണത്തിന് SUEF ഏതെല്ലാം സമയങ്ങളിൽ സമയം ദീർഘിപ്പിച്ച് നല്കിയിട്ടുണ്ട്? ഓരോ തവണയും സമയം ദീർഘിപ്പിച്ച് നൽകിയതിന്റെ വിശദാംശങ്ങൾ ഭരണസമിതി തീരുമാനം, തിയ്യതി എന്നിവ.

8) പ്രവൃത്തി സമയം ദീർഘിപ്പിച്ചതിന് നിയമാനുസൃത പിഴ ഈടാക്കാത്തതിന്റെ കാരണം.

മേൽ കൊടുത്തിരിക്കുന്ന പരാമർശങ്ങൾക്ക് വ്യക്തത വരുത്തുന്നതിനുള്ള മറുപടി ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 43,309/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 ജില്ലാ പഞ്ചായത്ത് ഓഫീസിലെയും എഞ്ചിനീയറിംഗ് വിംഗിലെയും കമ്പ്യൂട്ടറുകൾക്കും യുപിഎസിനും വാർഷിക അറ്റകുറ്റ പണി. - സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് നമ്പർ/പേര് | 315/20 ജില്ലാ പഞ്ചായത്ത് ഓഫീസിലെയും എഞ്ചിനീയറിംഗ് വിംഗിലെയും കമ്പ്യൂട്ടറുകൾക്കും യുപിഎസിനും വാർഷിക അറ്റകുറ്റ പണി |
| അടങ്കൽ | 3,52,000/- (മെയിന്റനൻസ് റോഡിതരം ) |
| ചെലവ് | 64166/- |

ജില്ലാ പഞ്ചായത്ത് ഓഫീസിലെയും എഞ്ചിനീയറിംഗ് വിംഗിലെയും കമ്പ്യൂട്ടറുകൾക്കും യുപിഎസിനും വാർഷിക അറ്റകുറ്റ പണിക്കായി നടപ്പിലാക്കിയ മേൽ പരാമർശിച്ച പ്രൊജക്ട് പ്രകാരം തൻവർഷം വിവിധ സ്ഥാപനങ്ങളുമായി ഉണ്ടാക്കിയ കരാർ അനുസരിച്ച് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ബിൽ/വൗച്ചർ നം., തിയ്യതി | അനുവദിച്ച തുക | തുക കൈപ്പറ്റിയ വ്യക്തി/സ്ഥാപനം | ഉപകരണത്തിന്റെ തരം |
|---|---|---|---|---|
| 1 | 49/722/ 16.11,19 | 30,400 | പവർ കൂൾ എ സി സർവ്വീസ് & ഫിറ്റിംഗ്സ് , കെ കണ്ണപുരം | എ സി |
| 2 | 50/723/ 16.12.19 | 19559 | Maksys Technology Services Pvt Ltd, Mavoor Road, Calicut | 25 കമ്പ്യൂട്ടറുകളും, 13 പ്രിന്ററുകളും |
| 3 | 57/772/ 16,12,19 | 9617 | ITEL Systems, MTI Complex Westhill, Kozhikode, | CCTV/EPBX /Biometric System |

| | | | | |
|---|---|---|---|---|
| 4 | 36/511/ 16.09.19 | 4590 | M/S Corporate Solutions, Central Bus Stand Terminal Complex , Thavakkara | Canon IR 2525 Printet |
| | ആകെ | 64166 | | |

പ്രൊജക്ടിൽ അറ്റകുറ്റപണിക്കായി ഉൾപ്പെടുത്തിയിട്ടുള്ള ഉപകരണങ്ങളുമായി ബന്ധപ്പെട്ട ഉൾപ്പെടുത്തിയിട്ടുള്ള ജില്ലാപഞ്ചായത്തിന്റെ/എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സ്റ്റോക്ക് റജിസ്റ്ററും ഉപകരണങ്ങളുടെ വാറന്റി കാലാവധി പൂർത്തിയായതിന്റെ രേഖകളും പരിശോധനക്കായി ഹാജരാക്കുന്നതിനനായി ഓഡിറ്റ് എൻക്വയറി (56/11.11.2020) നൽകിയെങ്കിലും ഹാജരാക്കുകയുണ്ടായില്ല. സർക്കുലർ നം 86/10/ഫിൻ തിയ്യതി 24.09.2010 പ്രകാരം സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർ ഹാർഡ് വെയർ സോഫ്റ്റ് വെയർ എന്നിവയ്ക്ക പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതും ആയതിൽ ഉപകരണങ്ങളുടെ വേർഷൻ, വിതരണം ചെയ്ത സ്ഥാപനം, ഗാരന്റി/വാറന്റി തുടങ്ങിയ എല്ലാവിവരങ്ങളും ഉൾപ്പെടുത്തേണ്ടതുമാണ്. ഓരോ ആറ് മാസം കൂടുമ്പോഴും പുതിയ സിസ്റ്റം സ്ഥാപിക്കുമ്പോഴും ഒഴിവാക്കുമ്പോഴും ഓഫീസ് മേധാവി സ്റ്റോക്ക് രജിസ്റ്റർ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

## 1-22 വിത്ത് വിൽപന യന്ത്രങ്ങൾ സ്ഥാപിക്കൽ - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് : 629/20 വിത്ത് വിൽപനയന്ത്രം സ്ഥാപിക്കൽ

ചെലവ് : 1,46,341/- (വികസനഫണ്ട്)

ബിൽ നം. : 01/19-20/05.07.2019

നിർവ്വഹണോദ്യോഗസ്ഥൻ : അസി. എക്സി. എഞ്ചിനീയർ (കൃഷി)

ജില്ലയിലെ വിവിധ ഭാഗങ്ങളിൽ വിത്ത് വിൽപന യന്ത്രം സ്ഥാപിക്കുന്നതിന് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനായി മേൽ വിവരിച്ച പ്രകാരം പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു .

1.വിത്ത് വിൽപന യന്ത്രം വാങ്ങിയത് 2018-19 സാമ്പത്തിക വർഷത്തിലാണ്. എന്നാൽ ഇത് സ്ഥാപിക്കുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യമൊരുക്കുന്നതിന് പ്രോജക്ട് നടപ്പാക്കിയത് 2019-20 വർഷത്തിലാണ്.

2.കരാർ വ്യവസ്ഥകളിൽ യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പടുത്തിയിട്ടില്ല.

3.ഓരോ പ്രദേശത്തും സ്ഥാപിച്ച യന്ത്രങ്ങൾ എത്ര ആളുകൾ പ്രയോജനപ്പടുത്തി എന്നതിന്റെയും ലഭിച്ച വരുമാനത്തിന്റെയും വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല .

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/21.10.2020) നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ യന്ത്രങ്ങൾ പ്രവർത്തനക്ഷമമാണെന്നും നിലവിൽ കോവിഡ് കാലമായതിനാൽ പ്രവർത്തിപ്പിക്കുന്നില്ലെന്നും അറിയിച്ചു. കൂടാതെ വിത്തു വിതരണ യന്ത്രത്തിന്റെ നടത്തിപ്പും പരിപാലനവും തളിപറമ്പ് ജില്ലാ കൃഷിത്തോട്ടം സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയതിനാൽ മറ്റ് വിശദാംശങ്ങൾ ലഭ്യമല്ലെന്നും അറിയിച്ചിട്ടുണ്ട് . എന്നാൽ യന്ത്രങ്ങളുടെ പ്രവർത്തനം സംബന്ധിച്ച മോണിറ്ററിംഗും മറ്റും നടത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (കൃഷി) ഉത്തരവാദിത്തമാണ്. ഇക്കാര്യത്തിൽ വിശദമായ മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-23 കോക്കനട്ട് നഴ്സറി പാലയാട് - രേഖകൾ/കണക്ക് സൂക്ഷിപ്പിലെ അപാകങ്ങൾ 306243 രൂ.തടസ്സപ്പെടുത്തുന്നു.

പാലയാട് കോക്കനട്ട് നഴ്സറിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട രേഖകൾ/രജിസ്റ്ററുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. 2019-20 വർഷം മാരി ഗോൾഡ്, പൂച്ചെടികൾ, കുരുമുളക്, പച്ചക്കറി തൈ, വിത്ത്, ഗ്രോബാഗ് തുടങ്ങിയവ വിവിധ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇൻവോയ്സ് രജിസ്റ്റർ പ്രകാരം 19,42,856/- രൂപയ്ക്കുള്ള ഉൽപ്പന്നങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത് . ഇതിൽ ആകെ 1,50,000/- രൂപ മാത്രമാണ് തിരികെ ലഭിച്ചിട്ടുള്ളത്.

2. രജിസ്റ്റർ പ്രകാരം 2019-20 വർഷത്തിൽ തെങ്ങിൻ തൈകൾ വിതരണം നടത്തിയ വകയിൽ ആകെ 18,64,775/- രൂപ തിരികെ ലഭിക്കുവാനുണ്ട് . ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

3. പ്രോജക്ട് നമ്പർ 72/20 ദൈനംദിന ചെലവുകൾ എന്ന പ്രോജക്ടിന്റെ ഭാഗമായി ആകെ 28,68,166/- രൂപ ചെലവഴിച്ചിട്ടുണ്ട് . എന്നാൽ ഇതിൽ 2,96,243/- രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4. ചെക്ക് നമ്പർ 5762801/10.03.2020 പ്രകാരം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായ 10,000/- രൂപ

വിനിയോഗിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 1/2019-20/02.11.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമനമ്പർ 3-ലെ പരാമർശ പ്രകാരം രേഖകൾ ലഭ്യമാക്കാത്ത 296243/- രൂപയുടെയും ക്രമ നമ്പർ 4 പ്രകാരം വൗച്ചറുകൾ ലഭ്യമാക്കാത്ത 10000/- രൂപയുടേയും ചെലവ് (296243+10000) 3,06,243/-) തടസ്സപ്പെടുത്തുന്നു.

## 1-24 പുഷ്പ കൃഷി - സർക്കാർ നിർദ്ദേശം പാലിക്കാത്തതും ഗുണഭോക്തൃ വിഹിതം അടവാക്കാത്തതും

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ (വൈ.പി) , കൃഷി |
| പ്രോജക്ട് നമ്പർ / പേര് | 80/2020 പുഷ്പ കൃഷി |
| അടങ്കൽ | 711469 (വികസന ഫണ്ട്)<br>237156 ( ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടയ്ക്കുന്നത്) |
| ആകെ അടങ്കൽ | 948625 |
| ചെലവ് | 419156 (വികസന ഫണ്ട്) |
| ബിൽ നമ്പർ | 1/19-20,21.01.2020 |
| ഇൻവോയ്സ് നം (തളിപ്പറമ്പ് ജില്ലാ കൃഷി ഫാം) | 1) 45/2019, 11.07.2019 ₹329125<br>( 65825 എണ്ണം തൈകൾ) |
| ഇൻവോയ്സ് നം. (കാങ്കോൽ സ്റ്റേറ്റ് സീഡ് ഫാം ) | 2)008/03.12.19 ₹229750<br>(45950 എണ്ണം തൈകൾ) |

2019-20 വാർഷിക പദ്ധതിയിൽ നടപ്പിലാക്കിയ പുഷ്പ കൃഷി പദ്ധതിയിൽ പുഷ്പ കൃഷിക്ക് ആവശ്യമായ തൈകൾ 75% സബ്സിഡിയിൽ വിവിധ കർഷക ഗ്രൂപ്പുകളിലൂടെ വിതരണം ചെയ്ത് ഓണക്കാലത്ത് പൂക്കളുടെ ലഭ്യത ഉറപ്പ് വരുത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഒരു തൈയുടെ വില 5/- രൂപയാണ് . 100 ഗ്രൂപ്പുകളിലൂടെ 189725 എണ്ണം തൈകൾ വിതരണം ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. പദ്ധതി നടപ്പിലാക്കുന്നതിന് 114775 തൈകൾ വാങ്ങിയിട്ടുണ്ട്. തളിപ്പറമ്പ് ജില്ലാ കൃഷി ഫാമിൽ നിന്ന് 65825 തൈകളും, കാങ്കോൽ സ്റ്റേറ്റ് സീഡ് ഫാമിൽ നിന്നും 48950 തൈകളും വാങ്ങി ഗ്രൂപ്പുകൾക്ക് വിവിധ കൃഷി ഭവൻ മുഖേനയാണ് വിതരണം ചെയ്തത്. (ഇതിൽ കാങ്കോൽ സ്റ്റേറ്റ് സീഡ് ഫാമിന്റെ 26.08.19ലെ ഇൻവോയ്സ് പ്രകാരം വാങ്ങിയ 3000 തൈകളുടെ സബ്സിഡി തുക ₹11250 Q ബില്ലാണ്) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് അപാകങ്ങൾ ചുവടെ കൊടുക്കുന്നു .

1. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച 14.2.2018-ലെ സ.ഉ.(എം.എസ്.)22/2018/തസ്വഭവ മാർഗ്ഗരേഖ ഖ-6.1 (25, 26) പ്രകാരം പ്രസ്തുത കൃഷി നടത്തുന്നതിനുള്ള പ്രോജക്റ്റുകൾ വ്യക്തികൾക്ക് നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും, ഗ്രൂപ്പുകൾക്ക് നൽകുന്നതിന് ബ്ലോക്ക് ഗ്രാമപഞ്ചായത്തുകൾക്കും മാത്രമെ ഏറ്റെടുക്കാൻ പാടുള്ളൂ. എന്നാൽ ഇതിന് വിരുദ്ധമായാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

3. ഗുണഭോക്തൃ വിഹിതമിനത്തിൽ ₹143469 പിരിച്ചെടുക്കേണ്ടതായിരുന്നു. ഇതിൽ 108969/- രൂപ പിരിച്ചെടുത്തിട്ടുണ്ട്. ബാക്കി തുകയായ 34500/- രൂപ പായം ഗ്രാമപഞ്ചായത്ത് നാളിതുവരെ അടവാക്കിയിട്ടില്ല.

4. കൃഷി അനുബന്ധ മേഖലകളും വർക്കിംഗ് ഗ്രൂപ്പ് പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല .

മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ- 11/16.10.2020) ഗുണഭോക്തൃ വിഹിതം അടവാക്കുന്നതായി പായം ഗ്രാമ പഞ്ചായത്ത് അറിയിച്ചിട്ടുണ്ടെന്നും കൂടാതെ പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം തളിപ്പറമ്പ് ജില്ലാ കൃഷി ഫാം, കാങ്കോൽ സ്റ്റേറ്റ് സീഡ് ഫാം എന്നീ സ്ഥാപനങ്ങളുടെ അക്കൗണ്ടുകളിൽ നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ 31.03.2020 ലെ ടിസി(1)3736/19 നമ്പർ കത്ത് മുഖേന ജില്ലാ പഞ്ചായത്തിനോട് അപേക്ഷിച്ചിട്ടുണ്ടെന്ന വിവരവും മറുപടിയിൽ വിശദമാക്കിയിട്ടുണ്ട്. പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ട്, പായം ഗ്രാമ പഞ്ചായത്ത് ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ് .

## 1-25 നെൽകൃഷിക്ക് കൂലി ചെലവ് -വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് ധനസഹായം അനുവദിച്ചത് - വിനിയോഗ വിവരം ലഭ്യമാക്കാത്തതും , മറ്റ് അപാകങ്ങളും .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ (വ.മ) , കൃഷി |
| പ്രോജക്റ്റ് നമ്പർ/ പേര് | 83/2020 നെൽകൃഷിക്ക് കൂലി ചെലവ് ഗ്രാമ പഞ്ചായത്തുകൾക്ക് ധനസഹായം |
| അടങ്കൽ | 23200000/- (വികസന ഫണ്ട്)<br>23200000/- (മറ്റ് ഗ്രാമ പഞ്ചായത്ത്) |
| ആകെ അടങ്കൽ | 46400000/- |
| ചെലവ് | 12111475/- |
| ബിൽ നമ്പർ | 1/19-20,5.09.19 ₹935000<br>2/19-20,5.09.19 ₹720000<br>3/19-20,05.09.19₹510000<br>4/19-20,26.09.19 ₹212500<br>5/19-20,26.09.19₹875500<br>6/19-20,26.09.19 ₹952000<br>7/19-20,26.09.19₹1479000<br>8/19-20,01.10.19₹892500<br>9/19-20,01.10.19₹637500<br>10/19-20,01.10.19₹654500<br>ആകെ - 7868500/- |

നെൽകൃഷിക്ക് കൂലി ചെലവ് ഇനത്തിൽ ഒരു ഹെക്ടറിന് 17000/- രൂപ നിരക്കിൽ 8500/- രൂപ ജില്ലാ പഞ്ചായത്ത് വിഹിതവും, 8500/- രൂപ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തും വഹിക്കുന്നു. കൂലി ചെലവ് കഴിച്ച് ബാക്കി തുക കർഷകർ സ്വയം ചെലവിടുന്നതാണ്. പദ്ധതിയുടെ നിർവ്വഹണം ഗ്രാമ പഞ്ചായത്തുകൾക്കാണ്. 200 ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. പദ്ധതി പ്രകാരം നെൽകൃഷി ചെയ്തത് സംബന്ധിച്ച് ഗ്രാമ പഞ്ചായത്തുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ അപേക്ഷകളുടെ അടിസ്ഥാനത്തിലാണ് തുക നൽകുന്നത് .

അപാകങ്ങൾ -

1. കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വ.മ) കണ്ണൂരിന്റെ ടി ഡി(1) 6402/2019/30.03.2020 നമ്പർ ഉത്തരവ് പ്രകാരം നെൽകൃഷിക്ക് കൂലി ചെലവിനത്തിൽ 21928540/- രൂപയുടെ പദ്ധതി വിഹിതം വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുണ്ട്. മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം മാറിയ തുക (₹78,68,500) 13 ഗ്രാമ പഞ്ചായത്തുകളുടെ അക്കൗണ്ടുകളിലേക്ക് കൈമാറിയതിന്റെ വിവരം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി തുകയായ 42,42,975/- രൂപ കൈമാറിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല .

2. ഓഡിറ്റിന് ഹാജരാക്കിയ അലോട്ട്മെന്റ് രജിസ്റ്റർ പ്രകാരം താഴെ കൊടുത്ത ഗ്രാമ പഞ്ചായത്തുകൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതം അനുവദിച്ചിട്ടുണ്ട് . എന്നാൽ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല .

| ക്രമ നമ്പർ | ഗ്രാമ പഞ്ചാത്ത് | തുക കൈപ്പറ്റിയത് |
|---|---|---|
| 1 | കണ്ണപുരം | 1008304 |
| 2 | ചെറുതാഴം | 875500 |
| 3 | ചെറുകുന്ന് | 425000 |

| | | |
|---|---|---|
| 4 | കല്ല്യാശ്ശേരി | 467500 |
| 5 | ഏഴോം | 637500 |
| 6 | നാറാത്ത് | 660076 |
| 7 | കരിവെള്ളൂർ പെരളം | 720000 |
| 8 | കൊളച്ചേരി | 510000 |
| 9 | ചെമ്പിലോട് | 102000 |
| 10 | കുറുമാത്തൂർ | 850000 |
| 11 | പട്ടുവം | 1479000 |
| 12 | പേരാവൂർ | 59500 |
| 13 | കീഴല്ലൂർ | 212500 |
| 14 | മയ്യിൽ | 2162808 |
| 15 | മാട്ടൂൽ | 187000 |
| 16 | പടിയൂർ | 212500 |
| 17 | പരിയാരം | 44138 |
| 18 | ചപ്പാരപ്പടവ് | 85000 |
| 19 | കടന്നപള്ളി | 297500 |
| 20 | മലപ്പട്ടം | 70710 |
| 21 | കാങ്കോൽ ആലപ്പടമ്പ് | 510000 |
| 22 | കടമ്പൂർ | 49079 |
| 23 | ഉളിക്കൽ | 311440 |
| 24 | കോളയാട് | 68000 |
| 25 | ചെങ്ങളായി | 106420 |
| | ആകെ | 12111475 |

ഗ്രാമ പഞ്ചായത്തുകളിൽ നിർവ്വഹണം നടത്തുന്ന ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ തുക കൈപ്പറ്റിയതിന്റെ വിവരം, അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.38/21.10.2020) 2019 നവംബർ മുതൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് സർക്കാർ മാനദണ്ഡം പുതുക്കിയത് കാരണം (സാംഖ്യ സോഫ്റ്റ് വെയർ മുഖാന്തിരം) ഇതിലൊന്നും രേഖകളായി സൂക്ഷിക്കേണ്ട പകർപ്പുകൾ ലഭിക്കുന്നില്ലെന്നും, പഞ്ചായത്ത് തല നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മാത്രമാണ് രേഖകൾ ലഭിക്കാൻ സാധ്യത ഉള്ളതായും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. കൂടാതെ വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ എത്രയും വേഗം ലഭ്യമാക്കുന്നതായും അറിയിക്കുകയുണ്ടായി. ആയത് ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്ത് തല നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും തുക മാറിയ രേഖകളുടെ പകർപ്പുകൾ വാങ്ങി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .

1-26 പച്ചക്കറി കൃഷിക്ക് കൂലി ചെലവ് - ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകിയത് - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ ( വൈ.പി) , കൃഷി |
| പ്രോജക്ട് നമ്പർ / പേര് | 90/2020 പച്ചക്കറി കൃഷിക്ക് കൂലി ചെലവ് ഗ്രാമ പഞ്ചായത്തുകൾക്ക് ധനസഹായം |
| അടങ്കൽ | 2000000 (വികസന ഫണ്ട്)<br>2000000 ( മറ്റ് ഗ്രാമ പഞ്ചായത്ത്) |
| ആകെ അടങ്കൽ | 4000000 |
| ചെലവ് | 229270 |

പച്ചക്കറി കൃഷിക്ക് കൂലി ചെലവ് ഇനത്തിൽ ഒരു ഹെക്ടറിന് 17000/- രൂപ നിരക്കിൽ 8500/- രൂപ ജില്ലാ പഞ്ചായത്ത് വിഹിതവും, 8500/- രൂപ ഗ്രാമ പഞ്ചായത്തും വഹിക്കുന്നു. പദ്ധതിയുടെ നിർവ്വഹണം ഗ്രാമ പഞ്ചായത്തുകൾക്കാണ്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ വിഹിതം അനുവദിക്കുന്നു. വിവിധ പഞ്ചായത്തുകളിലായി 235.9 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. പദ്ധതി പ്രകാരം 20 ഗ്രാമ പഞ്ചായത്തുകളുടെ സെക്രട്ടറിമാർ സമർപ്പിച്ച അപേക്ഷ, പ്രോജക്ട് റിപ്പോർട്ട് എന്നിവ പ്രകാരം തുക അനുവദിച്ചിരിക്കുന്നു. അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പ്രിൻസിപ്പൽ കൃഷി ഓഫീസർ ,കണ്ണൂരിന്റെ 21-01-2020ലെ ടി.ഡി(1)6439/19 നംകത്ത് പ്രകാരം 18,46,930/- രൂപ 28 ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു .

| ക്രമ നം | പഞ്ചായത്തുകളിലെ കൃഷി ഭവൻ | അനുവദിച്ച തുക | ക്രമ നം | പഞ്ചായത്തുകളിലെ കൃഷി ഭവൻ | അനുവദിച്ച തുക |
|---|---|---|---|---|---|
| 1 | ചപ്പാരപ്പടവ് | 8500 | 11 | മാലൂർ | 56000 |
| 2 | കുറുമാത്തൂർ | 12750 | 12 | കാങ്കോൽ | 85000 |
| 3 | ചെങ്ങളായി | 102000 | 13 | അഴീക്കോട് | 425000 |
| 4 | ആലക്കോട് | 120000 | 14 | എരമം-കുറ്റൂർ | 17000 |
| 5 | ഇരിക്കൂർ | 13000 | 15 | കണ്ണപുരം | 42500 |
| 6 | മയ്യിൽ | 170000 | 16 | മാട്ടൂൽ | 25500 |
| 7 | ഉളിക്കൽ | 72000 | 17 | ആറളം | 212500 |
| 8 | മലപ്പട്ടം | 20000 | 18 | പട്ടുവം | 51680 |
| 9 | നാറാത്ത് | 51000 | 19 | നടുവിൽ | 42500 |
| 10 | ചെറതാഴം | 170000 | 20 | കുറ്റ്യാട്ടൂർ | 150000 |
| | | | | ആകെ | 18,46,930 |

സംയുക്ത പ്രോജക്ട് ബില്ലുകൾ മാറുന്നതിന് പുതിയ രീതി നിലവിൽ വന്ന സാഹചര്യത്തിൽ പ്രോജക്ട് നിർവ്വഹണം നടത്തുന്ന ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ തുക കൈപ്പറ്റിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല .

2. മേൽ പ്രോജക്ട് പ്രകാരം 2,29,270/- രൂപ ചെലവ് ചെയ്തതായി ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പദ്ധതി വിഹിതം മാറിയെടുക്കുന്നതിന് സാംഖ്യ സോഫ്റ്റ് വെയറിൽ മാപ്പിങ് നടത്തി ബില്ലുകൾ മാറിയതിന്റെ രേഖകൾ

ഫയലിൽ ലഭ്യമല്ല. ധനസഹായം അനുവദിച്ച താഴെ കൊടുത്ത പഞ്ചായത്തുകളിൽ നിന്നും വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു .

| ക്രമ നം | പഞ്ചായത്തുകളിലെ കൃഷി ഭവൻ | ചെലവ് തുക | ക്രമ നം | പഞ്ചായത്തുകളിലെ കൃഷി ഭവൻ | അനുവദിച്ച തുക |
|---|---|---|---|---|---|
| 1 | ചപ്പാരപ്പടവ് | 8500 | 5 | മാട്ടൂൽ | 25500 |
| 2 | മലപ്പട്ടം | 20000 | 6 | കണ്ണപുരം | 42500 |
| 3 | ചെങ്ങളായി | 34000 | 7 | നടുവിൽ | 42500 |
| 4 | ആലക്കോട് | 39270 | 8 | എരമം-കുറ്റൂർ | 17000 |

3. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 12/ 16.10.2020) മറുപടിയിൽ സംയുക്ത പ്രോജക്ട് ബില്ലുകൾ മാറുന്നതിനു പുതിയ സംവിധാനം നിലവിൽ വന്ന സാഹചര്യത്തിൽ (സാംഖ്യ സോഫ്റ്റ് വെയർ മുഖേന) കോപ്പികൾ ഒന്നും ലഭിക്കുന്നില്ലായെന്നും, ACR ൽ നിന്നും ചെലവ് വിവരങ്ങൾ ലഭ്യമാകുന്നതിനാൽ തുക മാറിയതിന്റെ രേഖകൾ ഗ്രാമ പഞ്ചായത്തിൽ നിന്നും ശേഖരിക്കാതിരുന്നത് എന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമാക്കിയത്. മോണിറ്ററിംഗ് റിപ്പോർട്ട്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ അടിയന്തിരമായി സമർപ്പിക്കുന്നതായും അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-27 ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ തുകകളുടെ വിനിയോഗസാക്ഷ്യപത്രം ,മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല

2019-2020 വാർഷിക പദ്ധതിയിൽ നടപ്പിലാക്കിയ താഴെ പറയുന്ന സംയുക്ത പ്രോജക്ടുകൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായി ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തുകൾക്ക് തുക കൈമാറിയതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു .

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഡെപ്യൂട്ടി ഡയറക്ടർ (വൈ.പി ) , കൃഷി

| ക്രമ നം. | പ്രോജക്ട് വിശദാംശങ്ങൾ | തുക അനുവദിച്ചത് |
|---|---|---|
| 1 | പ്രോജക്ട് നമ്പർ/പേര് - 86/2020 (തരിശ് കൈപ്പാട് കൃഷി പ്രോത്സാഹനം -ഗ്രാമ പഞ്ചായത്തുകൾക്ക് ധനസഹായം )<br>അടങ്കൽ - 10800000 (വികസന ഫണ്ട്)<br>- 640000 (മറ്റ് ഗ്രാമ പഞ്ചായത്ത് )<br>ആകെ - 11440000<br>ചെലവ് - 450000 | 1.കണ്ണപുരം - ₹ 190795<br>2.കൊളച്ചേരി-₹ 450000<br>3. പട്ടുവം -₹ 4890000<br>4. ചെറുകുന്ന് - ₹ 628976<br>5. രാമന്തളി -₹ 120000<br>6.മുണ്ടേരി- ₹ 180000<br>7.എഴോം- ₹ 3700000 |
| 2 | പ്രോജക്ട് നമ്പർ / പേര് - 87/2020 (തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ )<br>അടങ്കൽ - 658000 (വികസന ഫണ്ട്)<br>- 329000 (മറ്റ് ഗ്രാമ പഞ്ചായത്ത് )<br>ആകെ - 987000<br>ചെലവ് - 402400 | 1.നാറാത്ത്-₹40000<br>2.രാമന്തളി-₹ 66000<br>3 കഞ്ഞിമംഗലം-₹57000<br>4ചെങ്ങളായി - ₹ 10000 |
| 3 | പ്രോജക്ട് നമ്പർ / പേര് - 119/2020 (കാർഷിക | 1.പായം-₹ 299000 |

| | | |
|---|---|---|
| | സ്വയം പര്യാപ്ത ഗ്രാമങ്ങൾ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ )<br>അടങ്കൽ - 2600000 (വികസന ഫണ്ട്)<br>- 2600000 (മറ്റ് ഗ്രാമ പഞ്ചായത്ത് )<br>ആകെ - 5200000<br>ചെലവ് - 995475 | 2.കീഴല്ലൂർ -₹ 56000<br>3.വേങ്ങാട്-₹ 50000<br>4.ചെറുകുന്ന്-₹50000<br>5.പന്ന്യന്നൂർ-₹22000<br>6.കുറ്റ്യാട്ടൂർ-₹200000<br>7.ഉളിക്കൽ-₹250000<br>8.പാപ്പിനിശേരി-₹68475 |
| 4. | പ്രോജക്റ്റ് നമ്പർ / പേര് - 176/2020 (സംയോജിത കൃഷി ഗ്രാമ പഞ്ചായത്തുകൾക്ക് ധനസഹായം )<br>അടങ്കൽ - 165000 (വികസന ഫണ്ട്)<br>ചെലവ് - 109375 | 1.കോളയാട്-₹84375<br>മലപ്പട്ടം- ₹25000<br>ആകെ-109375<br>(മലപ്പട്ടം ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്) |

ഇു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-10/16.10.2020) ലഭിച്ച മറുപടിയിൽ സാംഖ്യ ആപ്ലിക്കേഷൻ മുഖേനയാണ് നിലവിൽ തുക കൈമാറുന്നതെന്നും BAMS ൽ നിന്നും ലഭിക്കുന്ന ബില്ലുകളുടെ പകർപ്പുകൾ ഇപ്പോൾ ഗ്രാമ പഞ്ചായത്തുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരാണ് സൂക്ഷിക്കുന്നതെന്നും, മേലിൽ ബില്ലുകളുടെ പകർപ്പുകൾ ഗ്രാമ പഞ്ചായത്തുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വാങ്ങി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന വിനിയോഗ സാക്ഷ്യപത്രം, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് നൽകുന്ന മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-28 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് , ബഡ്സ് സ്കൂളുകൾക്ക്ധനസഹായം എന്നീ പദ്ധതികളുടെ ചെലവ് രേഖകൾ മുഴുവനായി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല- ചെലവ് തുക 2,16,81,291/-രൂപ തടസ്സത്തിൽ വെക്കുന്നു.

| ക്രമ നം. | പദ്ധതികളുടെ പേര്/ പ്രൊജക്റ്റ് നം. | അടങ്കൽ | ചെലവ് | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|---|---|
| 1<br>2 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് 207/19-20<br>ബഡ്സ് സ്കൂളുകൾക്ക് ധനസഹായം 293/19-20 | 2,00,00,000/- (വികസനഫണ്ട്)<br>75,00,000/- (വികസനഫണ്ട്- | 1,80,97,193/-<br>35,84,098/- | ജില്ലാ സാമൂഹ്യ നീതി ഓഫീസർ |

മേൽ പട്ടികയിൽ കാണിച്ച പദ്ധതികളുടെ നടത്തിപ്പിനായി ചെലവഴിച്ച തുകകളുടെ താഴെ പറയുന്ന ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ട് 16.10.2020-ന് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 7/2020) അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

1. പദ്ധതികൾക്കാവശ്യമായ തുകകൾ നിർവ്വഹണോദ്യോഗസ്ഥനായ ജില്ലാ സാമൂഹ്യ നീതി ഓഫീസർ ഏതൊക്കെ തദ്ദേശസ്ഥാപനങ്ങൾക്ക്, എത്ര തുക വീതം നൽകി എന്നതിന്റെ വിവരം/രേഖകൾ.

2. പദ്ധതി തുകകൾ ആവശ്യമാണെന്ന് കാണിച്ച് തദ്ദേശസ്ഥാപനങ്ങൾ ലഭ്യമാക്കിയ റിക്വസ്റ്റ്, മേൽ പദ്ധതികൾക്കു വേണ്ടി തദ്ദേശസ്ഥാപനങ്ങൾ രൂപീകരിച്ച പ്രൊജക്റ്റിന്റെ ശരി പകർപ്പ്

3. തദ്ദേശ സ്ഥാപനങ്ങൾ തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം

മേൽ കാണിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തുക 2,16,81,291/- രൂപ തടസ്സത്തിൽ

വെക്കുന്നു.

## 1-29 അംഗ പരിമിതരുടെ കലാകായിക അഭിരുചി പ്രോത്സാഹനം - 1000/-രൂപയിൽ കൂടുതലുള്ള ചെലവ് തുകകൾ പണമായി നൽകുന്നത് ഒഴിവാക്കേണ്ടതാണ്

2018-19 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗ പരിമിതരുടെ കലാകായിക അഭിരുചി പ്രോത്സാഹനം എന്ന പദ്ധതി രൂപീകരിച്ച് വികസന ഫണ്ടിൽ നിന്ന് 2,82,984/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അംഗ പരിമിതരുടെ കലാകായിക അഭിരുചി പ്രോത്സാഹനം |
| പ്രോജക്ട് നം | 331/2019-20 |
| അടങ്കൽ | ₹3,50,000/- വികസനഫണ്ട് |
| നിർവ്വഹണോദ്യോഗസ്ഥൻ | ജില്ലാ സാമൂഹ്യ നീതി ഓഫീസർ |
| ചെലവ് | ₹2,82,984/- വികസന ഫണ്ട്. |
| ബിൽ നം. | 9/19-20 26.2.2020 |

2019 ഡിസംബർ 3, 4 തീയ്യതികളിൽ അംഗപരിമിതരായവരുടെ കലാ-കായിക അഭിരുചി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി നടത്തിയ പരിപാടിക്കാണ് തുക ചെലവഴിച്ചിട്ടുള്ളത്. ആകെ ചെലവഴിച്ച 2,82,934/- രൂപയിൽ 20,952/- രൂപ നിർവ്വഹണോദ്യോഗസ്ഥനായ ജില്ലാ സാമൂഹ്യ നീതി ഓഫീസർ നേരിട്ട് ട്രഷറിയിൽ നിന്ന് പിൻവലിച്ച് പരിപാടിക്കാവശ്യമായ വാങ്ങലുകൾക്കും/സേവനങ്ങൾക്കും നൽകുകയാണുണ്ടായത്. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമ നം. | തുക കൈപറ്റിയ വ്യക്തികൾ / സ്ഥാപനം | നൽകിയ തുക | ലഭ്യമാക്കിയ സാധനങ്ങൾ/സേവനങ്ങൾ |
|---|---|---|---|
| 1 | ഫോട്ടോലാന്റ് ഡിജിറ്റൽ പ്രസ് , കണ്ണൂർ | 1010/- | ഫോട്ടോ പ്രിന്റ് ചെയ്ത ചാർജ്ജ് |
| 2 | ഭാരത് ഫ്ലവർ, കണ്ണൂർ | 5000/- | സ്റ്റേജ് ഡക്കറേഷൻ |
| 3 | പ്രതീക്ഷാ പ്രിന്റേർസ്, കണ്ണൂർ | 400/- | പ്രിന്റിംഗ് ചാർജ് |
| 4 | പയ്യന്നൂർ ഖാദി | 742/- | ബാഡ്ജ് ലഭ്യമാക്കിയതിന് |
| 5 | യത്തീം പ്രസ് , പാപ്പിനിശ്ശേരി | 800/- | പ്രിന്റിംഗ് ചാർജ് |
| 6 | ജഡ്ജിംഗ് കമ്മറ്റി മെമ്പർ മാരുടെ വേതനം | 4 അംഗങ്ങൾക്ക് 1,000/-രൂപ വീതവും, 6 അംഗങ്ങൾക്ക് 1,500/- രൂപ വീതവും ആകെ 13000/- രൂപ | ജഡ്ജിംഗ് കമ്മറ്റി മെമ്പർമാരുടെ വേതനം |
| | ആകെ | 20,952/- | |

സർക്കാർ ഉത്തരവ് ജി.ഒ(പി)177/2006/ഫിൻ തിയ്യതി 12.4.2006 അനുസരിച്ച് വ്യക്തി/സ്ഥാപനം/കോൺട്രാക്ടർ/സപ്ലയർ എന്നിവർക്ക് 1000/- രൂപയിൽ താഴെയുള്ള തുകയേ പണമായി നേരിട്ട് നൽകാൻ പാടുള്ളു എന്നിരിക്കെ മുകളിൽ പട്ടികയിൽ കാണിച്ച 1000/- രൂപയിൽ കൂടുതലുള്ള തുകകൾ പണമായി നേരിട്ട് നൽകിയത് ചട്ടപ്രകാരമുള്ള നടപടിയല്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 ജില്ലാ പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിൽ ക്ലീനിംഗ് കിറ്റ് വിതരണം- വിതരണ രേഖകൾ പൂർണ്ണമായി ഹാജരാക്കിയിട്ടില്ല-ചെലവ് തുക 2,96,637/- രൂപ തടസ്സപ്പെടുത്തുന്നു

2018-19 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിൽ ക്ലീനിംഗ് കിറ്റ് വിതരണം എന്ന പദ്ധതി രൂപീകരിച്ച് തനത് ഫണ്ടിൽ നിന്ന് 2,96,630/- രൂപ

ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ജില്ലാ പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിൽ ക്ലീനിംഗ് കിറ്റ് വിതരണം |
| പ്രോജക്ട് നം | 939/2019-20 |
| അടങ്കൽ | ₹3,00,000/- തനത് ഫണ്ട് |
| നിർവ്വഹണോദ്യോഗസ്ഥൻ | വിദ്യാഭ്യാസ ഉപഡയറക്ടർ |
| ചെലവ് | ₹2,96,637/- |
| ചെക്ക് നം. | എസ്.ബി എക്സ്.വൈ /5762094/05.03.20 |

ജില്ലാ പഞ്ചായത്തിന് കീഴിലുള്ള 72 സ്കൂളുകളിൽ ക്ലീനിംഗ് കിറ്റ് വിതരണത്തിനായി 04.12.2019ന് വിദ്യാഭ്യാസ ഉപഡയറക്ടർ നോട്ടീസ് നം. ജി4/21923/2019 പ്രകാരം ടെണ്ടർ ക്ഷണിക്കുകയും. ടെണ്ടറിൽ പങ്കെടുത്തവരിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ "മാച്ചാ ആൾട്ടർനേറ്റീവ് പ്രൊഡക്ട്"" എടക്കേപ്പുറം സൗത്ത്, കണ്ണപുരം എന്ന സ്ഥാപനത്തെ 16.12.2019 ലെ ജി4/21923/19 നടപടിക്രമം പ്രകാരം തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

തുടർന്ന് ക്ലീനിംഗ് കിറ്റ് ലഭ്യമാക്കിയതിന്റെ ക്യാഷ് ബിൽ (നം 71/13.1.2020) ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 20.2.2020 ന് മേൽസ്ഥാപനത്തിന്റെ എസ് ബി. ഐയിലുള്ള 67358475573 നമ്പർ അക്കൗണ്ടിലേക്ക് തുക അനുവദിക്കുകയും ചെയ്തു.

ലഭ്യമാകുന്ന ക്ലീനിംഗ് കിറ്റിലുള്ള സാധനങ്ങളിൽ ഓരോ സ്കൂളിനും 2 ക്ലീനിംഗ് ഡെസ്റ്റർ, 5 ബ്രൂം, 5 ടോയിലറ്റ് ക്ലീനിംഗ് ബ്രഷ്, 5 റബ്ബർ ഗ്ലൗസ്, 4 ലിറ്റർ ട്രിപ്പിൾ ആക്ടീവ് ഡിസ്ഇൻഫെക്ടന്റ്, 2 ലിറ്റർ ഹാന്റ് വാഷ്, 1 മോപ്പ് ബക്കറ്റ് ക്ലീനർ എന്നിങ്ങനെ വിതരണം ചെയ്യുവാനായി വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ജി.4/21923/2019 തീയ്യതി 16.12.2019 പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. 72 സ്കൂളുകളിൽ വിതരണത്തിനായി ക്ലീനിംഗ് കിറ്റ് വാങ്ങിയിട്ടുണ്ടെങ്കിലും 49 സ്കൂളുകളിൽ കിറ്റ് വിതരണം ചെയ്തതിന്റെ വിതരണ രേഖകൾ മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ.

2. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് "മാച്ചാ ആൾട്ടർനേറ്റീവ് പ്രൊഡക്ട്""എന്ന സ്ഥാപനവുമായി കരാർ ഉണ്ടാക്കിയിട്ടില്ല. പദ്ധതി മോണിറ്റർ ചെയ്തതിന്റെ വിവരങ്ങൾ ഫയലിൽലഭ്യമല്ല.

അപാകതകൾ സംബന്ധിച്ച് 27.10.2020 ന് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 43/2020 ന് മറുപടി ഹാജരാക്കിയിട്ടില്ല. ചെലവ് തുക 2,96,637/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-31 വിദ്യാലയങ്ങളിൽ കംപ്യൂട്ടർ വിതരണം - ചട്ടപ്രകാരമുള്ള വാങ്ങൽ നടപടിക്രമം പാലിച്ചിട്ടില്ല, കംപ്യൂട്ടർ മുഴുവനായി വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല - ചെലവ് തുക ₹29,95,020/- തടസ്സപ്പെടുത്തുന്നു.

വിദ്യാലയങ്ങളിൽ കംപ്യൂട്ടർ വിതരണം എന്ന പദ്ധതി നിർവ്വഹണത്തിനായി കെൽട്രോണിൽ നിന്ന് കംപ്യൂട്ടർ വാങ്ങിയതിന് 2019-20 വർഷം മെയിന്റനൻസ് ഫണ്ട് റോഡിതരത്തിൽ നിന്ന് 29,95,020/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വിദ്യാലയങ്ങളിൽ കംപ്യൂട്ടർ വിതരണം |
| പ്രോജക്ട് നം | 581/2019-20 (സ്പിൽ ഓവർ) |
| അടങ്കൽ | ₹30,00,000/- മെയിന്റനൻസ് ഫണ്ട് റോഡിതരം |
| നിർവ്വഹണോദ്യോഗസ്ഥൻ | വിദ്യാഭ്യാസ ഉപഡയറക്ടർ |
| ചെലവ് | ₹29,95,020/- |
| ബിൽ നം. | 1/19 8.7.2019 |

ജില്ലാ പഞ്ചായത്ത് തെരഞ്ഞെടുക്കുന്ന സർക്കാർ സ്കൂളുകളിൽ കംപ്യൂട്ടർ വിതരണം ചെയ്യാൻ 2018-19 ൽ രൂപീകരിച്ച പദ്ധതിയുടെ (പ്രോജക്ട് നം37/19)പൂർത്തീകരണവുംകംപ്യൂട്ടർ വാങ്ങിയതിന്റെ തുക നൽകിയതും 2019-20ലാണ്. 7.7.2018 ലെ ജില്ലാ പഞ്ചായത്ത് തീരുമാനം നമ്പർ 65/18(9) അനുസരിച്ച് ജില്ലയിലെ തെരഞ്ഞെടുത്ത 24 സർക്കാർ സ്കൂളുകളിൽ കംപ്യൂട്ടർ വിതരണം ചെയ്യാനാണ് തീരുമാനിച്ചത്. മാനേജർ, കെൽട്രോൺ, അബേദ്കർ ബിൽഡിംഗ് , റെയിൽവേ സ്റ്റേഷൻ ലിങ്ക് റോഡ് കോഴിക്കോട് എന്ന സ്ഥാപനത്തിന് ടെണ്ടർ നടപടിക്രമം ഇല്ലാതെ കംപ്യൂട്ടർ സപ്ലൈ ചെയ്യാൻ അനുമതി നൽകുകയാണുണ്ടായത്.

തുടർന്ന് 15.1.2019 ലെ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് നം. ജി4/13185/2018 പ്രകാരം താഴെ പറയുന്ന സ്കൂളുകളിൽ താഴെ പട്ടികയിൽ കാണിച്ച എണ്ണം കംപ്യൂട്ടർ നൽകുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തി.

| ക്രമ നം. | വിദ്യാലയത്തിന്റെ പേര് | അനുവദിച്ച കംപ്യൂട്ടർ |
|---|---|---|
| 1 | ജി.എച്ച്.എസ്.എസ്. കോട്ടയം മലബാർ | 3 |
| 2 | ജി.എച്ച്.എസ്.എസ്.വടക്കുമ്പാട് | 3 |
| 3 | ജി.എച്ച്.എസ്.എസ്.ആറളം | 3 |
| 4 | ജി.ബി.എച്ച്.എസ്.എസ്.ചെറുകുന്ന് | 3 |
| 5 | ജി.എച്ച്.എസ്.എസ്.തടിക്കടവ് | 3 |
| 6 | ജി.എച്ച്.എസ്.എസ്.പട്ടുവം | 3 |
| 7 | ജി.എച്ച്.എസ്.എസ്.അരോളി | 3 |
| 8 | ജി.എച്ച്.എസ്.എസ്.മുണ്ടേരി | 3 |
| 9 | ജി.എച്ച്.എസ്.എസ്.മുഴപ്പിലങ്ങാട് | 3 |
| 10 | ജി.ബി.എച്ച്.എസ്.എസ്.മാടായി | 3 |
| 11 | ജി.എച്ച്.എസ്.എസ്.ചട്ടുകപ്പാറ | 3 |
| 12 | ജി.എച്ച്.എസ്.എസ്.മലപ്പട്ടം | 3 |
| 13 | ജി.എച്ച്.എസ്.എസ്.കുഞ്ഞിമംഗലം | 4 |
| 14 | ജി.എച്ച്.എസ്.എസ്.എട്ടിക്കുളം | 4 |
| 15 | ജി.എച്ച്.എസ്.എസ്.കൊട്ടില | 4 |
| 16 | ജി.എച്ച്.എസ്.എസ്.ചെറുതാഴം | 4 |
| 17 | ജി.എച്ച്.എസ്.എസ്.അഴിക്കോട് | 4 |
| 18 | ജി.എച്ച്.എസ്.എസ്.വയക്കര | 4 |
| 19 | ജി.എച്ച്.എസ്.എസ്.പുളിങ്ങോം | 4 |
| 20 | ജി.എച്ച്.എസ്.എസ്.കോഴിച്ചാൽ | 4 |
| 21 | ജി.എച്ച്.എസ്.എസ്.ശ്രീപുരം | 4 |
| 22 | ജി.എച്ച്.എസ്.എസ്.കാർത്തികപുരം | 4 |
| 23 | ജി.എച്ച്.എസ്.എസ്.തവിടിശ്ശേരി | 4 |

| | | |
|---|---|---|
| 24 | ജി.എച്ച്.എസ്.എസ്.പെരിങ്കേരി | 4 |

7.3.2019 ലെ കെൽട്രോണിന്റെ ഇൻവോയിസ് നം കെ.എസ്.ഇ.ഡി.സി /സി.എൽ.ടി./2018-19/ഒ.എ/2551/199 പ്രകാരം 84 കംപ്യൂട്ടറും അനുബന്ധ ഉപകരണവും (യു.പി.എസ്) സപ്ലൈ ചെയ്തതിന് 29,35,120/- രൂപ 8.7.2019 ന് നിർവ്വഹണോദ്യോഗസ്ഥൻ കെൽട്രോണിന് നൽകി. (ആകെ 84 കംപ്യൂട്ടർ, യു.പി.എസ് വില+18% G.S.T=29,95,020/- ഇതിന്റെ 2% തുകയായ 59,900/- രൂപ G.S.Tയായി പഞ്ചായത്ത് നേരിട്ട് ട്രഷറിയിൽ ഒടുക്കി ബാക്കി തുക യായ 29,35,120/-രൂപ കെൽട്രോണിന് നൽകി).

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ താഴെപറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1-a) സർക്കാർ ഉത്തരവ് (ആർ.ടി) നം.3299/2016/ത.സ്വ.ഭവ. തീയ്യതി 2.12.2016 അനുസരിച്ച് സർക്കാർ/അർദ്ധസർക്കാർ /സർക്കാർ അംഗീകൃത ഏജൻസികൾ എന്നിവയിൽ നിന്ന് ടെണ്ടർ നടപടി ഒഴിവാക്കി സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള അനുമതി ഈ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവയ്ക്ക് മാത്രമാണ്.

B) സർക്കാർ ഉത്തരവ് (കൈ) നം.01/2016/എസ്.പി.ഡി തീയ്യതി8.12.2016 പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്ന് വാങ്ങൽ നടത്തുമ്പോൾ പർച്ചേസ് ഓർഡർ മൂല്യത്തിന്റെ 50% സാധനങ്ങളും സ്ഥാപനം നിർമ്മിച്ചവയാകണം സ്ഥാപനം നിർമ്മിക്കാത്തവയാണെങ്കിൽ ഓപ്പൺ'ടെണ്ടർ വഴി വാങ്ങേണ്ടതാണ്.

മേൽ സർക്കാർ ഉത്തരവുകൾ നിലനിൽക്കേ Dell എന്ന ബ്രാൻഡിന്റെ Desktop ഉം Numeric എന്ന ബ്രാൻഡിന്റെ U.P.S ഉം ആണ് കെലട്രോൺ സപ്ലൈ ചെയ്തത് . കെൽട്രോൺ നിർമ്മിക്കാത്ത ഉല്പന്നങ്ങൾക്ക് ടെണ്ടർനടപടി ഒഴിവാക്കി കെൽട്രോണിന് സപ്ലൈ ഓർഡർ നൽകിയതിന് മറുപടി നൽകേണ്ടതാണ്.

2. മുകളിൽ പട്ടികയിൽകാണിച്ച 24 സ്കൂളുകളിൽ 84 എണ്ണം കംപ്യൂട്ടർ വിതരണത്തിന് കെലട്രോണിന് അനുമതി നൽകി തുക കൈമാറിയെങ്കിലും 20 സ്കൂളുകളിലായി 68 കംപ്യൂട്ടർ വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രശീതുകൾ മാത്രമേ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ.16 കമ്പ്യൂട്ടറുകൾ വിതരണം ചെയ്തതായി കാണുന്നില്ല.

3. സ്കൂളുകളിൽ കമ്പ്യൂട്ടർ വിതരണത്തിനായി കെൽട്രോണുമായി കരാർ ഉണ്ടാക്കിയത് അപൂർണ്ണവും, വിദ്യാഭ്യാസ ഉപ ഡയറക്ടർ ഒപ്പ് രേഖപ്പെടുത്താതുമാണ്. കൂടാതെ മലപ്പട്ടം എ.കെ.എസ്. ജി.എച്ച്.എസ്.എസ് ന് പദ്ധതി പ്രകാരം 19.3.2019 ന് നൽകിയ 3 കമ്പ്യൂട്ടറുകളിൽ ഉബണ്ടു സോഫ്റ്റ് വെയർ 18.04 വേർഷനു പകരം 16.04 നൽകിയതിനാൽ നിലവിലെ പാഠ്യരീതിയിൽ ഈ കംപ്യൂട്ടറുകൾ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല എന്ന് സ്കൂൾ ഹെഡ്മിസ്ട്രസ്സ് കംപ്യൂട്ടർ സറ്റോക്കിലെടുത്തതിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. മറ്റ് സ്കൂളിലും നിലവിലെ പാഠ്യരീതിക്കനുസരിച്ചുള്ള സോഫ്റ്റ് വെയറാണോ നൽകിയത് എന്ന് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. കമ്പ്യൂട്ടർ സ്പെസിഫിക്കേഷൻ വിദഗ്ദസമിതി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾ സംബന്ധിച്ച് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (48/27.10.2020) മറുപടി ഹാജരാക്കിയിട്ടില്ല. ചെലവ് തുക ₹29,95,020/- തടസ്സപ്പെടുത്തുന്നു.

## 1-32 എക്സ്റേ ഡിജിറ്റലൈസർ വാങ്ങൽ- അപാകങ്ങൾ.

| | |
|---|---|
| പ്രോജക്ട് നം. | 839/20 |
| പ്രോജക്ടിന്റെ പേര് | ജില്ല ആയുർവ്വേദ ആശുപത്രിയിലേക്ക് എക്സറേ ഡിജിറ്റലൈസർ വാങ്ങൽ |
| അടങ്കൽ | ₹ 1350000 |
| ചെലവ് | ₹866162 |
| ചെലവ്<br>ബിൽ നം/ചെക്ക്നം/ തീയ്യതി/തുക | 5762839/30.3.2020./₹866162 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്,<br>ജില്ല ആയുർവ്വേദ ആശുപത്രി, കണ്ണൂർ |

മേൽ പദ്ധതിയുടെ ഭാഗമായി എക്സ്റേ ഡിജിറ്റലൈസർ വാങ്ങിച്ചതുമായി ബന്ധപ്പെട്ട പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ (37/19-20.തീയ്യതി.21.10.2020)ത്തിന് നൽകിയ മറുപടിയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി മാർഗ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. പ്രസ്തുത കമ്മിറ്റിയിൽ ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർപേഴ്സൺ, കൺവീനർ,അംഗങ്ങൾ എന്നിവർ ഉൾപ്പെട്ടിട്ടില്ല. ആശുപത്രി ഉപകരണങ്ങളുടെയും മറ്റും വാങ്ങലുകൾ സുതാര്യമാക്കുന്നതിന് ഭാവിയിൽ ഇത്തരം

അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ പ്രസ്തുത വിഷയത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-33 വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയമായ രോഗികൾക്ക് മരുന്ന് വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

നിർവഹണ ഉദ്യോഗസ്ഥൻ - സൂപ്രണ്ട്, ജില്ലാ ആശുപത്രി, കണ്ണൂർ

പ്രോജക്ട് നം - 348/20

അടങ്കൽ - 50,00,000 (വികസന ഫണ്ട്)

ചെലവ് - 50,00,000

ബിൽ നം. - 06/19-20/16.11.2019 - 50,00,000/-

കണ്ണൂർ ജില്ലയിലെ വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയമായ രോഗികൾക്ക് സ്നേഹജ്യോതി കിഡ്നി പേഷ്യന്റ്സ് വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ ജില്ലാ ആശുപത്രിയിൽ വെച്ച് സൌജന്യമായി മരുന്ന് വിതരണം ചെയ്യുന്നതാണ് പദ്ധതി. മരുന്നുകൾ സർക്കാർ അംഗീകൃത ഏജൻസിയായ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും നേരിട്ട് വാങ്ങുന്നു.

പദ്ധതി നിർവഹണത്തിലെ അപാകം ചുവടെ ചേർക്കുന്നു

2018-19 വർഷവും മേൽ പദ്ധതി നടപ്പാക്കിയിരുന്നു. പ്രസ്തുത വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ, പ്ലാൻ ഫണ്ട് വിനിയോഗിച്ച് വാങ്ങുന്ന മരുന്ന് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ച സ്നേഹജ്യോതി കിഡ്നി പേഷ്യന്റ്സ് വെൽഫെയർ സൊസൈറ്റി എന്ന ട്രസ്റ്റിന്റെ മേൽനോട്ടത്തിൽ ജില്ലാ ആശുപത്രിയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമായ സ്നേഹജ്യോതി ക്ലിനിക്ക് വഴി വിതരണം ചെയ്യുന്നതിന് സർക്കാർ അനുമതി വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. ഇപ്രകാരം സർക്കാരിൽ നിന്നും അനുമതി വാങ്ങിയിട്ടാണോ 2019-20 ൽ ഇതേ പദ്ധതി നടപ്പാക്കിയതെന്നും സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 49/2020 തീയതി 27.10.2020 ന് മറുപടി സമർപ്പിച്ചിട്ടില്ല.

മറുപടിയുടെ അഭാവത്തിൽ ചെലവ് തുകയായ 50,00,000/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-34 അഗതി രഹിത കേരളം - വിവിധ ഗ്രാമ പഞ്ചായത്തുകൾ ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ - ജില്ല മിഷൻ കോർഡിനേറ്റർ, കുടുംബശ്രീ

പ്രോജക്ട് നം - 265/19-20

അടങ്കൽ - 50,00,0008/- (വികസന ഫണ്ട്)

ചെലവ് - 24,72,720/-

വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അഗതിരഹിത കേരളം എന്ന പദ്ധതിക്കായി ജില്ലാപഞ്ചായത്ത് വിഹിതം അനുവദിക്കുന്നതിനായി വികസന ഫണ്ടിൽ നിന്നും 50,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരുടെ അപേക്ഷ പ്രകാരം ബന്ധപ്പെട്ട സെക്രട്ടറിമാരുടെ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടിലേക്ക് ജില്ലാ പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്യുന്നതിനായി തയ്യാറാക്കിയതാണ് ഈ പ്രോജക്ട്.

2019-20 വർഷം 24,72,720/- രൂപ ചുവടെ ചേർത്തിട്ടുള്ള ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുണ്ട്. ടി തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23/2020 തീയതി.19.10.2020 ന് നൽകിയ മറുപടിയിൽ 13,39,000/- രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 11,33,720/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | ഗ്രാമ പഞ്ചായത്ത് | അനുവദിച്ച തുക | ബിൽ നം & തീയതി | വിനിയോഗിച്ച തുക | വിനിയോഗിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കോളയാട് ഗ്രാമ | 10,00,000 | 1919052026600- | 7,50,000 | 2,50,000 |

| | | | | | |
|---|---|---|---|---|---|
| | പഞ്ചായത്ത് | | 477307/- 6.9.2019 | | |
| 2 | കോട്ടയം ഗ്രാമ പഞ്ചായത്ത് | 20,000 | 1919015202660047064/- 6.9.2019 | 20,000 | ഇല്ല |
| 3 | കുഞ്ഞിമംഗലം ഗ്രാമ പഞ്ചായത്ത് | 50,000 | | വിനിയോഗി ച്ചിട്ടില്ല | 50,000 |
| 4 | അഴീക്കോട് ഗ്രാമ പഞ്ചായത്ത് | 2,00,000 | | വിനിയോഗി ച്ചിട്ടില്ല | 2,00,000 |
| 5 | ചെറുകുന്ന് ഗ്രാമ പഞ്ചായത്ത് | 2,00,000 | | 25,000 | 1,75,000 |
| 6 | ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്ത് | 1,00,000 | | വിനിയോഗി ച്ചിട്ടില്ല | 1,00,000 |
| 7 | മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് | 2,22,720 | | 34,000 | 1,88,720 |
| 8 | പിണറായി ഗ്രാമ പഞ്ചായത്ത് | 1,70,000 | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1,70,000 |
| 9 | കോട്ടയം ഗ്രാമ പഞ്ചായത്ത് | 3,00,000 | | 3,00,000 | ഇല്ല |
| 10 | പാട്യം ഗ്രാമ പഞ്ചായത്ത് | 70,000 | | 70,000 | ഇല്ല |
| 11 | ചെങ്ങളായി ഗ്രാമ പഞ്ചായത്ത് | 1,00,000 | | 1,00,000 | ഇല്ല |
| 12 | ഉളിക്കൽ ഗ്രാമ പഞ്ചായത്ത് | 40,000 | | 40,000 | ഇല്ല |
| | ആകെ | 24,72,720 | | 13,39,000 | 11,33,720 |

2019-20 സാമ്പത്തിക വർഷത്തെ പദ്ധതിക്കായി അനുവദിച്ച തുകയിൽ വിനിയോഗിക്കാതെ അവശേഷിച്ച 11,33,720/- രൂപ ജില്ലാ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-35 ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി &എം) - വിവിധ പദ്ധതികളുടെ വിനിയോഗ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല**

അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി &എം), ദാരിദ്ര്യലഘൂകരണ യൂണിറ്റ് നിർവഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പ്രോജക്ടുകൾക്ക് ജില്ലാപഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്.

1. ലൈഫ് മിഷൻ ഭവന നിർമ്മാണം (എസ് സി പി )2019-2020 ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ

ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതി ഗുണഭോക്താക്കൾക്ക് വേണ്ടിയാണ് പദ്ധതി തയ്യാറാക്കിയത്. ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ അഭ്യർത്ഥന പ്രകാരം തുക ആനുപാതികമായി അനുവദിക്കുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി &എം) |
| പ്രോജക്ട് നമ്പർ/ പേര് | 138 /2020 ലൈഫ് മിഷൻ ഭവന നിർമ്മാണം (എസ് സി പി) 2019-2020 ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ. |
| അടങ്കൽ | 87,57,368/- വികസന ഫണ്ട് (എസ്.സി.പി) |
| ചെലവ് | 15,79,690/- |
| ബിൽ നമ്പർ | 7/2019-2020, 15-10-2019 – ₹ 200000 |

ചെലവ് പത്രിക പ്രകാരം ₹1579690 ചെലവായിട്ടുണ്ട്. ബിൽ പ്രകാരം മാറിയ ₹200000യുടെ വിനിയോഗ വിവരം ഹാജരാക്കിയിട്ടുണ്ട്. ചെലവഴിച്ച ബാക്കി തുകയായ ₹1379690 (1579690-200000= 1379690) വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചതിന്റെ വിവരം, ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2. ലൈഫ് മിഷൻ ഭവന നിർമ്മാണം (ജനറൽ) 2019-2020 ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ -

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി &എം) |
| പ്രോജക്ട് നമ്പർ / പേര് | 109 /2020 ലൈഫ് മിഷൻ ഭവന നിർമ്മാണം (ജനറൽ) 2019-2020 ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ |
| അടങ്കൽ | ₹93773600 |
| ചെലവ് | ₹25911583 |
| ബിൽ നമ്പർ | 5/2019-2020,06-11-2019 ₹5972000 |

മേൽ കാണിച്ച ബിൽ പ്രകാരം മാറിയ തുക ഉളിക്കൽ, ഇരിക്കൂർ, തില്ലങ്കേരി എന്നീ ഗ്രാമ പഞ്ചായത്തുകളുടെ അക്കൗണ്ടുകളിലേക്ക് യഥാക്രമം ₹ 5050000 ,₹382000 , ₹540000 കൈമാറിയിട്ടുണ്ട് .

വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്തിന്റെ പേര് | ജില്ലാ പഞ്ചായത്ത് വിഹിതം അനുവദിച്ചത് | വിനിയോഗിച്ച തുക (വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയത്) | വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | ഉളിക്കൽ | 5050000 | 5050000 | 0 |
| 2 | ഇരിക്കൂർ | 382000 | 342600 | 39400 |
| 3 | തില്ലങ്കേരി | 540000 | 40000 | 500000 |
| | ആകെ | 5972000 | 5432600 | 539400 |

മേൽപ്പറഞ്ഞ ഗ്രാമപഞ്ചായത്തുകളുടെ അക്കൗണ്ടിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന ₹539400 തിരിച്ചടക്കേണ്ടതാണ്. തിരിച്ചടവിന്റെ വിശദവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ചെലവ് പത്രിക പ്രകാരം ₹2,59,11,583 ചെലവായിട്ടുണ്ട്. ബിൽ പ്രകാരം മാറിയ ₹59,72,000 ന്റെ വിനിയോഗ വിവരം ഹാജരാക്കിയിട്ടുണ്ട്. ചെലവഴിച്ച ബാക്കി തുകയായ ₹1,99,39,583 (2,59,11,58359,72,000=1,99,39,583) വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചതിന്റെ വിവരം, ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച വിനിയോഗ സാക്ഷ്യപത്രം

എന്നിവ ലഭ്യമാക്കിയിട്ടില്ല.

ക്രമ നം. 1, 2 പ്രകാരം മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/20.10.2020) നല്കിയ മറുപടിയിൽ, ചെലവ് പത്രിക പ്രകാരമുള്ള ബാക്കി തുക അലോട്ട്മെന്റായി വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ളതാണെന്നും പദ്ധതി വിഹിതം മാറിയെടുക്കുന്നതിന് സാംഖ്യ സോഫ്റ്റ് വെയറിൽ മേപ്പിംഗ് നടത്തി ബില്ലുകൾ മാറിയത് ഗ്രാമപഞ്ചായത്തുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരായ വി ഇ ഒ മാരാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് തുക അനുവദിച്ചതിന്റെ വിവരം, ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

3. പി എം എ വൈ മാച്ചിംഗ് ഗ്രാന്റ് (ജനറൽ) ബ്ലോക്ക് പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ-

പി എം എ വൈ മാച്ചിംഗ് ഗ്രാന്റ് പ്രകാരം കേന്ദ്ര വിഹിതം 120000/- രൂപയാണ്. കേരള സർക്കാർ ഒരു വീടിന് 4 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റായി നിശ്ചയിച്ചിട്ടുണ്ട്. ബാലൻസ് തുകയായ 2,80,000/- രൂപയുടെ 35% തുകയായ 98000/- രൂപയാണ് ഒരു ഗുണഭോക്താവിന് വകയിരുത്തിയത്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി &എം) |
| പ്രോജക്ട് നമ്പർ / പേര് | 92 /2020 പി എം എ വൈ മാച്ചിംഗ് ഗ്രാന്റ് (ജനറൽ )ബ്ലോക്ക് പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ |
| അടങ്കൽ | 1718000/- വികസന ഫണ്ട് (ജനറൽ) |
| ചെലവ് | 1424000/- |
| ബിൽ നമ്പർ | 1/2019-2020, 30-08-2019 ₹ 98000<br>3/ 19-2020, 15-10-2019 ₹ 934000 |

ചെലവ് പത്രിക പ്രകാരം 1424000/- രൂപ വിവിധ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതം അനുവദിച്ചിട്ടുണ്ട്. മേൽ ബില്ലുകൾ പ്രകാരം 1032000/- രൂപയുടെ വിനിയോഗ വിവരം മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ബാക്കി തുകയായ 392000/- രൂപ കൈമാറിയതിന്റെ വിശദാംശങ്ങൾ, തുക വിനിയോഗിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/19.10.2020) ലഭിച്ച മറുപടിയിൽ 392000/- രൂപ എടക്കാട്, പേരാവൂർ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അലോട്ട്മെന്റ് അനുവദിച്ചതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ഓരോ ബ്ലോക്ക് പഞ്ചായത്തുകൾക്കും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല .ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-36 ജി.ഐ.എഫ്.ഡി തോട്ടട -കംപ്യൂട്ടറും ,അനുബന്ധ ഉപകരണങ്ങളും ലഭ്യമായിട്ടില്ല.

പ്രോജക്ട് നം-482/19-20

ഫണ്ട്-മെയിന്റനൻസ് ഫണ്ട് റോഡിതരം

അടങ്കൽ -400000/-

ചെലവ്- 328750/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - സൂപ്രണ്ട്, ടെയിലറിംഗ് ആന്റ് ഗാർമെന്റ്സ് മേക്കിംഗ്, തോട്ടട

ബിൽ നമ്പർ 1 തീയതി 31.01.2020

മേൽ പ്രോജക്ട് പ്രകാരം ജി.ഐ.എഫ്.ഡി തോട്ടടയിലേക്ക് കംപ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും കെൽട്രോൺ സി.പി.ആർ.സി.എസ് മുഖേന വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ 799011400003959 എന്ന അക്കൗണ്ടിലേക്ക് 3,28,750/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. കംപ്യൂട്ടറുകൾ ലഭ്യമായതു സംബന്ധിച്ച വിവരങ്ങളും, രേഖകളും പരിശോധനക്ക് ഹാജരാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.14/19-20 തീയതി 16.10.20) മറുപടി ലഭ്യമാക്കിയിട്ടില്ല. കംപ്യൂട്ടറുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതു സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-37 ന്യൂമാഹി പാർക്ക് നിർമ്മാണം,ആരുഡം പൈതൃകഗ്രാമം പദ്ധതി ഒന്നാം നില കെട്ടിടനിർമ്മാണം എന്നിവയുടെ വർക്ക് ബിൽ, എം ബുക്ക് എന്നിവ ഹാജരാക്കിയിട്ടില്ല -ചെലവ് തുക 1,20,00,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

| ക്രമ നം. | പദ്ധതികളുടെ പേര്/പ്രൊജക്ട് നം. | അടങ്കൽ | ചെലവ് | ബിൽ നം. | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1<br>2 | ന്യൂമാഹി പാർക്ക് നിർമ്മാണം 411/19-20<br>ആരുഡം ഒന്നാം നില നിർമ്മാണം 412/19-20 | 1,60,00,000/- (വികസനഫണ്ട്)<br>1,30,00,000/- (വികസന ഫണ്ട്- 1,25,00,000/-) (തനത്ഫണ്ട്- 5,00,000/- | 80,00,000/-<br>40,00,000/- | 1/21.6.19 40,00,000/-<br>2/21.6.19 40,00,000/-<br>3/21.6.19 40,00,000/- | ജില്ലാ സാമൂഹ്യ നീതി ഓഫീസർ |

2017-18 ൽ 2,00,00,000/- രൂപ വീതം അടങ്കൽ തുക നിശ്ചയിച്ച് രൂപീകരിച്ച ബഹുവർഷ പ്രോജക്ടുകളായിരുന്ന കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ന്യൂമാഹി പഞ്ചായത്ത് പ്രദേശത്ത് നിർമ്മിക്കുന്ന വയോജന സൗഹൃദ പാർക്ക് നിർമ്മാണം (പ്രൊജക്ട് നം. 607/18), കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിലെ ചട്ടുകപ്പാറയിലെ ആരുഡം പൈതൃക ഗ്രാമത്തിന്റെ കെട്ടിട നിർമ്മാണം (പ്രൊജക്ട് നം. 676/18) എന്നിവ.

ജില്ലാ നിർമ്മിതി കേന്ദ്രം നിർവ്വഹണ ഏജൻസിയായി ഏറ്റെടുത്ത് നടത്തുന്ന പദ്ധതികളുടെ പ്രവൃത്തി 2017-18 വർഷം പൂർത്തീകരിക്കാത്തതിനാൽ പദ്ധതികൾ 2018-19ലേക്ക് തുടരുകയും,2018-19 ലും പ്രവൃത്തി പൂർത്തികരണം സാധ്യമാകാത്തതിനാൽ 2019-20 ലും പ്രവൃത്തി തുടരുകയാണ്.

2019-20 വർഷം മേൽ പട്ടികയിൽ കാണിച്ച പദ്ധതികൾക്കു വേണ്ടി വികസന ഫണ്ടിൽ നിന്ന് യഥാക്രമം 80,00,000/- രൂപയും, 40,00,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 2019-20 ൽ രണ്ട് പദ്ധതികൾക്കുമായി ചെലവഴിച്ച 1,20,00,000/- രൂപയുടെ വർക്ക് ബിൽ, മെഷർമെന്റ് ബുക്ക്, അനുബന്ധ വൗച്ചറുകൾ, 2017-18, 2018-19 വർഷത്തെ ഫയലുകൾ എന്നിവ ഹാജരാക്കണമെന്നാവശ്യപ്പെട്ട് 16.10.2020 ന് നിർവ്വഹണോദ്യോഗസ്ഥനായ ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/2020 ന്, അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ മറുപടി ഹാജരാക്കിയിട്ടില്ല.

കൂടാതെ പരിശോധയ്ക്ക് ഹാജരാക്കിയ രേഖകളിൽ ആരുഡം പദ്ധതിക്കായി 2017-18 വർഷം ജില്ലാ നിർമ്മിതി കേന്ദ്രവുമായി പ്രവർത്തി സംബന്ധിച്ച കരാർ ചമച്ചെങ്കിലും കരാറിൽ നിർവ്വഹണോദ്യോഗസ്ഥനായ ജില്ലാ സാമൂഹ്യ നീതി ഓഫീസർ ഒപ്പ് ,പേര് ഔദ്യാഗിക പദവി എന്നിവ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതിനാൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കൽ, പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തൽ എന്നിവയ്ക്ക് നിയമപരമായി ഉത്തരവാദിത്വം ഇല്ലാതാവുന്നതിന് കാരണമായേക്കാവുന്നതാണ്. ഉയർന്ന വർക്ക് മൂല്യമുള്ള പദ്ധതിയിൽ ഇത്തരം അപാകതകൾ അതീവ ഗൗരവമുള്ളതാണ്. വയോജന സൗഹൃദ പാർക്ക് നിർമ്മാണത്തിന്റെ കരാർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുമില്ല. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ മറുപടി ഹാജരാക്കാത്തതിനാൽ ചെലവ് തുക 1,20,00,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-38 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആർച്ചറി പരിശീലനം - അപാകങ്ങൾ

നിർവഹണോദ്യോഗസ്ഥൻ: പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി

പ്രോജക്ട് നമ്പർ : 264/20 ആറളം ഫാം ഹൈസ്കൂളിൽ അമ്പെയ്ത്ത് പരിശീലനം

അടങ്കൽ : ₹2,45,676

ചെലവ് : ₹2,25,101

₹16,500 (ബിൽ നം. 1/07.09.19 )

₹38,000 (ബിൽ നം. 2/17.01.20)

₹41,100 (ബിൽ നം. 4/01.07.20 )

₹18572 (ബിൽ നം. 7/01.02.20 )

₹27,000 (ബിൽ നം. 8/02.03.20)

₹37,500 (ബിൽ നം. 10/18.03.20)

₹46,429 (ബിൽ നം. 21/24.03.20)

ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള ആറളം ഫാം ഹൈസ്കൂൾ, പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കൂൾ ഗെയിംസ് , ആർച്ചറി ചാമ്പ്യൻ ഷിപ്പ് എന്നിവയിൽ ഉന്നതനിലവാരം പുലർത്തുക എന്ന് ലക്ഷ്യത്തോടു കൂടി തയ്യാറാക്കിയ പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.കേരള പഞ്ചായത്ത് രാജ് നിയമത്തിലെ അഞ്ചാം പട്ടികയിലെ ഖണ്ഡിക XIV പ്രകാരം പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നടത്തിപ്പും പട്ടിക ജാതി -പട്ടിക വർഗ്ഗങ്ങൾക്കായുള്ള തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളുടെ നിയന്ത്രണവും മാത്രമേ പട്ടിക ജാതി - പട്ടിക വർഗ്ഗ വികസനത്തിൽ ജില്ലാപഞ്ചായത്തിന്റെ ചുമതലയിൽ പെടുന്നുള്ളൂ. കൂടാതെ ഖണ്ഡിക XV പ്രകാരം കായിക വിനോദവും സാസ്കാരിക കാര്യങ്ങളും എന്നതിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുക മാത്രമാണ് ജില്ലാപഞ്ചായത്തിന്റെ ചുമതലയിൽ പെടുന്നത്. എന്നാൽ ഇതിന് വിരുദ്ധമായാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്.

2. ആറളം ഫാം ഹൈസ്കൂളിലെ വിദ്യാർത്ഥികൾക്ക് അമ്പെയ്ത്ത് പരിശീലനം നൽകുന്നതിനായി തയ്യാറാക്കിയ പദ്ധതിയിൽ ജില്ലാ പഞ്ചായത്തിന്റെ അധികാര പരിധിയിൽ പെടാത്ത സ്കൂളായ പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾക്കു കൂടി പരിശീലനം നൽകുന്നതിനായി തുക ചെലവഴിച്ചിട്ടുള്ളതിന്റെ കാരണം വ്യക്തമല്ല.

3. പദ്ധതിയിൽ ഉൾപ്പെടുത്തിയ വിദ്യാർത്ഥികളെ തെരഞ്ഞെടുത്തിരിക്കുന്നത് ഏത് മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമല്ല. ആറളം ഫാം ഹൈസ്കൂളിൽ 2019 മെയ് മാസം മുതൽ 26 വിദ്യാർത്ഥികളെ ഉൾപ്പെടുത്തി പരിശീലനം ആരംഭിച്ചിട്ടുണ്ടെങ്കിലും ഓരോ ദിവസത്തെ പരിശീലന ക്ലാസുകളിലും ശരാശരി പകുതി പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. അഭിരുചി പരിശോധന നടത്തിയാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

4. 16.05.2019ന് പരിശീലനം ആരംഭിച്ചിട്ടുണ്ടെങ്കിലും 26.05.2019 ന് മാത്രമാണ് സിദ്ധാർഥ് രാജഗോപാൽ എന്ന പരിശീലകനുമായി കരാർ ഉണ്ടാക്കുന്നത്. പ്രസ്തുത കരാറിലെ നിബന്ധനകളിൽ അമ്പെയ്ത്ത് പരിശീലനം രാവിലെ 9 മണി മുതൽ 3 മണിവരെ നൽകേണ്ടതാണ്. അതായത് 6 മണിക്കൂർ പരീശീലനം നൽകേണ്ടതാണ്. എന്നാൽ പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾക്ക് 2020 ജനവരി മാസം 18 ദിവസവും 2020 ഫെബ്രുവരി മാസം 25 ദിവസവും പരിശീലനം നൽകിയതിന് തുക നൽകിയിട്ടുണ്ട്. അധ്യയന ദിവസങ്ങളിൽ കരാർ പ്രകാരമുള്ള സമയം പരിശീലനം നൽകാൻ സാധിക്കുകയില്ല എന്നിരിക്കെ കരാർ പ്രകാരമുള്ള തുക( പ്രതിദിനം 1500രൂപ വീതം) പരിശീലകന് നൽകിയിട്ടുണ്ട്. ആയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

5. കരാറിൽ ചേർത്തിരിക്കുന്ന 4-ാം നിബന്ധന പ്രകാരം പരിശീലനം നൽകുന്ന ദിവസങ്ങളിൽ പരിശീലകന്റെയും കുട്ടികളുടെയും പരിശീലനത്തിന്റെ മേൽ നോട്ട ചുമതലയുള്ള അദ്ധ്യാപകന്റെയും ഹാജർ രാവിലെയും ഉച്ചക്ക് ശേഷവും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഈ രീതിയിൽ ഹാജർ രേഖപ്പെടുത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

6. 2019ലെ മെയ് മാസ വേനലവധിക്കാലത്തും 2019-20 അധ്യായന വർഷം തീരുന്നതുവരെയുള്ള എല്ലാ ശനിയാഴ്ചകളിലും 6 മണിക്കൂർ വീതം പരിശീലനം നടത്താനാണ് ലക്ഷ്യമിട്ടിരുന്നത്. ആയതിൽ നിന്നും വ്യത്യസ്തമായി 6 മണിക്കൂറിൽ കുറഞ്ഞ സമയം പരിശീലന പരിപാടി സംഘടിപ്പിച്ചതിന് കരാർ പ്രകാരമുള്ള തുക പ്രതിദിനം നൽകിയതിന്റെ കാരണം വ്യക്തമല്ല.

7. പരിശീലന പരിപാടിയുടെ ഭാഗമായി 27 ദിവസത്തേക്ക് 4 ആർച്ചറി എക്യൂപ്പ്മെന്റ് വാടകക്കെടുത്തതിന് ₹21,600 ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഏത് ആർച്ചറി എക്യൂപ്പ്മെന്റ് ആരിൽ നിന്നാണ് വാടകക്കെടുത്തിരിക്കുന്നത് എന്നും തുക വാടകക്കാരന് കൈമാറിയതിന്റെ രേഖകളും പരിശോധനക്കായി ലഭിച്ചിട്ടില്ല.

8. പരിശീലന പരിപാടിയുടെ നടത്തിപ്പിലേക്കായി GX Archerry, Pipe Line Road, Palarivattom 35 ടെറാബാന്റുകൾ വാങ്ങിയിട്ടുണ്ട്. ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

9. പരിശീലന പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച പ്രദർശനത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് നൽകുന്നതിനായി 33 എണ്ണം വീതം ഷൂസ്, ജേഴ്സി, ലോവർ എന്നിവ വാങ്ങിയിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്ത് ഏതെല്ലാം വിദ്യാർത്ഥികൾക്കാണ് വിതരണം ചെയ്തിട്ടുള്ളതാണ് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

10.പ്രോജക്ട് മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 1/17.07.2020).

## 1-39 ആധുനിക അറവുശാല നിർമ്മാണം- സാക്ഷ്യപത്രങ്ങൾ ലഭ്യമായില്ല. 4,43,184/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്ട് നമ്പർ/പേര് | 1039/20 കിഫ്ബി പദ്ധതി പ്രകാരം ചട്ടുകപ്പാറയിൽ ആധുനിക അറവുശാല നിർമ്മാണം പ്രാരംഭ ചെലവുകൾ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 20,00,000/- (തനത് ഫണ്ട്) |
| ചെലവ് | 4,43,184/- |
| ബിൽ /വൗച്ചർ നമ്പർ -1217/27.03.20 | ചെക്ക് നം.837109/17.03.20- 420023.6/- |
| 1185/17.03.20 | ചെക്ക് നം. 5762834/30.03.20 -23160/- |

കണ്ണൂർ ജില്ലാ പഞ്ചായത്ത് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 13 കോടി രൂപ ചെലവിൽ മയ്യിൽ ഗ്രാമ പഞ്ചായത്തിലെ ജില്ലാ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ചട്ടുകപ്പാറയിൽ ആധുനിക അറവുശാല നിർമ്മാണത്തിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി 4,20,023/- രൂപയും ഫയർ &സേഫ്റ്റി ക്ലിയറൻസ് ലഭിക്കുന്നതിനായി സ്റ്റേഷൻ ഓഫീസർ, ഫയർ & റെസ്ക്യൂ സ്റ്റേഷൻ, കണ്ണൂരിന് 23160/- രൂപയും (ആകെ 4,43,184/- രൂപ) ചെലവഴിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ സാക്ഷ്യ പത്രങ്ങൾ ലഭിച്ചിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി 20/19-20 തീയതി 16.10.2020നുള്ള മറുപടിയിൽ ഫയർ & റെസ്ക്യൂ ക്ലിയറൻസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ഇനിയും 190/- രൂപ കൂടി ഒടുക്കുന്നതിനായി നോട്ടീസ് ലഭിച്ചിട്ടുണ്ടെന്നും ആയത് ഒടുക്കുന്ന മുറക്ക് മാത്രമേ സാക്ഷ്യപത്രം അനുവദിക്കുകയുള്ളൂ എന്ന് ബന്ധപ്പെട്ട ഓഫീസിൽ നിന്നും അറിയിച്ചിട്ടുണ്ടെന്നും പദ്ധതി ആരംഭിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കുന്നതിനായി തുക ചെലവാക്കിയിട്ടുണ്ടെങ്കിലും പദ്ധതിക്കായി പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്ന സമയത്ത് 90 മീറ്റർ ചുറ്റളവിൽ ജനവാസമുള്ള വീടുകൾ ഇല്ലായിരുന്നു എന്നും പിന്നീട് 90 മീറ്റർ ചുറ്റളവിൽ ഒരു വീട് സ്ഥാപിച്ചതിനാൽ 1996 ലെ പഞ്ചായത്തിരാജ് (കശാപ്പ് ശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ സെക്ഷൻ 5 ലെ വ്യവസ്ഥ പ്രകാരം നിരാക്ഷേപ സാക്ഷ്യപത്രം അനുവദിക്കാൻ നിർവ്വാഹമില്ല എന്ന് ബോർഡ് അറിയിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ വ്യവസ്ഥയിൽ ഇളവ് നൽകി പദ്ധതിക്ക് പ്രത്യേക അനുമതി ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

മലിനീകരണ നിയന്ത്രണ ബോർഡ് തുക കൈപ്പറ്റിയതിന്റെ രേഖകളും മേൽ ഖണ്ഡികയിൽ പരാമർശിച്ച രേഖകളും ഹാജരാക്കാത്തതിനാലും ചട്ടുകപ്പാറയിലെ ആധുനിക അറവുശാലയുടെ നിർമ്മാണ പ്രവർത്തനത്തിനായി തുടർ പദ്ധതി രൂപീകരിക്കാത്ത സാഹചര്യത്തിലും പദ്ധതിയുമായി ബന്ധപ്പെട്ട് ചെലവഴിച്ച 4,43,184/- രൂപ തടസ്സപ്പെടുത്തുന്നു. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 173 പ്രകാരമുള്ള V-ാം പട്ടികയിൽ അറവു ശാലകളുടെ നടത്തിപ്പ് ജില്ലാ പഞ്ചായത്തിന്റെ ചുമതലകളിൽ പെട്ടതല്ല. ആയതിനാൽ പദ്ധതി നടത്തിപ്പിലേക്കായി ചെലവഴിച്ച തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-40 സി.എസ്.ആർ ഫണ്ട് ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല

താഴെ പറയും പ്രകാരമുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്ന സി എസ് ആർ ഫണ്ട് ചെലവഴിച്ചിട്ടുണ്ട് .ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക | ചെക്ക് നം./ തിയ്യതി | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | ജി.എച്ച് .എസ്.എസ്, മുണ്ടേരി മെയിന്റനൻസ് | 1578800 | 605304/22-01-19 | ULCCS Ltd |
| 2 | ജി.എച്ച് എസ്.എസ്, മുണ്ടേരി കെട്ടിട നിർമ്മാണം | 20,00,000 | 391812/27.12.19 | “ |
| 3 | ജി.എച്ച് എസ്.എസ്, മുണ്ടേരി കെട്ടിടനിർമ്മാണം | 60,00,000 | 605306/9.01.20 | “ |

| | | | | |
|---|---|---|---|---|
| 4 | “ | 10,52,333 | 605307/17.01.20 | “ |
| 5 | “ | 36,00,000 | 605310/24.2.20 | “ |
| 6 | “ | 11,00,000 | 39818/28-02-20 | “ |
| 7 | “ | 29,00,000 | 39819/12.03.20 | “ |
| 8 | സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം ജി.എച്ച് എസ്.എസ്, മുണ്ടേരി | 2199045 | 605311/24-02.20 | റബ്കോ |
| 9 | “ | 4,96,000 | 605305/7-01-20 | ULCCS Ltd |
| 10 | ഫർണ്ണിച്ചർ | 777518 | 837106/10-03-20 | റബ്കോ |
| 11 | എ കെ ജിഎം ജി എച്ച് എസ്.എസ്, പിണറായി കെട്ടിട നിർമ്മാണം | 40,00,000 | 605303/6.09.19 | ULCCS Lt |

## 1-41 ജില്ലാ കൃഷിത്തോട്ടം പ്രവേശന കവാടം-മരാമത്ത് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ചില്ല

പ്രോജക്ട് : 625/20 ജില്ലാ കൃഷിത്തോട്ടം തളിപ്പറമ്പ് വിൽപനശാല - പ്രവേശനകവാടം മാറ്റി സ്ഥാപിക്കൽ

അടങ്കൽ : 22,00,000/- ( തനത് ഫണ്ട് )

ചെലവ് : 8,82,355/-

Ch. No. : SB/XY5644772/07.03.2020

കരാർ : 7/18-19/06.09.2018

നിർവ്വഹണോദ്യോഗസ്ഥൻ : അസി. എക്സി. എഞ്ചിനീയർ (കൃഷി)

മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. 06.09.2018-ന് ആരംഭിച്ച പ്രവൃത്തി നാളിതുവരെയായി പൂർത്തീകരിച്ചിട്ടില്ല.

2. ഗേറ്റ് സ്ഥാപിക്കുന്നതിന് തടസ്സമായി നിൽക്കുന്ന രണ്ടു മരങ്ങൾ മുറിച്ചു മാറ്റേണ്ടതുണ്ട് എന്നും ആയതിന് പൊതുമരാമത്ത് വകുപ്പ് റോഡ് വിഭാഗത്തിൽ നിന്നും അനുമതി വാങ്ങണമെന്നും ആവശ്യപ്പെട്ട് കരാറുകാരൻ 12.09.2018-ന് കൃഷിത്തോട്ടം സൂപ്രണ്ടിന് കത്ത് നൽകിയിട്ടുണ്ട്. കരാർ ചമയ്ക്കുന്നതിനു മുമ്പ് നിർമ്മാണ സ്ഥലം ക്ലിയർ ചെയ്യണമന്ന വ്യവസ്ഥ പാലിച്ചിട്ടില്ല (Part I, Clause 1.5.1).

3. ആദ്യത്തെ സപ്ലിമെന്ററി കരാർ നം.05/19-20/06.09.2019 പ്രകാരം 05.12.2019 വരെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. എന്നാൽ രണ്ടാമത് സപ്ലിമെന്ററി കരാർ ഉണ്ടാക്കിയിരിക്കുന്നത് 29.02.2020 ന് മാത്രമാണ്. ആയത് ഫയലിൽ ഇല്ല.

പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതും വീഴ്ചകൾ ഒഴിവാക്കേണ്ടതുമാണ്.

## 1-42 അങ്ങാടിക്കടവ് ബാലൻകരി റോഡ് പുനരുദ്ധാരണം -അയ്യൻകുന്ന് ഗ്രാമ പഞ്ചായത്ത് -വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവ് തുക 1389596/- തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രോജക്ടിന്റെ പേര് | അങ്ങാടിക്കടവ് -ബാലൻകരി റോഡ് പുനരുദ്ധാരണം അയ്യൻകുന്ന് ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നം | 766/2020 (721/2019) സ്പിൽ ഓവർ |
| അടങ്കൽ | 1439590/- (വികസന ഫണ്ട്) |
| ചെലവ് | 1389596/- |
| ബിൽ നമ്പർ | 156 / 14-08-2019 |
| കരാർ തീയ്യതി | 19.01.2019 |
| പൂർത്തീകരണ തീയ്യതി | 29-05-2019 |

| | |
|---|---|
| കരാറുകാരൻ | ജെയ്സൺ ജോസഫ് |

2018-19 വർഷം ഏറ്റെടുത്ത (പ്രോജക്ട് നമ്പർ 721/2019) പ്രസ്തുത പ്രവൃത്തിക്കായി ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 0/000 മുതൽ 0/400 വരെയുള്ള റീച്ചിൽ റീടാറിംഗും 0/100 ൽ സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തികളുമാണ് ഉൾപ്പെടുത്തിയിരുന്നത്. ആയത് ടെണ്ടർ ചെയ്യുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.ജയ്സൻ ജോസഫ് എന്ന കരാറുകാരനുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട് (എഗ്രിമെന്റ് ഷെഡ്യൂൾ). എന്നാൽ ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖാന്തിരം കണ്ണൂർ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ,അയ്യൻകുന്ന് ഗ്രാമ പഞ്ചായത്ത് അസി. എഞ്ചിനീയർ അയച്ച 11.04.19 ലെ കത്തിൽ Ch 0/000- 0/400 വരെയുള്ള ഭാഗങ്ങളിൽ ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് വെള്ളപ്പൊക്ക കെടുതിയിൽ ഉൾപ്പെടുത്തി റീടാറിംഗ് പ്രവർത്തി ചെയ്തിരുന്നുവെന്നും ആയതിനാൽ Ch 0/000- 0/400 വരെയുള്ള ഭാഗം ഒഴിവാക്കി ടാറിംഗ് കൂടുതൽ തകർന്ന ഭാഗത്തേക്ക് ചെയിനേജ് മാറ്റി ടാറിംഗ് ചെയ്യുന്നതിന് റിവൈസിഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരുന്നു. ആയതു പ്രകാരം കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ 6.05.19 ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കു നൽകിയ കത്തിൽ ചെയിനേജ് മാറ്റി അടങ്കൽ തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അനുമതി നൽകുവാൻ ആവശ്യപ്പെട്ടിരുന്നു.

പ്രസ്തുത ആവശ്യം പരിഗണിച്ച്, പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശുപാർശ ഭരണസമിതി 01.06.2019 ലെ 42/2019(111)6 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട് .

പദ്ധതി 29-05-2019 ന് പൂർത്തീകരിക്കുകയും 14-08-2019 ന് കരാറുകാരന് തുക അനുവദിക്കുകയും ചെയ്തു .

പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു .

1. എം ബുക്ക് പ്രകാരം ആകെ അളവുകളിൽ മാറ്റമില്ലാതെയാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. റീച്ച് രേഖപ്പെടുത്താതെ 651.20 മീറ്റർ നീളത്തിലും 3.8 മീറ്റർ വീതിയിലും, 10 M*(8.4+3.8/2) ബെൽ മൗത്തും റീടാറിംഗ് നടത്തിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല . ഗ്രാമ പഞ്ചായത്തിന്റെ നിർദ്ദേശം പരിഗണിച്ചാണോ പ്രോജക്ട് തയ്യാറാക്കിയത്. 0/000- 0/400 വരെയുള്ള ഭാഗം ഒഴിവാക്കിയാൽ ബാക്കി വരുന്നത് 300 മീറ്റർ റോഡ് മാത്രമാണ്. റീ ടെണ്ടർ നോട്ടീസ് അനുബന്ധ രേഖകളിലും 0/000 മുതൽ 0/400 വരെയും 1/000 മുതൽ 1/300 വരെയും എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2. റിവൈസ്ഡ് എസ്റ്റിമേറ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടുമില്ല.

3. ചെയിനേജ് മാറ്റി അടങ്കൽ തുക അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള ഭരണസമിതി അംഗീകാരം 1.6.2019 നാണ് നൽകിയത്. എന്നാൽ 29.05.2019 ന് പ്രവൃത്തി പൂർത്തിയാക്കിയിരുന്നതായാണ് കംപ്ലീഷൻ സർട്ടഫിക്കറ്റിൽ നിന്നും വ്യക്തമാകുന്നത്. പ്രവൃത്തി നടത്തുന്നതിനായി സൈറ്റ് വിട്ടു നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതും അനുമതി ഇല്ലാതെ പ്രവൃത്തി നടത്തിയതിനു ശേഷം അംഗീകാരം വാങ്ങിയതിന് വിശദീകരണം നൽകേണ്ടതുമാണ്.

4. Ch 0/000-0/400 വരെയുള്ള ഭാഗം ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് വെള്ളപ്പൊക്ക കെടുതിയിൽ ഉൾപ്പെടുത്തി റീടാറിംഗ് പ്രവർത്തി ചെയ്തിരുന്നുവെന്ന് ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖാന്തിരം അയ്യൻകുന്ന് ഗ്രാമ പഞ്ചായത്ത് അസി. എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരുന്നു . മേൽ സാഹചര്യത്തിൽ ചെയിനേജിൽ മാറ്റം വരുത്താതെ പ്രവൃത്തി നടത്തി തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

5. ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയിൽ ഏതൊക്കെ ഘടകങ്ങൾ ഉൾപ്പെട്ടിരുന്നു എന്ന് വ്യക്തമാക്കിയിട്ടില്ല .

6. ഗ്രാമ പഞ്ചായത്ത് പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനായി രേഖാമൂലം അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ഗ്രാമ പഞ്ചായത്ത് ഭരണസമിതി തീരുമാനം നമ്പർ, തീയതി അറിയിക്കേണ്ടതാണ്. കൃത്യമായ മേൽ തട്ട് നിർദ്ദേശമില്ലാതെയാണ് പദ്ധതി ഏറ്റെടുത്തതെങ്കിൽ ആയതിന്റെ കാരണം അറിയിക്കേണ്ടതാണ് .

7. പദ്ധതി പ്രദേശത്ത് സ്ഥാപിച്ച ബോർഡിൽ ജില്ലാ പഞ്ചായത്ത് 0/000 മുതൽ 1/300 വരെ 15 ലക്ഷം രൂപ അടങ്കലിൽ നടപ്പാക്കിയ പ്രവൃത്തി എന്ന് രേഖപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ബോർഡ് സ്ഥാപിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഇതുമൂലം കൈവരിക്കാൻ കഴിയാതെ വരുമെന്ന കാര്യവും ശ്രദ്ധയിൽ പെടുത്തുന്നു.

8. സ.ഉ.(എം എസ്)നം. 2313/തസ്വഭവ തീ.23.08.18 മാർഗ്ഗനിർദ്ദേശങ്ങളിലെ (1) പ്രകാരം പ്രളയക്കെടുതി കാരണം അറ്റകുറ്റപ്പണിയോ/പുനർനിർമ്മാണമോ ആവശ്യമായ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ സംയുക്ത പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

9.പദ്ധതി നമ്പർ 1. (766/2020) അങ്ങാടിക്കടവ് -ബാലൻകരി റോഡ് പുനരുദ്ധാരണം അയ്യൻകുന്ന് ഗ്രാമ പഞ്ചായത്ത് , 2. (467/19 ) അങ്ങാടിക്കടവ് അട്ടയോലി റോഡ് അയ്യൻകുന്ന് ഗ്രാമ പഞ്ചായത്ത് എന്നീ പദ്ധതികളുടെ സൈറ്റ് പ്ലാൻ, ലൊക്കേഷൻ മാപ്പ്, അങ്ങാടിക്കടവ് അട്ടയോലി റോഡിന്റെ (അയ്യൻകുന്ന് ഗ്രാമ പഞ്ചായത്ത്) എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല .

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.73/02.12.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും പദ്ധതികളുടെ വിവിധ ഘട്ടത്തിലെ നടത്തിപ്പ് സംബന്ധിച്ച് കാര്യക്ഷമമായ ചർച്ചകളൊന്നും നടന്നതായി കാണുന്നില്ല. ആയതിനാൽ പ്രവൃത്തികളിൽ ഓവർലാപ്പിംഗ് വരാൻ സാധ്യതയുണ്ട്. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക 1389596/- തടസ്സപ്പെടുത്തുന്നു.

## 1-43 പായം കരിയാൽ കോടംബ്രം റോഡ് പുനരുദ്ധാരണം -പായം ഗ്രാമപഞ്ചായത്ത്-ഒരേ റോഡ് രണ്ട് പദ്ധതിയിലും ഉൾപ്പെടുത്തി നടപ്പിലാക്കി - രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ 3511179/- തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രോജക്റ്റിന്റെ പേര് | പായം കരിയാൽ കോടംബ്രം റോഡ് പുനരുദ്ധാരണം -പായം ഗ്രാമ പഞ്ചായത്ത് (ചെയിനേജ് 3/140- 5/500) |
| പ്രോജക്റ്റ് നം | 671/2020 |
| അടങ്കൽ | 45,00,000/- മെയിന്റനൻസ് ഫണ്ട് (റോഡ്) |
| ചെലവ് | 35,11,179/- |
| ബിൽ നമ്പർ | 198/ 17-09-2019 |
| കരാർ തീയ്യതി | 09-03-2018 |
| പൂർത്തീകരണ തീയ്യതി | 26-05-2018 |
| കരാറുകാരൻ | സന്തോഷ് ജോർജ്ജ് |

2018-19 വർഷം നടപ്പിലാക്കിയ മേൽ പ്രവൃത്തി 26.05.2018ന് പൂർത്തീകരിച്ച് ഫൈനൽ ബില്ല് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ 26.05.2018ൽ പൂർത്തിയാക്കിയ മേൽ റോഡിന്റെ ടാറിംഗ് ഉപരിതലം ഒരു മാസത്തിനകം തകർന്നു പോയതിനാൽ വീണ്ടും ടാറിംഗ് പ്രവൃത്തി നടത്തി ക്രമീകരിക്കുന്ന മുറക്ക് മാത്രമെ ബിൽ അനുവദിക്കുകയുള്ളു എന്ന് 28.06.2018ന് അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. 12.07.2018ന് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറും ഇക്കാര്യം കരാറുകാരനെ രേഖാമൂലം അറിയിച്ചിരുന്നു.

കരാറുകാരന്റെ 16.11.2018 ലെ കത്തിൽ അതിശക്തമായ കാലവർഷം കാരണമാണ് റോഡ് തകർന്നതെന്നും ഫണ്ട് അനുവദിച്ചാൽ പ്രവൃത്തി ചെയ്യാൻ സന്നദ്ധനാണെന്നും അസി.എക്സി എഞ്ചിനീയറെ അറിയിച്ചിരുന്നു . റെക്റ്റിഫിക്കേഷൻ നടത്താത്തതിനാൽ ബിൽ തുക അനുവദിക്കാൻ സാധ്യമല്ല എന്ന് 28.03.2019 ലെ കത്ത് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ പായം ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനീയറെ അറിയിച്ചിരുന്നു .

ഇരിട്ടി സബ് ഡിവിഷൻ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ,പായം ഗ്രാമ പഞ്ചായത്ത് അസി. എഞ്ചിനീയർ അയച്ച കത്തിൽ ,എടൂർ മുതൽ കോളിക്കടവ് വരെ ആകെ 6.105 കി മീ നീളം വരുന്ന മേൽ പ്രവൃത്തി ഉൾപ്പെടുന്ന റോഡ് , PMGSY പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടന്നു വരികയാൽ റെക്റ്റിഫിക്കേഷൻ നടത്താൻ സാധിക്കുകയില്ല എന്നാണ് അറിയിച്ചത് .

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 05.04.2019 ലെ 12/19(2) നമ്പർ തീരുമാനത്തിൽ റെക്റ്റിഫൈ ചെയ്യാത്ത പ്രവൃത്തിയുടെ ഫൈനൽ ബിൽ സമർപ്പിച്ച ഇരിട്ടി സബ് ഡിവിഷൻ അസി. എക്സിക്യൂട്ടീവ് എഞ്ചനീയറോട് വിശദീകരണം തേടുന്നതിനും , തുടർ നടപടികൾ സ്വീകരിക്കുന്നതിനും കണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. സെക്രട്ടറിയുടെ 2.05.2019 ലെ ബി3.1198/2019 നം കത്തിലും തുടർ നടപടികൾ സ്വീകരിക്കുവാൻ കണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ജില്ലാ പഞ്ചായത്തിന്റെ 23.07.2019 ലെ 53/2019(4) നമ്പർ തീരുമാന പ്രകാരം മേൽ പ്രവൃത്തിയിലെ കേടുപാടുകൾ റെക്റ്റിഫൈ ചെയ്യുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും റെക്റ്റിഫിക്കേഷൻ ചാർജ് 4,18,382/- രൂപ ബിൽ തുകയിൽ നിന്നും കുറവ് ചെയ്ത് കരാറുകാരന് അനുവദിക്കുകയാണ് ചെയ്തത് .

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു .

1. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ (സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീ.29.01.2018) 7.13.4 (I),(II) പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകൾക്ക് വേണ്ടി പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിന്റെ രേഖമൂലമുള്ള സമ്മതപത്രം ,പി എം എ വൈ ക്ക് വകയിരുത്തേണ്ട മുഴവൻ തുകയും വകയിരുത്തിയിട്ടുണ്ടെന്നുള്ള സെക്രട്ടറിയുടെ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല .

2. മാർഗ്ഗരേഖയിലെ ഖണ്ഡിക 7.13.5 പ്രകാരം അതാത് തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ മാത്രമെ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാൻ പാടുള്ളൂ. എന്നാൽ പ്രസ്തുത റോഡ് ഉൾപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല .

3. പ്രസ്തുത പ്രവൃത്തിക്ക് സിംഗിൾ ടെണ്ടർ മാത്രം ലഭിച്ചതായി കാണുന്നു. റീ ടെണ്ടർ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല . ആയത് സംബന്ധിച്ച് വിശദീകരണം നൽകിയിട്ടില്ല.

4. 2018-19 ൽ പണിപൂർത്തീകരിച്ച പ്രസ്തുത റോഡ് വീണ്ടും PMGSY പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉള്ള കാരണം വിശദമാക്കിയിട്ടില്ല .

5. 2012 ലെ പി എം ജി എസ് വൈ മാർഗ്ഗരേഖ 6.5 പ്രകാരം ഓരോ വർഷവും ഏറ്റെടുക്കേണ്ട റോഡ് പ്രവൃത്തികളുടെ പട്ടിക ജില്ലാ പഞ്ചായത്ത് അന്തിമമാക്കി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു . ആയത് പ്രകാരം 2018-19 ,2019-2020 സാമ്പത്തിക വർഷങ്ങളിൽ പി എം ജി എസ് വൈ പദ്ധിക്കായി ജില്ലാ പഞ്ചായത്ത് അംഗീകരിച്ച് നൽകിയ റോഡുകളുടെ പട്ടിക, മിക്സ് ഡിസൈൻ റിപ്പോർട്ടുകളും മറ്റ് പരിശോധനാ റിപ്പോർട്ടുകളും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

6. പ്രസ്തുത പദ്ധതി പ്രകാരം നിർമ്മിച്ച റോഡ് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയതായി കാണുന്നില്ല .

7. റോഡ് നിർമ്മാണ വേളയിൽ കരാറുകാരൻ ഉടമ്പടി പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യതയുള്ള എഞ്ചിനീയറെ ഉപരിതല പരിശോധനയ്ക്ക് നിയോഗിച്ചതിന്റെ വിവരം ലഭ്യമല്ല .

8. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരം ടെസ്റ്റ് ലാബ് സെറ്റ് ചെയ്യുന്നതിനും മറ്റുമുള്ള തുകയും ഓവർഹെഡ് ചാർജ്ജസിൽ ഉൾപ്പെടുന്നുണ്ട്. ആയത് ഉറപ്പ് വരുത്താതെയും റോഡിന്റെ ഗുണമേന്മ ഉറപ്പ് വരുത്താതെയും മെഷർമെന്റ് രേഖപ്പെടുത്തി ബിൽ തയ്യാറാക്കിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല .

മേൽ വിവരിച്ച കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.64/23.11.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക 35,11,179/- തടസ്സപ്പെടുത്തുന്നു. പി എം ജി എസ് വൈ മാർഗ്ഗരേഖ പ്രകാരം അത്യാവശ്യമായ ഏറ്റവും കുറഞ്ഞ റോഡുകളുടെ (റൂട്ടുകളുടെ) ശൃംഖലയാണ് കോർ നെറ്റ്വർക്ക്. കോർ നെറ്റ്വർക്കിന്റെ ഭാഗമാണെന്ന് ഉറപ്പാക്കുന്ന റോഡുകൾ മാത്രമെ പി എം ജി എസ് വൈ പദ്ധതിയുടെ കീഴിൽ പ്രവൃത്തി ചെയ്യാൻ ഏറ്റെടുക്കുയുള്ളൂ. റോഡിന്റെ ഉപരിതലം മോശമാണെങ്കിൽ പോലും ബ്ലാക്ക് ടോപ്പ് അല്ലെങ്കിൽ സിമൻറ് റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് പി എം ജി എസ് വൈ മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ല (2012 ലെ മാർഗ്ഗരേഖ 3.15 ). ഇപ്രകാരം പി എം ജി എസ് വൈ പദ്ധതിയിൽ ഉൾപ്പെട്ട പ്രസ്തുത റോഡിനെ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയിലും ഉൾപ്പെടുത്തി ചെയ്തത് ക്രമപ്രകാരമല്ല. രണ്ട് പദ്ധതിയിലും ഉൾപ്പെടുത്തി ഒരേ പ്രവൃത്തി ചെയ്തത് കാരണം പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടാവാൻ ഇടയായിട്ടുണ്ട്. പദ്ധതികളുടെ വിവിധ ഘട്ടത്തിലെ നടത്തിപ്പ് സംബന്ധിച്ച് കാര്യക്ഷമമായ ചർച്ചകൾ നടത്തിയിരുന്നെങ്കിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കാമായിരുന്നു. പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തി ഏല്പിച്ചു കഴിഞ്ഞാൽ പ്രവൃത്തിയുടെ നിർവ്വഹണം സംബന്ധിച്ച കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല എന്നതും ഇതിന് കാരണമായിട്ടുണ്ട്. ഇപ്രകാരം രണ്ട് പദ്ധതിയിലും ഉൾപ്പെടുത്തുവാൻ ഉണ്ടായ സാഹചര്യം വിശദമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക 35,11,179/- തടസ്സപ്പെടുത്തുന്നു.

## 1-44 അരിമ്പ്ര കണ്ടക്കൈ മുക്കാടം റോഡ്- ചെങ്ങളായി ഗ്രാമപഞ്ചായത്ത്- പദ്ധതിയിൽ ഉൾപ്പെടുത്താതെ തുക ചെലവഴിച്ചതും മറ്റ് അപാകങ്ങളും

നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ - 518/19-20,290/18-19

അടങ്കൽ - ₹ 25,70,901 (വികസന ഫണ്ട്-ജനറൽ)

ചെലവ് - ₹18,33,091(സൂലേഖ ചെലവു പത്രിക പ്രകാരം)

എഗ്രിമെന്റ് 161/18-19 തീയതി 17.11.18

കരാറുകാരൻ ശ്രീ ബേബി ജോസഫ് (എഗ്രീഡ് പി എ സി - 24,96,021/-)

എം ബുക്ക് നമ്പർ 285/18-19, എൽ എഫ് ബുക്ക് നമ്പർ 52/18-19

പദ്ധതി നിർവ്വഹവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

1.പദ്ധതിയുടെ അടങ്കലിലോ ഫയലിലോ ഉൾപ്പെടുത്താതെ തനത് ഫണ്ടിൽ നിന്ന് ചെക്ക് നമ്പർ 453971/09.04.19 പ്രകാരം 53278/- രൂപ കെഎസ് ഇ ബി ശ്രീകണ്ഠാപുരം സെക്ഷനിൽ ഒടുക്കിയിട്ടുണ്ട്. ആയതിന്റെ ആവശ്യകത സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതെ തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. കെ എസ് ഇ ബി യുടെ റെസീറ്റും തുക ഒടുക്കുന്നതിനായി നല്കിയ എസ്റ്റിമേറ്റും പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

2. 04.01.19 ൽ പൂർത്തിയായ പ്രവൃത്തിയുടെ ഫൈനൽ ബിൽ ഓഡിറ്റ് വർഷം നല്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

3. എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരവും മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പ്രകാരവും പ്രവൃത്തിയുടെ വിശദാശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബോർഡ് സൈറ്റിൽ സ്ഥാപിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണെങ്കിലും ആയത് ഒഴിവാക്കിയിട്ടും പ്രവൃത്തി പൂർത്തിയായതായി രേഖപ്പെടുത്തി ഫൈനൽ ബിൽ തയ്യാറാക്കിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

ബിൽ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.67/25.11.2020).

## 1-45 പ്ലസ് ടു സ്കൂൾ കോംപ്ലക്സ് കെട്ടിട നിർമ്മാണം- പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ - 4,00,00,000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്ട് നമ്പർ/പേര് | 812/20 നബാർഡ് സഹായത്തോടെ +2 സ്കൂൾ കോംപ്ലക്സ് കെട്ടിട നിർമ്മാണം-<br>ശ്രീകണ്ഠാപുരം മാടായി ബോയ്സ്, ചെറുകുന്ന് ഗേൾസ്, കണിയൻചാൽ (സ്പിൽ ഓവർ പദ്ധതി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ (19-20) | 24,000/- (വികസന ഫണ്ട്, ജനറൽ)<br>6,56,52,000/- (കേന്ദ്രവിഷ്കൃത ഫണ്ട്) |
| ചെലവ് | സുലേഖ ചെലവു പത്രിക പ്രകാരം ചെലവ് ഇല്ല.<br>ബിൽ രജിസ്റ്റർ പ്രകാരം 4 കോടി രൂപ ചെലവുണ്ട്. |

ജി ഒ (ആർ ടി)997/2015/LSGD/30.03.2015 ഉത്തരവ് പ്രകാരം NABARD RIDF Tranche XX എന്ന പദ്ധതിയിലുൾപ്പെടുത്തി ഗവ എച്ച് എസ് എസ് ശ്രീകണ്ഠാപുരം, ഗവ എച്ച് എസ് എസ് മാടായി (ബോയ്സ്), ഗവ എച്ച് എസ് എസ് ചെറുകുന്ന് (ഗേൾസ്), ഗവ എച്ച് എസ് എസ്, കണിയൻചാൽ എന്നീ നാല് സ്കൂളുകളിൽ +2 സ്കൂൾ കോംപ്ലക്സ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 9,72,00,000/- രൂപയുടെ (2,43,00,000/- വീതം) ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിൽ 85% RIDF വിഹിതവും 15% സംസ്ഥാന വിഹിതവും ആയിരിക്കും. പ്രസ്തുത പ്രവൃത്തി 2015-16 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി (പ്രൊജക്ട് നം. 883/16) നടപ്പിലാക്കുന്നതിന് കണ്ണൂർ നിർമ്മിതികേന്ദ്രയുമായി 14.09.2015ന് 30 മാസത്തിനുള്ളിൽ പൂർത്തീകരിക്കാമെന്ന വ്യവസ്ഥയിൽ കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്.

ജില്ലാ നിർമ്മിതി കേന്ദ്രയുടെ 01.01.2019 ലെ KNK/1565/15(II) നമ്പർ കത്തിൽ ഓരോ സ്കൂളിനും താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം തുക ചെലവഴിച്ച് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുകയും ആയതിന്റെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം (KNK/1565/15(III)Dated 01.01,2019) ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. ആയതു പ്രകാരമുള്ള എം ബുക്കുകളും ബില്ലുകളും എൽ എസ് ജി ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സൂക്ഷ്മ പരിശോധന നടത്തുന്നതിനായി നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | സ്കൂളിന്റെ പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | ഗവ എച്ച് എസ് എസ് മാടായി (ബോയ്സ്) | 2,40,91,088 |
| 2 | ഗവ എച്ച് എസ് എസ് ചെറുകുന്ന്(ഗേൾസ്) | 2,42,98,356 |
| 3 | ഗവ എച്ച് എസ് എസ് ശ്രീകണ്ഠാപുരം, | 1,64,70,554 |
| 4 | ഗവ എച്ച് എസ് എസ് കണിയൻചാൽ | 2,41,70,596 |
| | ആകെ | 8,90,30,594<br>(15% 13354589) |

മേൽ പ്രവൃത്തി പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ 80% തുക നൽകുമെങ്കിലും ട്രഷറി നിയന്ത്രണമുള്ളതിനാൽ

തുക അനുവദിക്കാൻ സാധിക്കാത്തതിനാൽ പിന്നീട് ക്രമീകരിക്കാമെന്ന വ്യവസ്ഥയിൽ താഴെ കൊടുത്തിരിക്കുന്ന വൗച്ചറുകൾ പ്രകാരം 4,00,00,000/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം/ തിയ്യതി | തുക |
|---|---|
| 21900491/2.09.19 | 1,00,00,000/- |
| 21900492/2.09.19 | 50,00,000/- |
| 21900493/2.09.19 | 50,00,000/- |
| 21901013/04.02.20 | 1,00,00,000/- |
| 21901014/04.02.20 | 50,00,000/- |
| 21901015/04.02.20 | 50,00,000/- |
| ആകെ | 4,00,00,000/- |

പദ്ധതിയുമായി ബന്ധപ്പെട്ട് ഹാജരാക്കിയ വരവ് ചെലവ് പത്രിക പ്രകാരമുള്ള വിവരം ചുവടെ കൊടുക്കുന്നു.

| | RIDF പദ്ധതി പ്രകാരം വരവ് | നിർമ്മിതിക്ക് നൽകിയ തുക | | | | നിർമ്മിതി കേന്ദ്രയിൽ നിന്നും വിനിയോഗ സാക്ഷ്യ പത്രം പ്രകാരം ചെലവ് |
|---|---|---|---|---|---|---|
| | | NABARD വിഹിതം | പ്ലാൻ ഫണ്ട് | തനത് ഫണ്ട് | ആകെ നൽകിയത് | |
| ഗവ എച്ച് എസ് എസ്, മാടായി (ബോയ്സ് ) | | | | | | |
| ജി.ഒ.(ആർ.ടി) നം.1252/17/ Fin/16.02.17 1,65,24,000/- | 41,31,000 | 41,31,000 | 37,50,000 | 1,00,00,000 | 2,23,27,000 | 2,40,91,088 |
| ജി ഒ. (ആർ ടി) നം 2082/18/ LSGD /30.07.18 44,46,000/- | 44,46,000 | 44,46,000 | | | | |
| ആകെ വരവ് | 85,77,000 | 85,77,000 | 37,50,000 | 1,00,00,000 | 2,23,27,000 | 2,40,91,088 |
| ഗവ എച്ച് എസ് എസ്, ചെറുകുന്ന് (ഗേൾസ് ) | | | | | | |
| ജി ഒ.(ആർ ടി) നം. 1252/ 17/ Fin 16.02.17 1,65,24,000/- | 41,31,000 | 41,31,000 | 37,50,000 | 1,00,00,000 | 2,49,70,000 | 2,42,98,356 |
| ജി ഒ.(ആർ ടി) നം 1133/19/ LSGD /01.06.19 - 94,35,000 | 40,00,000 | 40,00,000 | | | | |
| | 30,89,000 | 30,89,000 | | | | |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | 1,12,20,000 | 1,12,20,000 | 37,50,000 | 1,00,00,000 | 2,49,70,000 | 2,42,98,356 |
| ഗവ എച്ച് എസ് എസ്, ശ്രീകണ്ഠാപുരം | | | | | | |
| ജി ഒ.(ആർ ടി) നം. 1252/17/ Fin 16.02.17 1,65,24,000/- | 41,31,000 | 41,31,000 | 37,50,000 | 1,00,00,000 | 1,78,81,000 | 1,64,70,554 |
| ആകെ | 41,31,000 | 41,31,000 | 37,50,000 | 1,00,00,000 | 1,78,81,000 | 1,64,70,554 |
| ഗവ എച്ച് എസ് എസ്, കണിയൻചാൽ | | | | | | |
| ജി ഒ.(ആർ ടി) നം. 1252/17/ Fin 16.02.17 1,65,24,000/- | 41,31,000 | 41,31,000 | 37,50,000 | 1,00,00,000 | 3,41,89,522 | 2,41,70,596 |
| ജി ഒ.(ആർ ടി) നം419/2019/LSGD/ 26.02.19- 37,78,000 | 37,78,000 | 37,78,000 | | | | |
| ജി ഒ.(ആർ ടി) നം.1133 /2019/LSGD/ 01.06.19 1,26,35,000 | 1,26,35,000 | 1,25,30,522 | | | | |
| ആകെ | 2,05,44,000 | 2,04,39,522 | 37,50,000 | 1,00,00,000 | 3,41,89,522 | 2,41,70,596 |
| ആകെ മൊത്തം | 4,44,72,000 | 4,43,67,522 | 1,50,00,00 | 4,00,00,000 | 9,93,67,522 | 8,90,30,594 |
| അനുവദിക്കാവുന്ന നബാർഡ് വിഹിതം | | | | | | 7,56,76,005 |
| അനുവദിക്കാവുന്ന ജില്ലാ പഞ്ചായത്ത് വിഹിതം | | | | | | 1,33,54,589 |

മേൽ പട്ടിക പ്രകാരം നബാർഡിൽ നിന്നും ലഭിച്ച ഫണ്ട്, പ്ലാൻ ഫണ്ട്, തനത് ഫണ്ട് എന്നിവ ഉൾപ്പടെ ആകെ 9,93,67,522/- രൂപ നിർമ്മിതികേന്ദ്രയ്ക്ക് നൽകിയിട്ടുണ്ട്. നിർമ്മിതി കേന്ദ്ര 01.01,2019 ന് 8,90,30,594/- രൂപയുടെ ഫൈനൽ ബില്ല് നൽകിയതിന് ശേഷവും ഫൈനൽ തുകയിൽ ലിമിറ്റ് ചെയ്യാതെ തനത് ഫണ്ടിൽ നിന്നും അഡ്വാൻസായി 2019-20 ൽ 4 കോടി രൂപയും 2020-21 ൽ നബാർഡിൽ നിന്ന് ലഭിച്ച 2,07,54,522/- രൂപയും നൽകിയിട്ടുണ്ട്.

1) NABARD RIDF Tranche XX പ്രകാരമുള്ള പ്രൊജക്ടുകൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള മാർഗ്ഗരേഖ (സർക്കുലർ നം. 26828/R&I 4/CRD/20.04.15) അനുസരിച്ച് 85% നബാർഡ് വിഹിതവും 15% സംസ്ഥാന വിഹിതവും ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കേണ്ടത്. ആയത് അനുസരിച്ച് നിർമ്മിതി കേന്ദ്ര ഹാജരാക്കിയ ഫൈനൽ ബിൽ പരിഗണിച്ച്, പ്ലാൻ ഫണ്ടിൽ നിന്നും അധിക തുക അനുവദിച്ചതിന്റെ വിശദീകരണവും പ്ലാൻ ഫണ്ടിൽ നിന്നും അധികമായി പിൻവലിച്ച തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ചതിന്റെ രേഖകളും ഹാജരാക്കുകയുണ്ടായില്ല. പ്ലാൻ ഫണ്ടിൽ നിന്നും അധികമായി അനുവദിച്ച 16,45,411/- രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) പദ്ധതി നടത്തിപ്പിന്റെ ഭാഗമായി തനത് ഫണ്ടിൽ നിന്നും മേൽ പരാമർശിച്ച പ്രകാരം അഡ്വാൻസായി അനുവദിച്ച 4,00,00,000/- രൂപ (നാല് കോടി രൂപ) ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

3) മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ ഓരോ സ്കൂളിനുമായി നബാർഡിൽ നിന്നും ലഭ്യമായ തുകയുടെ വിവരം, ഫണ്ടുകൾ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതിന്റെയും നിർമ്മിതി കേന്ദ്രക്ക് അനുവദിച്ചതിന്റെയും വിശദാംശങ്ങൾ എന്നിവ ഹാജരാക്കുകയുണ്ടായില്ല.

4) പദ്ധതികളുടെ സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റുകൾ, അപ്രൂവ്ഡ് ബിൽഡിംഗ് പ്ലാൻ തുടങ്ങിയ രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

5) നിർമ്മിതി കേന്ദ്ര ഫൈനൽ ബില്ലിനോടോപ്പം സമർപ്പിച്ച രേഖകളും ആയത് സൂക്ഷ്മ പരിശോധന നടത്തി അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ പരിശോധനക്കായി ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി (76/25.11.20) നൽകിയെങ്കിലും ഹാജരാക്കുകയുണ്ടായില്ല. ഖണ്ഡികയിലെ പരാമർശങ്ങൾക്ക് വ്യക്തത വരുത്തുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ തൻവർഷത്തെ ചെലവ് തുകയായ 4,00,00,000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-46 ജില്ലാ പഞ്ചായത്ത് ഓഫീസ് മൂന്നാം നില നിർമ്മാണം- പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ.

നിർവഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : 355/20 ജില്ലാ പഞ്ചായത്ത് ഓഫീസ് മൂന്നാം നില നിർമ്മാണം

അടങ്കൽ (വികസന ഫണ്ട് (പൊതുവിഭാഗം)

₹2,50,00,000 (തനത് ഫണ്ട്)
ആകെ അടങ്കൽ : ₹3,70,00,000

ചെലവ് : ₹60,00,000(വികസന ഫണ്ട് )

ബിൽ നം. 3/15.05.19)

₹60,00,000 (വികസന ഫണ്ട് )

ബിൽ നം. 7/18.05.19)
വികസന ഫണ്ട് ആകെ ചെലവ് : ₹1,20,00,000

₹1,44,40,000 (ചെക്ക് നം. 837118/26.03..20)

₹3,04,000 (ചെക്ക് നം. 5762848/30.03..20)

₹1,52,000 (ചെക്ക് നം. 5762849/30.03..20)

₹3,04,000 (ചെക്ക് നം. 837126/31.03..20)

1,52,00,000 (തനത് ഫണ്ട്)

തൻവർഷത്തെ ആകെ ചെലവ് – ₹2,72,00,000

2017-18

ചെലവ് ₹60,00,000

2018-19

ചെലവ് ₹60,00,000

31.03.2020 വരെ ആകെ ചെലവ് ₹ 3,92,00,000

2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ആരംഭിച്ച ജില്ലാ പഞ്ചായത്ത് ഓഫീസിന്റെ മൂന്നാം നില നിർമ്മാണം എന്ന പ്രൊജക്ട് (നം 413/18) നടപ്പിലാക്കുന്നതിന് 07.03.2018 ന് ജില്ലാ നിർമ്മിതി കേന്ദ്ര, കണ്ണൂരുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. നിർമ്മിതി കേന്ദ്ര ഹാജരാക്കിയ ₹3,15,00,000ടെ ഒറിജിനൽ എസ്റ്റിമേറ്റ് എൽ എസ് ജി ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിച്ച് ചില വ്യവസ്ഥകൾ സഹിതം ഒപ്പു വെച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിലായി 3,92,00,000/- രൂപ നിർമ്മിതി കേന്ദ്രയ്ക്ക് അഡ്വാൻസായി അനുവദിച്ചിട്ടുണ്ട്.

22.01.18 ന് നിർമ്മിതി കേന്ദ്ര താഴെ പറയുന്ന വിധത്തിലാണ് എസ്റ്റിമേറ്റ് സമർപ്പിച്ചത്.

| ഇനം | വകയിരുത്തിയ തുക |
|---|---|
| Third Floor | 1,00,00,000/- (Including GST Provision 8%<br>And Lumpsum Provisions For Furniture, Lift, Firefighting Etc) |

| | |
|---|---|
| Fourth Floor | 2,04,90,000/- (Including GST Provision 8% And Lumpsum Provisions For Furniture, Lift, Firefighting Etc) |
| Fifth Floor-Stair Room To Terrace | 10,30,000/- (Including GST) |
| Total | 3,15,00,000/- |

I. ഒറിജിനൽ എസ്റ്റിമേറ്റിൽ ലംപ്സം പ്രൊവിഷൻ നൽകിയ ഇനങ്ങളുടെ വിശദമായ എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടില്ല .

I) 07.03.2018 ന് ജില്ലാ നിർമ്മിതി കേന്ദ്ര ഹാജരാക്കിയ ഒറിജിനൽ എസ്റ്റിമേറ്റിൽ ലംപ്സം പ്രൊവിഷൻ നൽകിയ ഇനങ്ങളുടെ വിശദാംശങ്ങൾ പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പായി ഹാജരാക്കണമെന്ന വ്യവസ്ഥയിലും എസ്റ്റിമേറ്റിലെ താഴെ കൊടുത്തിരിക്കുന്ന ഇനങ്ങളുടെ നിരക്കിൽ കുറവ് വരുത്തിയിട്ടുമാണ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത് ഒപ്പു വച്ചത് . ആയത് പാലിക്കാതെയാണ് തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

| എസ്റ്റിമേറ്റിലെ ക്രമ നം. | ഇനം | ഒറിജിനൽ എസ്റ്റിമേറ്റിലെ നിരക്ക് | കുറവ് വരുത്തിയ നിരക്ക് | റിവൈസ്ഡ് എസ്റ്റിമേറ്റിലെ നിരക്ക് |
|---|---|---|---|---|
| മൂന്നാം നില | | | | |
| 8 | 50.6.7.3 | 7515.38/m3 | 6129.13/m3 | 7362.83/m3 |
| 10 | 50.9.1.2 | 113002.07/m3 | 108097.86/m3 | 112277.94/m3 |
| 11 | 50.9.3.2 | 2828.19/m2 | 2733.56/m2 | 2785.18/m2 |
| 12 | 50.9.6.2 | 3545.84/m2 | 3330.74/m2 | 3486.9/m2 |
| നാലാം നില | | | | |
| 8 | 50.6.7.3 | 7515.38/m3 | 6129.13/m3 | 7362.83/m3 |
| 10 | 50.9.1.2 | 113002.07/m3 | 108097.86/m3 | 112277.94/m3 |
| 11 | 50.9.3.2 | 2828.19/m2 | 2733.56/m2 | 2785.18/m2 |
| 12 | 50.9.6.2 | 3545.84/m2 | 3330.74/m2 | 3486.9/m2 |
| സ്റ്റെയർ റൂം | | | | |
| 9 | 50.9.1.2 | 113002.07 | 108097.86 | 112277.94 |
| 10 | 50.9.3.2 | 2828.19/m2 | 2733.56/m2 | 2785.18/m2 |
| 11 | 50.9.6.2 | 3545.84/m2 | 3330.74/m2 | 3486.9/m2 |

II. റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചതുമായി ബന്ധപ്പെട്ട പരാമർശങ്ങൾ

I) ഒറിജിനൽ എസ്റ്റിമേറ്റ് ഒപ്പു വെക്കുന്ന സമയത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുകളിൽ കൊടുത്തിരിക്കുന്ന ഇനങ്ങളുടെ നിരക്കിൽ കുറവ് വരുത്തിയാണ് അംഗീകരിച്ചിട്ടുള്ളത്. എന്നാൽ 21.03.2020ന് സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുന്ന സമയത്ത് ഹാജരാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ആയത് പരിഗണിച്ചിട്ടില്ല.

Ii) നിർമ്മിതി കേന്ദ്രക്ക് ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയുടെ (3,15,00,000/- രൂപ) 4 ഗഡുക്കളും (2,24,00,000/- രൂപ) അഡ്വാൻസായി അനുവദിച്ച ശേഷം, നിർമ്മിതി കേന്ദ്രയുടെ 13.06.19 ലെ KNK/1768/18 നമ്പർ കത്തിൽ ജില്ലാ പഞ്ചായത്ത് ഓഫീസിന്റെ നിലവിലുള്ള എല്ലാ കെട്ടിടങ്ങളും ഫയർ ആന്റ് സേഫ്റ്റി വകുപ്പിന്റെ നിർദ്ദേശ പ്രകാരം ഫയർ പ്രൊട്ടക്ഷൻ വർക്ക് ചെയ്യുന്നതിന് 23 ലക്ഷം രൂപയും അണ്ടർ ഗ്രൗണ്ട് സമ്പിന്റെ കപ്പാസിറ്റി (35000 ലിറ്ററിൽ നിന്ന് 150000 ലിറ്റർ ആയി) വർദ്ധിപ്പിക്കുന്നതിനുള്ള തുകയും അധികമായി വേണ്ടി വരുമെന്നും ആയതിനായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വരുമെന്നും അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിർമ്മിതി കേന്ദ്ര 4,90,00,000/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 17.03.20 ന് വെച്ച സപ്ലിമെന്ററി എഗ്രിമെന്റിൽ (നം 30/19-20) 31.05.20ന് പ്രവൃത്തി പൂർത്തീകരിക്കാമെന്ന വ്യവസ്ഥയിൽ ഒപ്പു വച്ചിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ വിശദമായ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയെക്കാളും കൂടുതലായ തുക താഴെ പറയുന്ന രീതിയിൽ എസ്റ്റിമേറ്റ് സമ്മറിയിൽ ഉൾപ്പെടുത്തി ആകെ എസ്റ്റിമേറ്റ് തുക കണക്കാക്കിയിരിക്കുന്നതിന്റെ കാരണം വ്യക്തമല്ല.

| ഇനം | എസ്റ്റിമേറ്റ് സമ്മറി പ്രകാരമുള്ള തുക | വിശദമായ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക |
|---|---|---|
| Third Floor | 3,67,55,933 | 3,62,39,000 |

| | | |
|---|---|---|
| Fourth Floor | 79,88,000 | 76,29,000 |
| Fifth Floor | 33,24,000 | 31,74,000 |
| Fire And Septic Tank | 15,86, 000 | 15,14,000 |
| Total | 4,96,53,933(*) | 4,85,56,000 |

(*) ഇതിൽ നിന്ന് 15% കുറവു ചെയ്ത ശേഷം 12% ജി എസ് ടി കോമ്പൻ സേഷനും 2.5% മാനേജ്മെന്റ് ചാർജ്ജും 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതവും കൂട്ടിയാണ് 4.92 കോടി രൂപ കണക്കാക്കിയിട്ടുള്ളത്.

iii) അംഗീകരിച്ച ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും ഏതെല്ലാം ഇനങ്ങളിൽ വ്യതിയാനം വരുത്തികൊണ്ടാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കേണ്ടതും ആയതിന് ഭരണ സാങ്കേതികാനുമതികൾ ലഭിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. (സ.ഉ.(പി)339/15/ഫിൻ തി.07.08.15, സ.ഉ (പി)77/19/ ഫിൻ തി.04.07.19 എന്നിവ പ്രകാരം 5 കോടി വരെ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകേണ്ടത് 3 ൽ കുറയാത്ത വിദഗ്ധർ (ജില്ലാ കലക്ടർ, ജില്ലാ നിർമ്മിതി കേന്ദ്ര സാങ്കേതികാംഗം, പൊതു മരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ) ഉൾപ്പെട്ട കമ്മിറ്റിയാണ്. ഉത്തരവുകളിലെ നിർദ്ദേശമനുസരിച്ച് മേൽ പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാക്കിയതിന്റെ രേഖകൾ )

Iv) 17.03.20ന് കരാറിൽ ഒപ്പുവച്ചതിന് ശേഷം 26.03.20 ന് റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിയുടെ 80% പൂർത്തീകരിച്ചിട്ടുണ്ടെന്ന നിർമ്മിതി കേന്ദ്രയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തുകയുടെ 80% എന്ന നിലയിൽ ആകെ 3,92,00,000/- രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ ആധികാരികത വ്യക്തമാക്കുന്ന പ്രവൃത്തി പുരോഗതി പത്രിക പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

V)നിർമ്മിതി കേന്ദ്രയുമായി പദ്ധതിനിർവ്വഹണത്തിനായി കരാറിൽ ഏർപ്പെട്ട സമയത്ത് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കോസ്റ്റ് ഇൻഡക്സ് 38.24% ആണ് ഉൾപ്പെടുത്തിയിരുന്നത്. ആയത് ജി എസ് ടി ഉൾപ്പെടെയുള്ള നിരക്കായിരുന്നു. പ്രസ്തുത കാലയളവിൽ അനുവദനീയമായ ജി എസ് ടി കോമ്പൻസേഷൻ നിശ്ചയിക്കേണ്ടത് സ ഉ(അച്ചടി) 87/17/തസ്വഭവ 01.11.17പ്രകാരമാണെന്നിരിക്കേ , 01.03.19 ലെ സർക്കുലർ നം 18/2018/Fin പ്രകാരം ജി എസ് ടി ഒഴിവാക്കിയുള്ള നിരക്കിൽ കോസ്റ്റ് ഇൻഡക്സ് നല്കി (32.04%) 12% ജി എസ് ടി കോമ്പൻസേഷൻ മുഴുവൻ ഇനങ്ങൾക്കും അനുവദിച്ച് കൊണ്ട് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനം വ്യക്തമാക്കാൻ സാധിച്ചിട്ടില്ല. (ഉത്തരവ് തീയതിക്കു മുമ്പേ പൂർത്തിയാക്കിയ ഇനങ്ങൾക്കും ഇതേ രീതിയിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്).

ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് വിഭാഗം നടപ്പാക്കുന്ന പ്രവൃത്തികൾക്ക് കരാർ തീയതിയിലെ വ്യവസ്ഥകൾ മാത്രമാണ് ബാധകമാകുന്നത് എന്ന കാര്യവും ശ്രദ്ധയിൽ പെടുത്തുന്നു.

III. പ്രവൃത്തിയിലുണ്ടാകുന്ന ന്യൂനതക്കുള്ള നിരീക്ഷണ കാലയളവ് .

സ.ഉ (പി) 107/16/ഫിൻ 27.07.16 പ്രകാരം പ്രൊജക്റ്റിന്റെ പൂർത്തീകരണത്തിന് ശേഷം നിശ്ചിത ഘട്ടത്തിന് ശേഷമോ സാധനങ്ങളുടെ ഗുണനിലവാരം ,വൈദഗ്ദ്യം എന്നിവയുടെ അപാകതയിന്മേലുള്ള ബാധ്യതക്ക് 5 വർഷത്തിൽ കുറയാതെയുള്ള നിരീക്ഷണ കാലയളവിനുള്ള ഉചിതമായ വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണ്. സ.ഉ. (പി)161/19 /ഫിൻ/ 26.11.2019 അനുസരിച്ച് ഓരോ തരത്തിലുള്ള പ്രവൃത്തിയുടെയും അപാകതക്കുള്ള ബാധ്യതാ കാലയളവ് താഴെ പറയുന്ന രീതിയിൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇതു കൂടാതെ പ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ ഉപകരണങ്ങളുടെയും Test Certificate, Guarantee Certificate എന്നിവ ഹാജരാക്കാനുമുള്ള വ്യവസ്ഥകളും ഉൾപ്പെടുത്തേണ്ടതാണ് ആയതുപ്രകാരം വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്താതിരുന്നതിന് വിശദീകരണം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| കെട്ടിടങ്ങൾ | 60 മാസം |
| ഇന്റീരിയർ പ്രവൃത്തി | 18 മാസം |
| മെക്കാനിക്കൽ/ഇലക്ട്രിക്കൽ പ്രവൃത്തി | 36 മാസം |
| അഗ്നി സുരക്ഷ | 36 മാസം |

IV പ്രൊക്യൂർമെന്റ് ഓർഡർ

ജി.ഒ.(പി)നം.118/18/ഫിൻ തി.03.08.18 പ്രകാരം പ്രവൃത്തി ഏത് രീതിയിലാണ് നിർവ്വഹിക്കപ്പെടാൻ ഏല്പിച്ചിട്ടുള്ളതെന്ന് വ്യക്തമായി നിർദ്ദേശം നൽകിക്കൊണ്ട് പ്രൊക്യൂയർമെന്റ് ഓർഡർ നൽകേണ്ടതാണ്. പ്രൊക്യൂയർമെന്റ് ഓർഡറിൽ സാധനങ്ങളും സേവനങ്ങളും ഏതു രീതിയിലാണ് സമാഹരണം നടത്തുന്നതെന്ന് വ്യക്തമാക്കിയിരിക്കണം. ആയതു പ്രകാരം നൽകിയ പ്രൊക്യൂർമെന്റ് ഓർഡർ, വാങ്ങി സ്ഥാപിക്കേണ്ട സാധനങ്ങളുടെ വിശദാംശങ്ങൾ നിശ്ചയിച്ചതിന്റെ അടിസ്ഥാന രേഖകൾ, ഇതിൽ എത്ര ശതമാനം തുകയ്ക്കുള്ള സാധനങ്ങൾ നിർമ്മിതി കേന്ദ്ര സ്വന്തമായി

നിർമ്മിക്കുന്നവയാണെന്ന് വ്യക്തമാക്കുന്ന രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

Vകെ എം ബി ആർ പാലിക്കുന്നത് സംബന്ധിച്ച്

പ്രോജക്റ്റ് ഫയലിൽ ഉൾപ്പെടുത്തിയ ബിൽഡിംഗ് പ്ലാനിൽ ടൗൺ പ്ലാനിംഗ് വിഭാഗത്തിന്റെ അനുമതി ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. കണ്ണൂർ കോർപ്പറേഷനിൽ നിന്നും കെട്ടിട നിർമ്മാണത്തിനുള്ള അനുമതി ലഭിച്ചതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

VI പ്രവൃത്തി ഏറ്റെടുക്കുന്നതിലുള്ള സാമ്പത്തിക പരിധി പാലിക്കാത്തത്

സ.ഉ (പി)77/19/ഫിൻ തി. 04.07.19 പ്രകാരം പരമാവധി 4.5 കോടിവരെയുള്ള പ്രവൃത്തികൾ ഉൾപ്പെട്ട 15 കോടി വരെയുള്ള പ്രവൃത്തികൾ ഒരേസമയം കണ്ണൂർ ജില്ലാ നിർമ്മിതി കേന്ദ്രക്ക് അനുവദിക്കാവുന്നതാണ്. 2019-20 ൽ നിലവിലുള്ള പ്രവൃത്തികളിൽ സെക്രട്ടറി മാത്രം നിർവ്വഹണം നടത്തിയ പദ്ധതികൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം പ്രവൃത്തി മൂല്യമുള്ളവയാണ്. സർക്കാർ ഉത്തരവിൽ നിന്നും വ്യത്യസ്തമായി പ്രവൃത്തികൾ നിർമ്മിതി കേന്ദ്രക്ക് അനുവദിക്കാനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

| പ്രോജക്റ്റ് നമ്പർ | എസ്റ്റിമേറ്റ് കോസ്റ്റ്(കോടിയിൽ) |
|---|---|
| 355/20 മൂന്നാം നില നിർമ്മാണം | 4.9 |
| 812/20 +2 സ്കൂൾ കോംപ്ലക്സ് നിർമ്മാണം | 9.72 |
| 811/20 +2 സ്കൂൾ കോംപ്ലക്സ് നിർമ്മാണം | 9.82 |
| 351 കോൺഫറൻസ് ഹാൾ നവികരണം | 0.95 |
| 574/20 സയൻസ് പാർക്ക് കോൺഫറൻസ് ഹാൾ നവീകരണം | 0.34 |
| ആകെ | 25.73 കോടി |

മുകളിൽ പരാമർശിച്ച അപാകങ്ങൾക്ക് മറുപടി രേഖകൾ സഹിതം ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി (75/07.12.20) നൽകിയെങ്കിലും ആയത് ഹാജരാക്കുകയുണ്ടായില്ല. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-47 പൂർത്തീകരിക്കാത്ത കുടിവെള്ള പദ്ധതികൾ

കുടിവെള്ളക്ഷാമം പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കി വരുന്ന കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാതെ കിടക്കുന്നത് സർക്കാരിന്റെ ജനക്ഷേമ പ്രവർത്തനങ്ങളുടെ ഫലം പൊതുജനങ്ങളിലേക്ക് എത്താതെ പോകുന്നതിനും പദ്ധതി പണം പാഴായി പോകുന്നതിനും കാരണമാകുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. ഉദാഹരണമായി 2019-20 വർഷം പൂർത്തീകരിക്കാനുദ്ദേശിച്ച് കൊണ്ട് രൂപം കൊടുത്തിട്ടുള്ള താഴെ കൊടുത്തിരിക്കുന്ന സ്പിൽ ഓവർ കുടിവെള്ളപദ്ധതികളുമായി ബന്ധപ്പെട്ട് നടത്തിയ നിർമ്മാണ പ്രവൃത്തികളുടെ യാതൊരു രേഖകളും പരിശോധനക്കായി ഹാജരാക്കുകയുണ്ടായില്ല. മാത്രമല്ല പദ്ധതികളുടെ നിജസ്ഥിതി വ്യക്തമാക്കാനും മുൻ വർഷങ്ങളിൽ ആരംഭിച്ച് പൂർത്തീകരിക്കാതെ കിടക്കുന്ന കുടിവെള്ള പദ്ധതികളുടെ വിവരങ്ങളും, കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി മുൻ വർഷങ്ങളിൽ ആരംഭിച്ചിട്ടുള്ളതും പൂർത്തീകരിക്കാത്തതുമായ പദ്ധതികളുടെ വിവരം ലഭ്യമാക്കാനും നിർദ്ദേശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/16.10.20) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

| | | | |
|---|---|---|---|
| 1. | പദ്ധതിയുടെ പേര്/പ്രൊജക്റ്റ് നം. | ചേറ്റടി എസ് ജി കുടിവെള്ള പദ്ധതി 815/20 | കപ്പോൾ മടക്കാംപൊയിൽ കുടിവെള്ള പദ്ധതി 816/20 |
| 2 | അടങ്കൽ | 353376 | 526035 |

പൂർത്തീകരിക്കാതെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങി കിടക്കുന്ന കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്ന വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-48 കെട്ടിടം പൊളിച്ച് മാറ്റിയത്- രേഖകൾ ഹാജരാക്കേണ്ടതാണ്.

GAIL (ഇന്ത്യ) ലിമിറ്റഡിന്റെ CSR സ്കീമിൽ ഉൾപ്പെടുത്തി AKGMGHS ,പിണറായിയിൽ അക്കാഡമിക്ക് ബ്ലോക്ക് നിർമ്മാണത്തിനായി 40 ലക്ഷം രൂപ ഊരാളുങ്കൽ കോ-ഓപ് സൊസൈറ്റിക്ക് മൊബിലൈസേഷൻ അഡ്വാൻസായി നൽകിയിട്ടുണ്ട്. (വൗച്ചർ നം 21900557/6.9.19) സ്കൂൾ കോമ്പൗണ്ടിൽ ഉണ്ടായിരുന്ന ഓഡിറ്റോറിയം പൊളിച്ചതിന്ശേഷമാണ് കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളത് എന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ AEE/LSGD/DP834/19/5/8/19 നമ്പർ കത്തിലൂടെ വ്യക്തമാക്കിയിട്ടുള്ളത്. കെട്ടിടം പൊളിച്ചുമാറ്റിയതുമായി ബന്ധപ്പെട്ട

താഴെ പറയുന്ന രേഖകൾ/വിശദീകരണം ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി (69/25.11.20) നൽകിയെങ്കിലും ഹാജരാക്കുകയുണ്ടായില്ല.

1.സ്കൂൾ കോമ്പൗണ്ടിൽ നിന്നും കെട്ടിടം പൊളിച്ച് മാറ്റുന്നതിന് ജില്ലാപഞ്ചായത്ത് അനുമതി നൽകിയതിന്റെ രേഖകൾ.

2.കെട്ടിടം പൊളിച്ച് മാറ്റുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ്

3. കെട്ടിടം ഉപയോഗശൂന്യമാണെന്ന് വ്യക്തമാക്കുന്ന ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നുള്ള സാക്ഷ്യപത്രം സ.ഉ(എം എസ് )322/18/lsgd/9.3.18

4. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായാണ് കെട്ടിടം പൊളിച്ച് മാറ്റിയതെങ്കിൽ കെട്ടിട നിർമ്മാണത്തിന് മറ്റു സ്ഥലങ്ങൾ ലഭ്യമല്ല എന്നും കെട്ടിടം പൊളിച്ച് മാറ്റേണ്ടത് അനിവാര്യമാണെന്ന് ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് പരിശോധിച്ച് ഉറപ്പു വരുത്തിയതിന്റെ രേഖകൾ.

5 പഴയ കെട്ടിടം പൊളിച്ച് മാറ്റുമ്പോൾ കിട്ടുന്ന പണം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ടിലേക്ക് മുതൽ കൂട്ടിയതിന്റെ രേഖകൾ (സർക്കുലർ 46951/DB22008/തസ്വഭവ/17.09.08).

6. കെട്ടിടത്തിന്റെ മൂല്യ നിർണ്ണയം നടത്തിയതിന്റെ രേഖകൾ. G.O((RT)1111/18/lsgd/18.04.18

സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചതുമായി ബന്ധപ്പെട്ട മുകളിൽ പരാമർശിച്ച രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-49 കേരള പൊതു മരാമത്ത് വകുപ്പ് മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്.

കേരള പൊതു മരാമത്ത് വകുപ്പ് മാന്വലിൽ [2012 ജി ഒ (പി)13/2012/പി ഡബ്ല്യു ഡി/01.02.2012] വ്യവസ്ഥ ചെയ്തിട്ടുള്ള നടപടി ക്രമങ്ങൾ പാലിച്ച് കൊണ്ട് ഖ 2112-1 പ്രകാരം കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. കൂടാതെ ആദ്യ തവണ ഒറിജിനൽ സമയത്തിന്റെ 25% കൂടുതൽ അധികരിക്കാവുന്നതല്ല. ആദ്യ തവണ PAC യുടെ 1% മിനിമം 1000/- രൂപ നിരക്കിലും ആദ്യ തവണക്ക് ശേഷം PAC യുടെ 2% മിനിമം 2000/- രൂപ നിരക്കിലുമാണ് പിഴ ഈടാക്കേണ്ടത്. സർക്കാർ നിർദ്ദേശാനുസരണം ദീർഘീകരണം ലഭ്യമാക്കാതെയും വ്യവസ്ഥ ചെയ്തിരിക്കുന്ന നിരക്കിലും കുറഞ്ഞ തുക പിഴ ഈടാക്കിയും പ്രവൃത്തി പൂർത്തീകരിക്കുന്നത് അംഗീകരിക്കാവുന്നതല്ല. താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയതിന്റെ രേഖകൾ ഹാജരാക്കുന്നതിനും നിയമാനുസൃത പിഴ ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 62/17.11.20) മറുപടി ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രൊജക്ട് നമ്പർ/ പേര് | പി എ സി | പ്രവൃത്തി ആരംഭിച്ച തിയ്യതി | പ്രവൃത്തി യുടെ കാലാവധി | പ്രവൃത്തി പൂർത്തീ കരിക്കേണ്ട തിയ്യതി | പ്രവൃത്തി പൂർത്തീ കരിച്ച തിയ്യതി | പൂർത്തീ കരി ക്കാനെ ടുത്ത സമയം | ഈടാ ക്കിയ പിഴ |
|---|---|---|---|---|---|---|---|---|
| 1 | 597/20 കൊക്കായി ഒറ്റത്തട്ട് റോഡ് പുനരുദ്ധാരണം | 2449319 | 2-3-18 | 6 മാസം | 1-9-18 | 1-1-19 | 10 മാസം | 0 |
| 2 | 596/20 ചെങ്ങളായി ചുഴലി റോഡ് | 4015273 | 18.1.18 | 6 മാസം | 17.7.18 | 1.1.19 | 10 മാസം | 0 |
| 3 | 591/20 കണ്ണൂർ യൂനിവേഴ്സിറ്റി അഞ്ചാം പീടിക | 1848511 | 25.4.18 | 6 മാസം | 24.10.18 | 28.03.19 | 10 മാസം | 36970 2% Of PAC |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| 4 | 594/20 ചന്ദനക്കാം പാറ ഒന്നാംപാ -ആടമ്പാറ ചന്ദനഗിരി റോഡ് | 2464336 | 1.1.18 | 6 മാസം | 30.6.18 | 22.12.18 | 10 മാസം | 0 |
| 5 | 672/20 ചുഴലി GHSS മെയിന്റനൻസ് | 516047 | 14.8.18 | 6 മാസം | 13.02.19 | 07.05.19 | 2.5 മാസം | 5160 1% ഈടാക്കിയിട്ടുണ്ട് |

ക്രമ നം.1.

ഫയൽ പ്രകാരം 2055819 രൂപയുടെ പ്രവൃത്തിമൂല്യമുള്ള പ്രവൃത്തിയുടെ പാർട്ട് ബില്ലായി 15,03,054 രൂപ 27.3. 18 ന് അനുവദിച്ചിട്ടുണ്ട്. പാർട്ട് ബില്ല് അനുവദിച്ചതിന് ശേഷം 1.8.18 ന് പൂർത്തീകരിക്കേണ്ട പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 31.12.2018 വരെ 4.8.18 ലെ തീരുമാനം നമ്പർ 75/18(4) പ്രകാരം ദീർഘിപ്പിച്ച് നല്കിയിട്ടുണ്ട്. സമയപരിധിക്കുള്ളിൽ പ്രവൃത്തിപൂർത്തീകരിക്കാൻ സാധിക്കുകയില്ലെങ്കിൽ കരാറുകാരൻ കാലാവധിക്കുള്ളിൽ സമയം ദീർഘിപ്പിച്ച് നൽകുന്നതിന് അപേക്ഷനൽകേണ്ടതാണ്. കാലാവധിക്കുള്ളിൽ സമയ ദീർഘീകരണത്തിനായി സമർപ്പിച്ച അപേക്ഷ ഹാജരാക്കിയിട്ടില്ല..

ക്രമ നം. 2.

7.7.18 ലെ 64/18(8) നമ്പർ ഭരണസമിതി സമിതി തീരുമാനം പ്രകാരം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന് ശേഷം ഒറിജിനൽ കരാറിന്റെ കാലാവധി പൂർത്തിയായതിനുശേഷം സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചതിന്റെയും സമയം ദീർഘിപ്പിച്ചുനൽകിയതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല.

ക്രമ നം 3.

ഒറിജിനൽ കരാറിന്റെ കാലാവധി 24.10.18 ന് അവസാനിച്ചതിന് ശേഷം 24.01.19 ന് ആണ് സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പുവച്ചിട്ടുള്ളത്. ഒറിജിനൽ എഗ്രിമെന്റ് പ്രകാരമുള്ള കാലാവധിക്കുള്ളിൽ സമയം ദീർഘിപ്പിച്ച് നൽകുന്നതാനായി കരാറുകാരൻ സമർപ്പിച്ച അപേക്ഷയും ആയതിന്റെ അടിസ്ഥാനത്തിൽ സമയം ദീർഘിപ്പിച്ചുനൽകിയ ഭരണസമിതി തീരുമാനത്തിന്റെ രേഖകളും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. കരാറുകാരന് അനുവദനീയമായതിലും കൂടുതൽ സമയം (ആകെ അനുവദിച്ച സമയത്തിന്റെ 50% ലും കൂടുതൽ) പ്രവൃത്തി പൂർത്തീകരണത്തിനായി അനുവദിക്കാനുള്ള കാരണം വ്യക്തമല്ല.

ക്രമ നം 4.

ഒറിജിനൽ കരാറിന്റെ കാലാവധി 30.06.18 ന് അവസാനിച്ചതിന് ശേഷം സമയം ദീർഘിപ്പിച്ച് നൽകുന്നതിന് യഥാസമയം അപേക്ഷ നൽകാതെ പ്രവൃത്തി തുടരുകയും എം ബുക്ക് പ്രകാരം 31.12.18 പ്രവൃത്തി പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്. 05.01.2019 ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖാന്തിരം നല്കിയ അപേക്ഷയിലൂടെ മെറ്റീരിയൽ ലഭ്യത കുറവും കാലർഷവും കാരണം പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലെന്നും സമയം ദീർഘിപ്പിച്ച് തരണമെന്ന് ആപേക്ഷിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തീരുമാനം നം DP No.15/19(11)/23.2.19 പ്രകാരം സമയം ദീർഘിപ്പിച്ച് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിശദാംശങ്ങൾ ലഭ്യമല്ല. കരാർ കാലവധി പൂർത്തിയാകുന്നതിന് മുമ്പ് സമയം ദീർഘിപ്പിച്ച് നൽകുന്നതാനായി കരാറുകാരൻ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ കരാറുകാരന് പ്രവൃത്തിക്കായി അനുവദിച്ച ആകെ സമയത്തിന്റെ 50% ൽ കൂടുതലാവാത്ത സമയം പ്രവൃത്തി പൂർത്തീകരണത്തിനായി അനുവദിക്കാവുന്നതാണ്. എന്നാൽ ഇത്തരം നിബന്ധനകൾ പാലിക്കാതെ പ്രവൃത്തി തുടരുകയും ചട്ടവിരുദ്ധമായി കൂടുതൽ സമയം അനുവദിക്കാനുണ്ടായ കാരണം വ്യക്തമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതും നിയമാനുസൃത പിഴ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-50 കണിച്ചാർ കുന്നേൽ കവല നെല്ലിക്കുന്ന് അമ്പലം റോഡ്-കൃത്യമായ പരിശോധന

നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ 145/19,550/20

അടങ്കൽ ₹25,00,000(സംരക്ഷണ ഗ്രാന്റ് - റോഡ്)

ചെലവ്

21,64,199 (69/19-20,13.06.19)

കരാറുകാരൻ- ശ്രീ ടി ടി മാത്യു(21,64,199/- രൂപ- എഗ്രീഡ് പി എ സി)

എഗ്രിമെന്റ് 130/18-19 തീയതി 10.10.18

എം ബുക്ക് നമ്പർ 244/18-19,244എ/18-19

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നല്കേണ്ടതാണ്.

1.1030 മീറ്റർ നീളത്തിലുള്ള റോഡ് രണ്ടു ഭാഗത്തും 40 സെ മീ വീതം വീതി കൂട്ടുകയും മൂന്ന് പൈപ്പ് കൾവർട്ടുകൾ സ്ഥാപിച്ച് വെള്ളക്കെട്ട് ഒഴിവാക്കുകയും റീടാറിംഗ് പ്രവൃത്തികൾ ചെയ്യുകയുമാണ് പദ്ധതി ലക്ഷ്യങ്ങൾ. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ പിഴവ് കാരണം മുഴുവൻ ലെങ്ത്തിലും റീടാറിംഗ് ചെയ്യാൻ സാധിച്ചിട്ടില്ല. ആദ്യത്തെ 275 മീറ്റർ വീതി കൂട്ടിയ ഭാഗം മാത്രവും ബാക്കി ഭാഗം മുഴുവനായും (755*3.8) ടാറിംഗ് ചെയ്യുകയാണ് ചെയ്തത്. എസ്റ്റിമേറ്റ് ശരിയായ വിശകലനത്തിന് വിധേയമാക്കാതെ സാങ്കേതികാനുമതി നല്കിയത് ശരിയായ നടപടിയല്ല.

2.മൂന്നു കൾവർട്ടുകൾ സ്ഥാപിക്കാനാണ് എസ്റ്റിമേറ്റിൽ നിർദ്ദേശിച്ചതെങ്കിലും രണ്ടെണ്ണം മാത്രമാണ് സ്ഥാപിക്കപ്പെട്ടത്.

3.ഇനം 13 ൽ Surface Drains In Soil , Average Cross Sectional Area 0.4 M2 .....(Item Number 3.19.1B) എന്നതിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് 950*0.4*0.4,230*0.4*0.4 എന്നിങ്ങനെ അളവുകൾ രേഖപ്പെടുത്തി ആകെ 188.801 മീറ്റർ എന്നു കാണിച്ചാണ്. Dimension ൽ വന്ന വ്യത്യാസം പോലും പരിഗണിക്കാതെ സാങ്കേതികാനുമതി നല്കിയതിന്റെ അടിസ്ഥാനം വ്യക്തമാക്കേണ്ടതാണ്.(നിരക്ക് 138/മീറ്റർ)

4.ഇനം നമ്പർ 14 ൽ അളവുകൾ രേഖപ്പെടുത്തിയത് പേജ് 16 ലേക്ക് ക്യാരി ഫോർവേർഡ് ചെയ്തപ്പോൾ തെറ്റു വന്നിട്ടുണ്ട് . പേജ് 10 ൽ 65.179 ഘനമീറ്ററും പേജ് 16 ൽ 71.841 ഘനമീറ്ററുമാണ് രേഖപ്പെടുത്തിയത് . അധികം നല്കിയ തുക (71.841-65.179)*241.04/m3=1606/- രൂപ തിരിച്ചു പിടിക്കേണ്ടതാണ്.

1-51 കയ്യങ്കോട് വള്ളുവൻ കടവ് റോഡ് റീടാറിംഗ്-കൊളച്ചേരി ഗ്രാമപഞ്ചായത്ത്-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ -309173/-രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ 602/19-20(495/17-18,630/18-19)

അടങ്കൽ 3500000/- (സംരക്ഷണ ഗ്രാന്റ് -റോഡ്)

ചെലവ് 2686483/- (2019-20)-ബിൽ നമ്പർ 4/19-20,18.05.19)

309173/- (2018-19 പ്രോജക്ട് നമ്പർ 630/19)

എഗ്രിമെന്റ് എൽ എസ് ജി ഡി/ഇഇ/ 149/17-18 തീയതി 01.01.18

എം ബുക്ക് 538/18-19,260/17-18

കരാറുകാരൻ ശ്രീ മുഹമ്മദ് കുഞ്ഞി എം

എഗ്രീഡ് പി എ സി - ₹ 29,45,144

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.ആകെ പ്രവൃത്തി മൂല്യം ₹27,05,523

കുറക്കുക ഒഴിഞ്ഞ ബാരൽ വില(80എണ്ണം)- ₹19040

പിൻവലിക്കേണ്ട തുക ₹26,86,483

എന്നാൽ 2018-19,19-20 സാമ്പത്തിക വർഷങ്ങളിലായി 2995656/- രൂപ പിൻവലിച്ചിട്ടുണ്ട്. പ്രോജക്ട് ഫയലിലോ എം ബുക്കിലോ ഉൾപ്പെടുത്താതെ 309173/- രൂപ അധികമായി പിൻവലിച്ചതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

2.8 മാസം പൂർത്തീകരണ കാലാവധി നിശ്ചയിച്ച് 01.01.2018 തീയതിയിൽ സൈറ്റ് കൈമാറിയ പ്രവൃത്തി പൂർത്തിയാക്കിയത് 11.03.2019 നു മാത്രമാണ്. കാരണമായി രേഖപ്പെടുത്തിയത് ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റുന്നതുമായി

ബന്ധപ്പെട്ട വിഷയങ്ങൾ എന്നാണ്. എന്നാൽ വിശദാംശങ്ങൾ പ്രോജക്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ടു തന്നെ ദീർഘീകരണത്തിനായി പറഞ്ഞ കാരണം പരിഗണിക്കാൻ കഴിയില്ല.

3.കൊളച്ചേരി ഗ്രാമപഞ്ചായത്തിന് കെ എസ് ഇ ബിയിൽ നിന്നും ട്രാൻസ്ഫോമർ, പോസ്റ്റ് ഇവ മാറ്റി സ്ഥാപിക്കുന്നതിനായി 1,94,047/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നല്കിയിരുന്ന എന്നും ആയത് പദ്ധതി തുകയിൽ നിന്ന് അനുവദിക്കുന്നതിന് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 10.05.2018 ലെ 49/18(4) നമ്പർ തീരുമാന പ്രകാരം അനുമതി നല്കിയിട്ടുണ്ടെന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുക കെ എസ് ഇ ബിയിൽ ഒടുക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഒടുക്കിയിട്ടുണ്ടെങ്കിൽ കെഎസ് ഇ ബി പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ പത്രം, വർക്ക് ബിൽ അബ്സ്ട്രാക്ട്, കൈപ്പറ്റ് രശീതി തുടങ്ങിയ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

3. ഒരു ഗ്രാമപഞ്ചായത്തിൽ മാത്രം ഒതുങ്ങി നില്ക്കുന്ന പ്രവൃത്തി എന്ന നിലയിൽ ആയത് നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്ത് മേൽത്തട്ട് നിർദ്ദേശം നല്കിയിരുന്നോ എന്നതു സംബന്ധിച്ചുള്ള വിവരങ്ങൾ പ്രോജക്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല

4.എക്സിക്യൂട്ടീവ് എഞ്ചിനീയർ, 30.04.18 ന് സെക്രട്ടറിക്ക് നല്കിയ കത്തിൽ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി സമർപ്പിച്ചപ്പോൾ പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി വകയിരുത്തിയ തുക ഒഴിവാക്കിയാണ് സൂപ്രണ്ടിംഗ് എഞ്ചിനീയർ സാങ്കേതികാനുമതി നല്കിയതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഇനം സാങ്കേതികാനുമതിയിൽ നിന്ന് ഒഴിവാക്കാനിടയായ സാഹചര്യം വ്യക്തമാക്കപ്പെട്ടിട്ടില്ല. (സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കത്ത് പ്രോജക്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല). സൂപ്രണ്ടിംഗ് എഞ്ചിനീയർ സാങ്കേതികാനുമതിയിൽ ഉൾപ്പെടുത്താത്ത ഇനത്തിനു വേണ്ടി പദ്ധതിയിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയത് ശരിയായ നടപടിയല്ല

6.എസ്റ്റിമേറ്റ് റിപ്പോർട്ടിലോ എസ്റ്റിമേറ്റിലോ പോസ്റ്റ് ഷിഫ്റ്റിംഗിന്റെ കാര്യം രേഖപ്പെടുത്തിയിട്ടില്ല

ചെലവു രേഖകൾ ഹാജരാക്കാത്തതിനാലും മറ്റ് അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കാത്തതിനാലും 309173/- രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

## 1-52 ക്വാളിറ്റി കൺട്രോൾ ലാബ്- പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ 292/19,808/20

അടങ്കൽ 15,00,000(വികസന ഫണ്ട് ജനറൽ)

ചെലവ് 15,00,000(ബിൽ നമ്പർ 5/19-20,17.08.19)

കരാർ ലഭിച്ച സ്ഥാപനം എ എസ് ഐ സെയിൽസ് പ്രൈവറ്റ് ലിമിറ്റഡ്, ന്യൂഡൽഹി

കേരള പൊതുമരാമത്ത് മാനുവലിലെ സെക്ഷൻ 2103 പ്രകാരം ഓരോ പ്രവൃത്തിയും കൃത്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ നിർവ്വഹിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. പ്രവൃത്തികളുടെ ഗുണപരിശോധനാ ടെസ്റ്റുകളുടെ റിപ്പോർട്ടുകൾ ഫൈനൽ ബില്ലിനൊപ്പം സമർപ്പിക്കേണ്ടതാണെന്ന് കേരള പൊതുമരാമത്ത് മാനുവലിൽ നിഷ്കർഷിച്ചിട്ടുണ്ട്. മാനുവലിലെ ക്ലോസ് 2401, 2406 എന്നിവ പ്രകാരം 3-Tier Quality Monitoring System സർക്കാർ പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിർബന്ധമാക്കിയിട്ടുണ്ട്. ജി.ഓ(ആർ.റ്റി) 469/2013/PWD/30.3.2013നംപർ ഉത്തരവ് പ്രകാരം ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലാപഞ്ചായത്ത് ആസ്ഥാനങ്ങളിലും ഓരോ ഗുണനിലവാര നിർണ്ണയ ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് തദ്ദേശഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ഉത്തരവായിട്ടുണ്ട്. ആയതു പ്രകാരം ക്വാളിറ്റി കൺട്രോൾ ലാബ് സ്ഥാപിക്കുന്നതിനായി പ്രോജക്ട് നമ്പർ 808/20 ൽ ഉൾപ്പെടുത്തി 15ലക്ഷം രൂപയുടെ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ സയൻസ് പാർക്കിൽ സജ്ജമാക്കിയ ലാബിൽ സ്ഥാപിച്ചതായിട്ടാണ് അറിയിച്ചത്.

എന്നാൽ ലാബിന് അക്രഡിറ്റേഷൻ ലഭിക്കുന്നതിനോ ലാബിലേക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനോ ആവശ്യമായ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ലാബിന്റെ പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതും പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരുൾപ്പെടെയുള്ള ഭൌതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-53 റോഡുകളുടെ സ്ഥിതി വിവരക്കണക്കുകൾ നിരീക്ഷിക്കുന്നതിനുള്ള ഫലപ്രദമായ സംവിധാനം നിലവിലില്ല-ഓവർലാപ്പിംഗിന് സാധ്യത

കണ്ണൂർ ജില്ലാപഞ്ചായത്ത് നടപ്പിലാക്കുന്നതിനു വേണ്ടി തയ്യാറാക്കിയ വിവിധ റോഡ് പ്രവൃത്തികൾക്കായുള്ള പ്രോജക്ടുകൾ മറ്റ് ഏജൻസികൾ വഴി നടപ്പിലാക്കുന്നതായി ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് ഉപേക്ഷിക്കേണ്ടതായി വന്നിട്ടുണ്ട്. കൂടാതെ ചില റോഡുകൾക്കായി ഒന്നിൽ കൂടുതൽ പ്രോജക്ടുകൾ തയ്യാറാക്കുകയും നിർവ്വഹണ വേളയിൽ

അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർ രണ്ടും ഒരേ റോഡാണെന്ന് ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് ഒരെണ്ണം ഒഴിവാക്കുന്നതായും പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മറ്റി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതുപോലെ പിഡബ്ല്യൂഡി, ജലഗതാഗത വകുപ്പ് തുടങ്ങിയ ഏറ്റെടുത്തതിനാലും വിവിധ പ്രോജക്ടുകളിൽ മാറ്റം വരുത്തുകയോ ഉപേക്ഷിക്കുകയോ ചെയ്യേണ്ടി വന്നിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്റ്റിന്റെ പേര് | തീരുമാനം നമ്പർ | ഉപേക്ഷിക്കാനുള്ള കാരണം |
|---|---|---|---|---|
| 1 | 717/19 | പുന്നാട് കാക്കയങ്ങാട് റോഡ് പുനരുദ്ധാരണം,30ലക്ഷം-സംരക്ഷണ ഗ്രാന്റ് -റോഡിതരം | 25/18(2) 12.11.18 | പ്രസ്തുത റോഡ് പി.ഡബ്ല്യു.ഡി ഏറ്റെടുത്തതിനാൽ |
| 2 | 741/19 | പ്രളയത്തിൽ തകർന്ന ബാവലിപ്പുഴ പാലുകാച്ചി റോഡ് പുനരുദ്ധാരണം-കൊട്ടിയൂർ ഗ്രാമപഞ്ചായത്തിന് ധനസഹായം-25ലക്ഷം-സംരക്ഷണ ഗ്രാന്റ് റോഡിതരം | ,, | ,, |
| 3 | 267/19 | മമ്മാക്കുന്ന് പോതിയോടത്ത് തോട് സംരക്ഷണം- | 29/18(1) 10.12.18 | ചില ഇനങ്ങൾ ജലസേചന വകുപ്പ് വഴി ചെയ്യുന്നതിനാൽ മിച്ചം വരുന്ന തുക വച്ച് പുതിയ ഇനങ്ങൾ ഉൾപ്പെടുത്തി |
| 4 | 697/19 | നുച്യാട് കുഞ്ഞിപ്പറമ്പ് റോഡ് -പയ്യാവൂർ ഗ്രാമപഞ്ചായത്ത് | 22.11.19 | റോഡിന്റെ ഒരു ഭാഗം പി ഡബ്ല്യു ഡി ആസ്തിയാണെന്നും ആയതിനാൽ പ്രവൃത്തി ഒഴിവാക്കണമെന്നും ശുപാർശ |

റോഡ് പ്രവൃത്തി പൂർത്തീകരിച്ചതിനു തൊട്ടു പിന്നാലെ റോഡിൽ കുഴികൾ രൂപപ്പെട്ടതായി പരാതി ലഭിച്ചതിനെ തുടർന്ന് റെക്റ്റിഫൈ ചെയ്യാൻ കരാറുകാരന് നോട്ടീസ് നല്കിയപ്പോൾ പ്രസ്തുത റോഡ് പി എം ജി എസ് വൈ പദ്ധതിയിൽ ഏറ്റെടുക്കപ്പെട്ടതിനാൽ സൈറ്റിൽ പ്രവേശിക്കാൻ കഴിയില്ല എന്ന് റിപ്പോർട്ടു ചെയ്യുകയും റെക്റ്റിഫിക്കേഷനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക തിരിച്ചു പിടിച്ച് ഫൈനൽ ബിൽ നല്കിയ സംഗതിയും ഉണ്ടായിട്ടുണ്ട്. (അങ്ങാടിക്കടവ് ബാലങ്കരി റോഡ്- അയ്യൻ കുന്ന് ഗ്രാമപഞ്ചായത്ത്)അതുപോലെ പദ്ധതി തയ്യാറാക്കിയ ശേഷം അതേ റീച്ചിൽ ബ്ലോക്ക് പഞ്ചായത്ത് വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ പെടുത്തി റോഡ് പുനരുദ്ധാരണം നടത്തിയതിനാൽ എസ്റ്റിമേറ്റിൽ മാറ്റം വരുത്തിയ സംഗതിയും ഉണ്ട്.

ഈ സംഗതികളെല്ലാം വിരൽ ചൂണ്ടുന്നത് വ്യക്തമായ ആസൂത്രണത്തിന്റെ അഭാവത്തിലേക്കാണ്. പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച രീതിയിൽ അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ ഭരണ സമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും പരിശോധിച്ച് അപേക്ഷ സമർപ്പിച്ച ശേഷമാണ് പദ്ധതികൾ ഏറ്റെടുക്കുന്നതെങ്കിൽ ഒരു പരിധിവരെ ഇത്തരം അപാകങ്ങൾ ഒഴിവാക്കാൻ കഴിയുന്നതാണ് എന്ന് ഓഡിറ്റിൽ നിരീക്ഷിക്കുന്നു.

പി എം എ വൈ പദ്ധതിക്കായി റോഡുകൾ ശുപാർശ ചെയ്യുന്നത് ജില്ലാപഞ്ചായത്ത് ആണെന്നിരിക്കെ അത്തരത്തിലുള്ള

ഓവർ ലാപ്പിംഗും ഒഴിവാക്കപ്പെടേണ്ടതായിരുന്നു.

ഇതുമായി ബന്ധപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ നല്കിയ മറുപടിയിൽ മറ്റു ഏജൻസികൾ ഏറ്റെടുക്കുന്ന റോഡുകളുടെ വിവരം ആ ഓഫീസിൽ ലഭ്യമാകുന്നില്ല എന്നാണ് അറിയിച്ചത്. സ്ഥലപരിശോധനയുടെയും വ്യക്തമായ മേൽത്തട്ട് നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് പദ്ധതികൾ തയ്യാറാക്കേണ്ടതെന്നിരിക്കെ പ്രസ്തുത മറുപടി തൃപ്തികരമല്ല

2018-19 സാമ്പത്തിക വർഷം ജില്ലാതലത്തിൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനായി ഏറ്റെടുത്ത പദ്ധതി പൂർത്തിയായതായി അറിയിച്ചിട്ടുണ്ടെങ്കിലും റോഡുകളുടെ നിജസ്ഥിതി/ഓവർലാപ്പിംഗ് തുടങ്ങിയവ പരിശോധിച്ച് ഉറപ്പു വരുത്താവുന്ന രീതിയിൽ പ്രസ്തുത സംവിധാനം വികസിപ്പിച്ചെടുക്കാൻ സാധിച്ചിട്ടില്ല എന്നതും തല്പരകക്ഷികൾക്ക് പരിശോധിക്കാനാവും വിധം മാറ്റങ്ങൾ വരുത്താത്തതും അപാകമാണ്. (ഏതൊരാൾക്കും കണ്ണൂർ ജില്ലയിലെ റോഡുകളുടെ വിവരങ്ങൾ R-Track App വഴി ലഭ്യമാകുമെന്നതും പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങളിലൊന്നായിരുന്നു എന്നകാര്യവും ശ്രദ്ധിക്കുക)

ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കുന്ന ഭൂരിഭാഗം റോഡു പ്രവൃത്തികളും ഏതെങ്കിലും പഞ്ചായത്തുകളുടെ പരിധിയിൽ മാത്രം ഒതുങ്ങിനില്ക്കുന്നവയാണ്. അതുകൊണ്ടു തന്നെ ഗ്രാമ/ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകളുടെ അറിവോടും രേഖാമൂലമുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിലും മാത്രം പദ്ധതികൾ ഏറ്റെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-54 റോഡ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തിയിട്ടില്ല

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 22.02.18 ലെ ഡി ബി3/4620/12/സി ഇ നമ്പർ സർക്കുലറിൽ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും നടപ്പാക്കുന്ന 25% റോഡ് ടാറിംഗ് പ്രവൃത്തികളിലെങ്കിലും ഷ്രഡഡ് പ്ലാസ്റ്റിക്ക് കൂടി ഉൾപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് ഓഡിറ്റ് വർഷം നടപ്പാക്കിയ പദ്ധതികളിലും ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തിട്ടില്ല. സർക്കാർ നിർദ്ദേശം പാലിച്ചു കൊണ്ട് പദ്ധതികൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-55 ഇ ടെണ്ടർ - ടെണ്ടർ ഫീസ് , ജി എസ് ടി - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – എക്സിക്യൂട്ടീവ് എഞ്ചിനീയർ

ജില്ലാ പഞ്ചായത്തിന്റേയും ജില്ലയിലെ ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളുടേയും ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെയും വാങ്ങലുകളുടെയും ടെണ്ടർ ഫോറങ്ങളുടെ വില, മൂല്യവർധിത നികുതി, നിരതദ്രവ്യം എന്നിവ ഓൺലൈൻ ആയി നിക്ഷേപിക്കുന്നത് ജില്ലാ പഞ്ചായത്തിലെ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് (നം.67271686401, എസ് ബി ഐ). 30-10-2014 തീയതിയിൽ ആരംഭിച്ച് 03-02-2015 ന് ഇടപാടുകൾ തുടങ്ങിയ പ്രസ്തുത അക്കൗണ്ടിൽ 31-03-2018 ന് 1,70,17,038/- രൂപയും 31.03.19 ന് 26546860/- രൂപയും 31.03.2020 തീയതിയിൽ 31441448/- രൂപയും നീക്കിയിരിപ്പുണ്ട്.

ഓൺലൈൻ സംവിധാനം വഴി തുക നിക്ഷേപിക്കുവാനും തുക തിരികെ നൽകുവാനും സാധിക്കുന്ന ഈ അക്കൗണ്ടിലെ നീക്കിയിരിപ്പിന്റെ കൃത്യത അറിയുന്നതിനാവശ്യമായ രേഖകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ സൂക്ഷിക്കുന്നില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്ന തുക ഏത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് നല്കേണ്ടതാണെന്നതും ജില്ലാ പഞ്ചായത്തിന് ലഭിക്കേണ്ട തുക എത്രയെന്നും നാളിതു വരെ തിട്ടപ്പെടുത്തപ്പെട്ടിട്ടില്ല.

ജില്ലാ പഞ്ചായത്തിന്റേയും ജില്ലയിലെ ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളുടേയും പ്രവൃത്തികളുടെ ഇ-ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫോറങ്ങളുടെ വില, ജി.എസ്.ടി, നിരതദ്രവ്യം എന്നിവയാണ് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ളത്.

തനത് ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത്, ജില്ലയിലെ മറ്റ് ബ്ലോക്ക് – ഗ്രാമപഞ്ചായത്തുകൾ എന്നിവയുടെ അക്കൗണ്ടുകളിലേക്ക് മാറ്റാതെ കോടിക്കണക്കിന് രൂപ നിഷ്ക്രിയാവസ്ഥയിൽ പലിശരഹിത അക്കൗണ്ടിൽ സൂക്ഷിച്ചു വരുന്നത് ശരിയായ നടപടിയല്ല .

വാർഷിക ധനകാര്യ പത്രികയിൽ ജില്ലാ പഞ്ചായത്തിനുള്ള വരുമാനം ബന്ധപ്പെട്ട വരുമാന ഹെഡിലും, ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾക്കും, സംസ്ഥാന സർക്കാരിനുള്ള വിഹിതം ബാധ്യത ഹെഡിലും അക്കൗണ്ട് ചെയ്യുന്നില്ല. കൂടാതെ പ്രസ്തുത വരവ് സംബന്ധിച്ച രജിസ്റ്ററുകളോ മറ്റ് അനുബന്ധ രേഖകളോ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല.

നികുതി യഥാസമയം ഒടുക്കാത്തത്

കേന്ദ്ര, സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കു വരുത്തേണ്ട മൂല്യവർദ്ധിത നികുതി/ജി എസ് ടി ഇനത്തിലുള്ള തുകയും യഥാസമയങ്ങളിൽ അടക്കാതെ പ്രസ്തുത അക്കൗണ്ടിൽ തന്നെ നിലനിർത്തുകയാണ് ചെയ്യുന്നത്. ഇടപാടുകൾ ആരംഭിച്ച തീയതി മുതലുള്ള മൂല്യവർദ്ധിത നികുതിയും ജി എസ് ടിയും നാളിതു വരെ വേർതിരിച്ചെടുത്ത് ഒടുക്കു വരുത്തിയിട്ടില്ല.

സമയബന്ധിതമായി നികുതി ഒടുക്കു വരുത്താതിരുന്നാൽ പിഴപ്പലിശയിനത്തിൽ വൻ ബാധ്യതയാണ് ജില്ലാ പഞ്ചായത്തിന് ഉണ്ടാവുക എന്ന കാര്യവും ശ്രദ്ധയിൽപെടുത്തുന്നു ( മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും ഇക്കാര്യം പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല).

## 1-56 ജി വി എച്ച് എസ് എസ് ഇടയന്നൂർ - ആർ എം എസ് എ സഹായത്തോടെ സ്കൂൾ കെട്ടിട നിർമ്മാണം - അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ – 364/20

അടങ്കൽ -38,00,000/-(19,90,000/-വികസന ഫണ്ട്, 18,10,000/- ആർ എം എസ് എ വിഹിതം)

ചെലവ് 9,05,000/-(ചെക്ക് നമ്പർ 5762097/03.03.2020)

എഗ്രിമെന്റ് എൽ എസ് ജി ഡി/എഇഇ/162/18-19 തീയതി 17.11.18

എം ബുക്ക് 597/18-19,286/18-19

കരാറുകാരൻ ശ്രീ സന്തോഷ് പി

എഗ്രീഡ് പി എ സി - ₹ 29,83,045

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിയുടെ ആകെ പ്രവൃത്തി മൂല്യം 2976594/- രൂപയാണ് . ഇതിൽ 19,90,000/- രൂപ വികസന ഫണ്ടിൽ നിന്നും ( 2019-20 ൽ ക്യൂ ബിൽ) 905000/- രൂപ ആർ എം എസ് എ ഫണ്ടിൽ നിന്നുമാണ് നല്കിയത്(അതിനു ശേഷം ആർ എം എസ് എ ഫണ്ട് നല്കിയിട്ടുണ്ടോ എന്ന് ഫയലിൽ നിന്ന് വ്യക്തമല്ല). അടങ്കൽ തുകയ്ക്ക് ആനുപാതികമായി ആർ എം എസ് എ ഫണ്ട് ചെലവഴിക്കാതെ വികസന ഫണ്ട് മുഴുവനായും ഉപയോഗപ്പെടുത്തിയ ശേഷം അവശേഷിക്കുന്ന തുക ആർഎം എസ് എ ഫണ്ടിൽ നിന്നും നല്കിയത് ശരിയല്ല.

2.പുതിയ കെട്ടിടം പണിയുന്നതിനായി കിഴക്കു ഭാഗത്തുള്ള പഴയ ഓടിട്ട കെട്ടിടം പൊളിച്ചു മാറ്റി സാധനങ്ങൾ പത്തു ദിവസത്തിനകം നീക്കം ചെയ്യുന്നതിനായി ശ്രീ ഇർഷാദ് എൻ പി എന്ന വ്യക്തി ഹെഡ്മിസ്ട്രസ്സുമായി കരാറിലേർപ്പെട്ടതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി 50000രൂപ ഹെഡ്മിസ്ട്രസിന് കൈമാറിയതായും എഗ്രിമെന്റിൽ ചേർത്തിട്ടുണ്ട്. പ്രസ്തുത തുക ജില്ലാ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല.

3.6.11.19 ന് പൂർത്തിയാക്കിയ പ്രവൃത്തിയുടെ അവസാന ബിൽ ഓഡിറ്റ് വർഷം നല്കിയിട്ടില്ല

4.ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കായി എൽ എസ് പ്രൊവിഷൻ നല്കിയതല്ലാതെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം ആരാഞ്ഞു കൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 52/11.11.20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതും ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-57 പൂവം കല്യാട് റോഡ് - പദ്ധതി നിർവ്വണത്തിലെ അപാകങ്ങൾ- 859087/-രൂപ തടസത്തിൽ വെക്കുന്നു, 12138/- രൂപ തിരിച്ചു പിടിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ 683/19-20(66/18-19)

അടങ്കൽ 4500000 (വികസന ഫണ്ട്-ജനറൽ)

ചെലവ് 4296980 രൂപ(ബിൽ നമ്പർ 140/19-20 തീയതി 06.09.19)

എഗ്രിമെന്റ് എൽ എസ് ജി ഡി/എഇഇ/ 213/18-19 തീയതി 05.01.19

എം ബുക്ക് 358/18-19

കരാറുകാരൻ ശ്രീ ഷബീർ കെ ടി (4359154/- രൂപ- എഗ്രീഡ് പി എ സി)

പ്രസ്തുത റോഡിന്റെ 2/250 മുതൽ 2/890 വരെയുള്ള റീച്ചിൽ മെക്കാഡം ടാറിംഗ് നടത്തുന്നതിനു വേണ്ടി തയ്യാറാക്കിയ പദ്ധതിയാണിത്. മോർത്ത് സ്പെസിഫിക്കേഷൻ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഹെവി ട്രാഫിക്ക് കാരണം റോഡ് തകർന്നു പോയതിനാൽ റോഡ് പുനർനിർമ്മാണത്തിനു വേണ്ടിയുള്ളതാണ് ഈ പദ്ധതി. പദ്ധതി

നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1. ഇനം 8 ൽ ,640 മീറ്റർ നീളത്തിലും 3.8 മീറ്റർ വീതിയിലും ബി എം വർക്കും (5.3.2a) ഇനം 9ൽ, ഇതേ നീളത്തിലും വീതിയിലും ബി സി വർക്കുമാണ് (5.6.2a) ഉൾപ്പെടുത്തിയിരുന്നത്. ഇനം 9 ൽ എൻ ആർ എം ബി ഉപയോഗിച്ചുള്ള ബിറ്റുമിനസ് കോൺക്രീറ്റിംഗാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതും എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം കരാറുകാരൻ ചെയ്യാൻ ബാധ്യസ്ഥനായിട്ടുള്ളതും. എന്നാൽ മിക്സ് ഡിസൈൻ റിപ്പോർട്ടിൽ വി ജി 30 ഉപയോഗിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

എഗ്രിമെന്റിൽ നിന്നുള്ള വ്യതിചലനത്തിന്റെ കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല. കൂടാതെ എം ബുക്കിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള സ്പെസിഫിക്കേഷനിൽ പ്രവൃത്തി ചെയ്തതായാണ് രേഖപ്പെടുത്തിയത്.

2.മോർത്ത് സ്പെസിഫിക്കേഷൻ പ്രകാരമുള്ള വി ജി 30 ഉപയോഗിച്ചുള്ള ബി സി വർക്കിനുള്ള സ്പെസിഫിക്കേഷൻ , ഡാറ്റ ഇവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. പ്രൈസിൽ ഡാറ്റ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മോഡിഫൈഡ് / ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കാതെ വി ജി 30 യും എൻ ആർ എം ബി യും തമ്മിലുള്ള വിലവ്യത്യാസം മാത്രം ഈടാക്കിയത് ശരിയായ നടപടിയല്ല.

3.ഇത്തരത്തിലുള്ള വ്യതിചലനത്തിന് കരാറുകാരന് രേഖാമൂലമുള്ള അനുമതി നല്കാതെ പ്രവൃത്തി പൂർത്തിയായ ശേഷം വിലവ്യത്യാസം മാത്രം കുറവു ചെയ്യുകയാണുണ്ടായത്.

4. റോഡിന്റെ ഗുണനിലവാരത്തിൽ വ്യത്യാസം വരുന്ന രീതിയിലുള്ള വ്യതിചലനം അനുവദിച്ചതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. 2020-21 (13.05.2020)സാമ്പത്തിക വർഷം ചീഫ് എഞ്ചിനീയർ നല്കിയ കത്തിൽ എൻ ആർ എം ബി ലഭ്യമല്ലെങ്കിൽ വി ജി30 ഉപയോഗിക്കാമെന്നും എൻ ആർ എം ബി ലഭ്യമല്ല എന്ന കാര്യം സാക്ഷ്യപ്പെടുത്തേണ്ടതുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. 19-20 ലെ പ്രവൃത്തിക്ക് പ്രസ്തുത കത്തിലെ നിർദ്ദേശങ്ങൾ ബാധകമാക്കിയതിനും വ്യത്യസ്ത തരത്തിലുള്ള സാധനങ്ങൾ ഉപയോഗപ്പെടുത്തിയത് കാരണം രേഖപ്പെടുത്താത്തതിനും വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

5.കരാറുകാരന്റെ ഭാഗത്തു നിന്നും പ്രവൃത്തി നിർവ്വഹണ വേളയിൽ ഇതു സംബന്ധിച്ച എന്തെങ്കിലും അപേക്ഷ ലഭ്യമായിരുന്നതായി ഫയൽ പരിശോധനയിൽ ശ്രദ്ധയിൽ പെട്ടിട്ടില്ല

6.കംപാരിറ്റീവ് സ്റ്റേറ്റ്മെന്റിൽ As Per Actual എന്നു മാത്രമാണ് കാരണമായി രേഖപ്പെടുത്തിയത്. ഇനത്തിൽ മാറ്റം വരുത്തിയിട്ടുമില്ല.

7. എല്ലാ ഇനങ്ങളും എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം പൂർത്തീകരിച്ചിട്ടുണ്ടെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത്.ബില്ല് തയ്യാറാക്കുമ്പോൾ മാത്രമാണ് വ്യത്യാസം ഉൾപ്പെടുത്തിയിട്ടുള്ളത്.

സി പി & ഒ എച്ച് ഉൾപ്പെടെയുള്ള നിരക്കാണ് കരാറുകാരന് നല്കിയതെങ്കിലും വിലവ്യത്യാസം കണക്കാക്കുമ്പോൾ ആയത് പരിഗണിച്ചിട്ടില്ല. ആയതിനാൽ കരാറുകാരന് അധിക തുക നല്കാനിടയായിട്ടുണ്ട്. അധികം നല്കിയ തുക തിരിച്ചു പിടിക്കേണ്ടതാണ്.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഉപയോഗിച്ച വിജി 30 ബിറ്റുമിന്റെ അളവ് 9.79415MT

വില വ്യത്യാസം കണക്കാക്കിയത്

NRMB (റബർ മോഡിഫൈഡ് ബിറ്റുമിൻ) വില (എസ്റ്റിമേറ്റ് നിരക്ക് പ്രകാരം) 51412.6/MT

VG30വില (എസ്റ്റിമേറ്റ് നിരക്ക് പ്രകാരം) 45453.6/MT

വില വ്യത്യാസം 5959/MT

എസ്റ്റിമേറ്റിൽ ഇപ്രകാരം കണക്കാക്കിയ നിരക്കിനോട് കരാറുകാരന്റെ ലാഭവിഹിതവും ഓവർഹെഡ് ചാർജ്ജുസും (10+10) ഉൾപ്പെടുത്തിയാണ് പ്രസ്തുത ഇനത്തിന്റെ നിരക്ക് കണ്ടെത്തി അനുവദിച്ചതെന്നിരിക്കെ , വിലവ്യത്യാസം കണക്കാക്കുമ്പോൾ കരാറുകാരന്റെ ലാഭവിഹിതവും ഓവർഹെഡ് ചാർജ്ജുസും ഒഴിവാക്കിയതിനാൽ കണക്കുകൂട്ടിയതിൽ പിഴവു വന്നിട്ടുണ്ട്

വിലവ്യത്യാസം 5959/MT

10% CP 595.9

10%OH 655.49

ആകെ 7210.39രൂപ

ഈടാക്കേണ്ട നിരക്ക് 7210.39രൂപ/MT

ഈടാക്കിയത് 5959/MT

വ്യത്യാസം 1251.39/MT

അധികം 9.79415MT@1251.39=12256.3/- രൂപ

ടെണ്ടർ കുറവ് .9637% =118.11

അധികം നല്കിയ തുക 12256.3-118.11=12138/- രൂപ

അധികം നല്കിയ തുക തിരികെ ഈടാക്കേണ്ടതും അപാകങ്ങൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. പ്രസ്തുത ഇനത്തിനു (ഇനം 9) വേണ്ടി ചെലവഴിച്ച തുകയിൽ മേൽപ്പറഞ്ഞ തുക കഴിച്ചുള്ള 859087/- രൂപ തടസത്തിൽ വെക്കുന്നു.

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 60/17.11.2020ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 14.10.2020, 28.10.2020, 30.10.2020 | KSA/KNR/C17/686/2021 തീയ്യതി: 29-12-2021 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വരിഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്തുകൾ | 2019-20 | 100000 | എ ബി സി പദ്ധതി | 0 | 100000 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ / ചെക്ക് നമ്പർ | തുക | ചെല വഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ചെല വഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| കെ എസ് ഇ ബി | ജില്ലാ പഞ്ചായത്ത് ഘടക സ്ഥാപനങ്ങളിൽ ഗ്രിഡ് ബന്ധിത റൂഫ് ടോപ്പ് സോളാർ പാനൽ സിസ്റ്റം | | 28200000 | 0 | -- | 28200000 |

| | | | | | | |
|---|---|---|---|---|---|---|
| | സ്ഥാപിക്കൽ | | | | | |
| കെ എസ് ഇ ബി | കല്ല്യാശ്ശേരി അപ്പാരൽ പാർക്കിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ | | 80000 | 77701 | -- | 2299 |
| കെ എസ് എച്ച് ബി | ലൈഫ് ഭവന പദ്ധതി ഏഴോം ഗ്രാമ പഞ്ചായത്തിൽ എസ് സി കുടുംബങ്ങൾക്ക് പാർപ്പിട സമുച്ചയ നിർമ്മാണം | | 20000000 | 0 | -- | 20000000 |
| കെ എസ് ഇ ബി | വിവിധ സ്കൂളുകൾക്ക് ത്രീ ഫേസ് കണക്ഷൻ | | 500000 | 0 | -- | 50000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| ക്രമ നം | പ്രോജക്ട് നം | പ്രോജക്റ്റിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | നിർവ്വഹണ ഏജൻസി | നൽകിയ തുക |
|---|---|---|---|---|---|
| 1 | 355/20 | ജില്ലാ പഞ്ചായത്ത് ഓഫിസ് മൂന്നാം നില നിർമ്മാണം | സെക്രട്ടറി | നിർമ്മിതി കേന്ദ്ര | 6000000 |
| 2 | 355/20 | ജില്ലാ പഞ്ചായത്ത് ഓഫിസ് മൂന്നാം നില നിർമ്മാണം | സെക്രട്ടറി | നിർമ്മിതി കേന്ദ്ര | 6000000 |
| 3 | 411/20 | ന്യൂ മാഹി പാർക്ക് നിർമ്മാണം | സാമൂഹ്യ നീതി ഓഫീസർ | നിർമ്മിതി കേന്ദ്ര | 4000000 |
| 4 | 411/20 | ന്യൂ മാഹി പാർക്ക് നിർമ്മാണം | സാമൂഹ്യ നീതി ഓഫീസർ | നിർമ്മിതി കേന്ദ്ര | 4000000 |
| 5 | 351/20 | ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണം | സെക്രട്ടറി | നിർമ്മിതി കേന്ദ്ര | 1900000 |
| 6 | 351/20 | ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണം | സെക്രട്ടറി | നിർമ്മിതി കേന്ദ്ര | 1900000 |
| 7 | 412 | ആരോഗ്യം മൂന്നാം നില നിർമ്മാണം | ഡെ.ഡയരക്ടർ വിദ്യാഭ്യാസം | നിർമ്മിതി കേന്ദ്ര | 4000000 |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 647454 |
| തൻവർഷം നിക്ഷേപിച്ച തുക | 42442 |
| ആകെ | 689896 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 689896 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | സിണ്ടിക്കേറ്റ് ബാങ്ക് | 17-12-2019 | 1 വർഷം | 689896 | -- |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 15750/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേര് | രശീത് നം.തീയ്യതി |
|---|---|---|---|---|
| 2016-17 | 3-2 | 1000 | ഷൈജു.എ, നൈറ്റ് വാച്ച്മാൻ | 1191501000062/7-05-19 |
| 2016-17 | 3-2 | 3000 | ഹംസ, നൈറ്റ് വാച്ച്മാൻ | 119150100065/7-05-19 |
| 2016-17 | 3-2 | 1000 | ഷൈജു.എ, നൈറ്റ് വാച്ച്മാൻ | 119150100139/13-06-19 |
| 2016-17 | 3-2 | 1000 | ഷൈജു.എ, നൈറ്റ് വാച്ച്മാൻ | 119150100283/7-08-19 |
| 2016-17 | 3-2 | 9750 | ഷൈജു.എ, നൈറ്റ് വാച്ച്മാൻ | 119150100812/29-02-20 |
| ആകെ | | ₹15750 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലെ തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഓഡിറ്റ് വർഷം ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം/ ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1 | 2003-04<br>2-11 | 2007-08<br>3-1(64) | വനിതാ വ്യവസായ എസ്റ്റേറ്റ് ₹54.8 ലക്ഷം മുടക്കി 210 പേർക്ക് നേരിട്ടും 250 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുമെന്നുള്ള പ്രസ്തുത പദ്ധതി ലക്ഷ്യം കണ്ടില്ല | തുടരുന്നു. 5-5-14ന് എച്ച് 1144/14 കത്ത് പ്രകാരം ഗവ. സെക്രട്ടറി തദ്ദേശ സ്വയം ഭരണ വകുപ്പിന് മറുപടി സമർപ്പിച്ചു. |
| 2 | 2002-03<br>3-8(2) | 2006-07<br>3.97.1 | കേന്ദ്രാവിഷ്കൃത പദ്ധതി പ്രവൃത്തിക്ക് ആവശ്യമായതിനെക്കാൾ കൂടുതൽ ധാന്യം അനുവദിച്ച | തുടരുന്നു. 5-5-14ന് എച്ച് 1144/14 കത്ത് പ്രകാരം ഗവ. സെക്രട്ടറി തദ്ദേശ സ്വയം ഭരണ വകുപ്പിന് |

| | | | | |
|---|---|---|---|---|
| | | | | മറുപടി സമർപ്പിച്ചു.<br>തുടരുന്നു<br>5-12-14 ലെ എച്ച്.1144/14 കത്ത് പ്രകാരം ഗവ. സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പിന് മറുപടി സമർപ്പിച്ചു |
| 3 | 2002-03<br>3-16 | 2006-07<br>3.97.2 | പ്രവൃത്തിയുടെ സമയ ബന്ധിതമായ പൂർത്തീകരണം ടെണ്ടർ നിബന്ധന പാലിക്കുന്നില്ല | |
| 4 | 2002-03<br>3-25 | 2006-07<br>3.97.3 | പ്രോജക്ട് ലക്ഷ്യത്തിൽ നിന്നുള്ള വ്യതിചലനം വർക്ക് സ്ലിപ്പിലെ അടിസ്ഥാനമില്ലാത്ത പരാമർശങ്ങൾ | |
| 5 | 2003-04<br>2-3 | 2007-08<br>3.1 | കല്യാശ്ശേരി വയൽ നെൽകൃഷി വികസനം പാറക്കടവ് കുളം ആഴം കൂട്ടി പമ്പ്സെറ്റ് സ്ഥാപിച്ച് ജലസേചനം നടത്താൻ ₹7,16,449 ചെലവഴിച്ച് പൂർത്തിയാക്കേണ്ട പ്രവൃത്തി നാളിതുവരെ പൂർത്തിയായിട്ടില്ല. | |
| 6 | 2003-04<br>2-14 | 2007-08<br>3.65.1 | പനയത്താംപറമ്പ് ശുദ്ധജല വിതരണ പദ്ധതി- പ്രവൃത്തി മൂല്യത്തേക്കാൾ തുക നല്കി- പദ്ധതി പൂർത്തിയായിട്ടില്ല. | |
| 7 | 2005-06<br>3-1 | 2008-09<br>3.2.4 | സമ്പൂർണ്ണ ശുചിത്വ പരിപാടിക്ക് അനുവദിച്ച തുക മാറ്റി ചെലവഴിച്ചത് | |
| 8 | 2008-09<br>3-19 | 2011-12<br>2.6(20) | സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ പദ്ധതി നടപടിക്രമം പാലിക്കുന്നില്ല | തുടരുന്നു |
| 9 | 2008-09<br>3-19 | 2012-13<br>3.2.6(11) | കൃഷി ഫാമുകളും കാർഷികാഭിവൃദ്ധിയും കരിമ്പം ഫാമിലെ ഫാം കൗൺസിൽ പ്രവർത്തനം കാര്യക്ഷമമല്ല | തുടരുന്നു |
| 10 | 2000-01<br>&<br>2001-02 | 2004-05<br>3-13(111)(2) | ഡെൽക്കോ - സഹകരണ മേഖലയിലെപദ്ധതികളിൽ ലക്ഷങ്ങളുടെ ക്രമക്കേട് | തുടരുന്നു.റവന്യൂറിക്കവറി നടപടിയിലൂടെ<br>₹1127665 റസീറ്റ് നമ്പർ 11415400824/11-2-2015 പ്രകാരം തഹസിൽദാർ RR തലശ്ശേരി ഒടുക്കിയിട്ടുണ്ട് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 630061983 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 691954603 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 13744 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 94099411 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-50 | ഇല്ല | 1606 | ശ്രീമതി. ഷെമി.ടി.കെ, അസി. എക്സി.എഞ്ചിനീയർ |
| 1-57 | | 12138 | ശ്രീമതി. ജാൻസി, അസി. എക്സി.എഞ്ചിനീയർ |
| ആകെ | | 13744 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 55835 | ശ്രീമതി സുലജ പി, ജില്ലാ വനിതാ ശിശു ക്ഷേമ ഓഫീസർ |
| 1-14 | 400000 | ശ്രീ. വി ചന്ദ്രൻ,സെക്രട്ടറി |
| 1-15 | 450000 | ശ്രീ. വി ചന്ദ്രൻ, സെക്രട്ടറി |
| 1-16 | 150357 | ശ്രീ. വി ചന്ദ്രൻ, സെക്രട്ടറി |
| 1-17 | 1250000 | ശ്രീ. വി ചന്ദ്രൻ, സെക്രട്ടറി |
| 1-18 | 2500000 | ശ്രീ. വി ചന്ദ്രൻ, സെക്രട്ടറി |
| 1-19 | 458500 | ശ്രീ. വി ചന്ദ്രൻ, സെക്രട്ടറി |
| 1-20 | 43309 | ശ്രീ. വി ചന്ദ്രൻ, സെക്രട്ടറി |
| 1-23 | 306243 | ശ്രീ. ബിജു ജോസഫ്, കൃഷി അസി.ഡയരക്ടർ, പാലയാട് |
| 1-28 | 21681291 | ശ്രീ. പവിത്രൻ തൈക്കണ്ടി, ജില്ലാ സാമൂഹ്യനീതി ഓഫീസർ |
| 1-30 | 296637 | ശ്രീ. സനകൻ പി.വി, ഡി.ഡി.പൊതുവിദ്യാഭ്യാസം |
| 1-31 | 2995020 | ശ്രീമതി നിർമ്മലാ ദേവി ടി.പി, ഡി.ഡി.പൊതുവിദ്യാഭ്യാസം |
| 1-33 | 5000000 | ഡോ. രാജീവൻ വി.കെ, സൂപ്രണ്ട് ജില്ലാ ആശുപത്രി |
| 1-37 | 12000000 | ശ്രീ. നരായണൻ പി.വി, ജില്ലാ സാമൂഹ്യ നീതി |

| | | |
|---|---|---|
| | | ഓഫീസർ |
| 1-39 | 443184 | ശ്രീ. വി ചന്ദ്രൻ, സെക്രട്ടറി |
| 1-42 | 1389596 | ശ്രീമതി ജാൻസി, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-43 | 3511179 | ശ്രീമതി ജാൻസി, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-45 | 40000000 | ശ്രീ. വി ചന്ദ്രൻ, സെക്രട്ടറി |
| 1-54 | 309173 | ശ്രീ. ബിജോയ് കെ.എൻ, അസി. എഞ്ചിനീയർ |
| 1-57 | 859087 | ശ്രീമതി ജാൻസി, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 94099411 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വി.ചന്ദ്രൻ, സെക്രട്ടറി | സെക്രട്ടറി,<br>കണ്ണൂർ ജില്ലാ പഞ്ചായത്ത് | ഋഷീഹർഷം, കീച്ചേരി പി.ഒ, പാപ്പിനിശ്ശേരി |
| ഡോ.രാജീവൻ.വി.കെ<br>സൂപ്രണ്ട്, ജില്ലാ ആശുപത്രി | സൂപ്രണ്ട്, ജില്ലാ ആശുപത്രി | അഭയം,കണക്കോട്.<br>വെള്ളൂരട |
| ഡി.ഡി.ഇ,<br>നിർമ്മലാദേവി.ടി.പി | വിരമിച്ചു | ഹരിപ്രിയ, ഉമ്മംചിറ, തലശേരി |
| നാരായണൻ.പി.പി, ജില്ലാ സാമൂഹ്യ നീതി ഓഫീസർ | ജില്ലാ സാമൂഹ്യ നീതി ഓഫീസർ, കണ്ണൂർ | നന്ദനം,<br>പരിയാരം.പി.ഒ,<br>കടന്നപ്പള്ളി |
| ഷമി.ടി.കെ,<br>അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ,<br>എൽ.എസ്.ജി.ഡി.<br>ഡിവിഷൻ,പാനൂർ | പടിപ്പുര, നിയർ യൂണിവേഴ്സിറ്റി സെന്റർ, പാലയാട് |
| ബിജോയ്.കെ.എൻ,<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ | എക്സി.എഞ്ചിനീയർ | നന്ദനം, ഇ.എം എസ് ഹൗസിംഗ് കോളനി, ചിറക്കൽ |
| ശ്രീ. പവിത്രൻ തൈക്കണ്ടി,<br>ജില്ലാ സാമൂഹ്യനീതി<br>ഓഫീസർ | ജില്ലാ സാമൂഹ്യനീതി<br>ഓഫീസർ, കോഴിക്കോട് | വിനായകം, ക്രഷർ റോഡ്, കീഴൂർ കുന്ന്, ഇരിട്ടി |
| ശ്രീ. സനകൻ പി.വി,<br>ഡി.ഡി.പൊതുവിദ്യാഭ്യാസം | ഡി.ഇ.ഒ, കണ്ണൂർ | കൗസ്തുഭം, പാലയാട്<br>തലശ്ശേരി |
| ശ്രീമതി സുലജ പി, ജില്ലാ<br>വനിതാ ശിശു ക്ഷേമ<br>ഓഫീസർ | ജില്ലാ വനിതാ സംരക്ഷണ<br>ഓഫീസർ, കണ്ണൂർ | സുലജാ നിവാസ്,<br>ശങ്കരനെല്ലൂർ,<br>കൂത്തുപറമ്പ |

| | | |
|---|---|---|
| ശ്രീമതി ജാൻസി, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD, കണ്ണൂർ | കിഴക്കേപടവത്ത് ഹൗസ്, പായം, പി.ഒ.എട്ടൂർ, ഇരിട്ടി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്/സി.6/818/98 തീയതി 20-07-1999 | 52 |
| 1997-98 | എൽ.എഫ്/സി.6/510/99 തീയതി 2-11-1999 | 44 |
| 1998-99 | എൽ.എഫ്/സി.6/845/00 തീയതി 14-08-2001 | 79 |
| 1999-00 | എൽ.എഫ്/സി.3/927/03 തീയതി 13-01-2004 | 73 |
| 2000-01 | എൽ.എഫ്/സി.3/465/03 തീയതി 21-07-04 | 46 |
| 2001-02 | എൽ.എഫ്/സി.3/471/04തീ.17-09-2004 | 24 |
| 2002-03 | എൽ.എഫ്/സി.3/153/06 തീയതി 16-11-2006 | 41 |
| 2003-04 | എൽ.എഫ്/സി.4/1467/06 തീയതി 4-07-07 | 38 |
| 2004-05 | എൽ.എഫ്/സി.4/608/07തീയതി 1-09-2008 | 42 |
| 2005-06 | എൽ.എഫ്/സി.4/2300/07 തീയതി 16-10-08 | 30 |
| 2006-07 | എൽ.എഫ്/സി.4/554/08 തീയതി 3-12-2009 | 46 |
| 2007-08 | എൽ.എഫ്/കെ.എൻ.ആർ/സി.9/542/09 തീയതി 17-01-2011 | 36 |
| 2008-09 | എൽ.എഫ്/കെ.എൻ.ആർ/സി.9/320/10 തീയതി 20-01-2011 | 57 |
| 2009-10 | എൽ.എഫ്/കെ.എൻ.ആർ/സി.9/1769/11 തീയതി 24-01-2012 | 32 |
| 2010-11 | എൽ.എഫ്/കെ.എൻ.ആർ/സി.11/1269/12 തീയതി 31-5-2013 | 87 |
| 2011-12 | എൽ.എഫ്/കെ.എൻ.ആർ/സി.11/1170/13 തീയതി 30-6-2014 | 74 |
| 2012-13 | എൽ.എഫ്/കെ.എൻ.ആർ/സി.11/913/14 തീയതി 21-1-2015 | 66 |
| 2013-14 | എൽ.എഫ്/കെ.എൻ.ആർ/സി.11/636/15 തീയതി 7-8-2015 | 45 |
| 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.11/2027/15 തീയതി 3-2-2016 | 43 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.16/683/15 തീയതി 22-05-2017 | 31 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.16/2010/17 തീയതി 05-01-2018 | 64 |
| 2017-18 | കെ എസ് എ/കെ എൻ ആർ/സി-17 1940/2018 തീയ്യതി 26/09/2019 | 60 |
| 2018-19 | കെ എസ് എ/കെ എൻ ആർ/സി-17/125/2020 തീയ്യതി 18-08-2020 | 53 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Kannur District Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 188595260.60 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 0.0 |
| 140000000 | Fees & User Charges | RP-4 | 1784815.00 |
| 150000000 | Sale & Hire Charges | RP-5 | 23754768.00 |
| 151000000 | Receipts from Transferred Institutions | RP-6 | 3769269.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 523800531.00 |
| 171000000 | Interest Earned | RP-9 | 3583011.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 64059799.00 |
| 350000000 | Other Liabilities | RP-36 | 117787.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 181698.00 |
| 340000000 | Deposits Received | RP-34 | 225637.00 |
| 350000000 | Other Liabilities | RP-36 | 3420566.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4404102.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 960000.00 |
| | Grand total | | 818657243.60 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 5733594.00 |
| 220000000 | Administrative Expenses | RP-12 | 3578738.00 |
| 230000000 | Operations & Maintenance | RP-13 | 1760453.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 31206432.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 114927632.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 38306267.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 257832.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 32760132.00 |
| 255000000 | Maintenance Projects | RP-20 | 217396382.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 0.0 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 4550127.00 |
| 280000000 | Prior Period item | RP-26 | 8443550.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 24111160.00 |
| 350000000 | Other Liabilities | RP-36 | 22026405.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 11254.00 |
| 340000000 | Deposits Received | RP-34 | 964199.00 |
| 350000000 | Other Liabilities | RP-36 | 7710655.00 |
| 410000000 | Fixed Assets | RP-38 | 6797768.00 |
| 412000000 | Capital work in Progress | RP-40 | 109340267.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 62071756.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 126702640.60 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 818657243.60 |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Kannur District Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 5215880.00 |
| 140000000 | Fee & User Charges | I-4(b) | 1784815.00 |
| 150000000 | Sale & Hire Charges | I-5(b) | 23754768.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 3769269.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 524597437.00 |
| 170000000 | Income from Investments | I-7 | 84064.00 |
| 171000000 | Interest Earned | I-8 | 3583011.00 |
| 180000000 | Other Income | I-9 | 181698.00 |
| | Total Income | | 562970942.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 17540657.00 |
| 220000000 | Administrative Expenses | I-11(b) | 3600316.00 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | I-12(b) | 1948513.00 |
| 240000000 | Interest & Finance Charges | I-13 | 11254.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 31206432.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 114927632.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 87069870.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 257832.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 32760132.00 |
| 255000000 | Maintenance Projects | I-14(e) | 217396382.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 0.0 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 25550127.00 |
| 272000000 | Depreciation | I-17(a) | 52002928.00 |
| | Total Expenditure | | 584272075.00 |
| | Gross Surplus/ Deficit of income over Expenditure | | -21301133.00 |
| 280000000 | Prior Period Item | I-18 | 8922071.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -30223204.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3-3

## ബാലൻസ് ഷീറ്റ്

| Kannur District Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 294002691.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 1013288678.00 |
| | Total Reserve & Surplus | | 1307291369.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 124282879.60 |
| | Total Grants, Contributions for Specific Purposes | | 124282879.60 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 7263459.00 |
| 350000000 | Other Liabilities | B-9 | 8671302.00 |
| | Total Current Liabilities and Provisions | | 15934761.00 |

| | | | |
|---|---|---|---|
| | | | |
| | TOTAL LIABILITIES | | 1447509009.60 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 975842488.00 |
| 411000000 | Accumulated Depreciation | B-11 | -171400789.00 |
| 412000000 | Capital Work in Progress | B-11(a) | 256569286.00 |
| | Total Fixed Assets | | 1061010985.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 689896.00 |
| | Total Investments | | 689896.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 42485078.00 |
| 450000000 | Cash and Bank Balance | B-17 | 126702640.60 |
| 460000000 | Loans, Advances and Deposits | B-18 | 216620410.00 |
| | Total Current Assets, Loans and Advances | | 385808128.60 |
| | Other Assets | | |

| | |
|---|---|
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 1447509009.60 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ